പ്രിയ സഹോദരങ്ങളേ,

ഏവർക്കും സന്തോഷകരമായ ഒരു പുതുവൽസരം നേരുന്നു. പുതിയ വർഷത്തിലേക്കു കാലെടുത്തുവയ്ക്കുന്ന നമുക്കോരോരുത്തർക്കും ഈ വർഷം ഏറ്റവും ശ്രേഷ്ടമായ ഒരു വർഷമായിത്തീരണമെന്ന ആഗ്രഹമാണുള്ളത്. ദൈവകരമെന്നു പേരിട്ടിരിക്കുന്ന ഈ പ്രാർത്ഥനാസമയപാഠങ്ങൾ ഒരുക്കിയിരിക്കുന്നത് ഷൈജുസ് ഫിലിപ്പാണ്. ഇതുവായിക്കുകയും ഓരോദിവസത്തെയും വെല്ലുവിളികൾ നാം പാലിക്കുകയും ചെയ്യുമ്പോൾ നാമോരുത്തരും ദൈവത്തോടു പടി പടിയായിഅടുത്തു മുന്നോട്ടു പോവുകയും ആ വഴിയിൽ അനേകരോടു നമ്മുടെ വിശ്വാസം പങ്കുവയ്ക്കുകയും ചെയ്യാൻ കഴിയുമാറാകണമെന്നാണ് എന്റെ പ്രാർത്ഥന. മുഴുവൻ ഹൃദയത്തോടെ നമുക്കിതു ചെയ്യാം, ഇതിൽ പങ്കെടുക്കാനായി മറ്റുശിഷ്യരെ പ്രോത്സാഹിപ്പിക്കകയും ചെയ്യാം.

വ്യക്തിപരമായ ഏറ്റവും മികച്ച ഒരു വർഷമായി ഈ 2015 മാറട്ടെയെന്ന് നമുക്കെല്ലാവർക്കും ആഗ്രഹിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യാം.

സ്നേഹാദരങ്ങളോടെ,
ദിനേശ് ജോർജ്.



പാഠം 1

# ദൈവകരം

> സങ്കീ 8:1-4 ഞങ്ങളുടെ ദൈവമായ കർത്താവേ, അങ്ങയുടെ നാമം ഭൂമിയി
> ലൊക്കെയും എത്ര മഹനീയം! അവിടുന്ന് തന്റെ തേജസ്സ് ആകാശത്തിനുമീതെ
> സ്ഥാപിച്ചിരിക്കുന്നു. 2അവിടുത്തെ വൈരികൾ നിമിത്തം ശത്രുവിനെയും പ്രതി
> കാരകനെയും നിശ്ശബ്ദരാക്കുവാൻ അവിടുന്ന് ശിശുക്കളുടെയും മുലകുടിക്കുന്ന
> വരുടെയും അധരങ്ങളിൽ ബലം നിയോഗിച്ചിരിക്കുന്നു. 3അങ്ങയുടെ വിരലുക
> ളുടെ പണിയായ ആകാശത്തെയും അങ്ങ് സ്ഥാപിച്ച ചന്ദ്രനെയും നക്ഷത്രങ്ങ
> ളെയും നോക്കുമ്പോൾ, 4മനുഷ്യനെപ്പറ്റി അങ്ങ് ചിന്തിക്കുവാൻ അവൻ എന്ത്?
> മനുഷ്യപുത്രനെപ്പറ്റി അങ്ങ് കരുതുവാൻ അവൻ എന്തുമാത്രം?

ആകാശവും ഭൂമിയും കർത്താവിന്റെ മഹത്വം വിളംബരം ചെയ്യുന്നു. നിലവിലുള്ള നിഗമനങ്ങൾ വിരൽചൂണ്ടുന്നത് എണ്ണത്തിൽ നൂറുകോടിക്കും ഇരുന്നൂറു കോടിക്കും ഇടയിൽ ഗാലക്സികൾ (സൗരയൂഥങ്ങൾ) പ്രപഞ്ചത്തിൽ ഉണ്ട് എന്നാണ് - ഒരോ സൗരയൂഥത്തിലുമുണ്ട് നൂറുകോടിയോളം നക്ഷത്രങ്ങൾ. അത്യന്താധുനിക സാങ്കേതികവിദ്യ ഉപയോഗിച്ചു ജർമ്മനിയിൽ നടത്തിയപഠനം അവകാശപ്പെടുന്നത് ഒരോ സൗരയൂഥത്തിലെയും നക്ഷത്രങ്ങളുടെ എണ്ണം അമ്പതിനായിരം കോടിയാണെന്നാണ്. നമ്മുടെ സൂര്യൻ ഉൾപ്പെടുന്ന സൗരയൂഥമായ ക്ഷീരപഥത്തിലെ (മിൽക്കി വേ) നക്ഷത്രങ്ങളുടെ എണ്ണത്തിന്റെഅത്രയും സൗരയൂഥങ്ങൾ ഈ പ്രപഞ്ചത്തിൽ നിലനിൽക്കുന്നുവെന്നർത്ഥം. ഒരുനിമിഷത്തിൽ ഒരു നക്ഷത്രമെന്നവേഗതയിൽ എണ്ണിയാൽ നമ്മുടെ ക്ഷീരപഥത്തിലെ നക്ഷത്രങ്ങൾ മാത്രമെണ്ണിത്തീരാൻ 2500 വർഷമെടുക്കുമെന്നറിയുക.

പ്രപഞ്ചത്തിന്റെ വിശാലത ഒന്നു സങ്കൽപ്പിച്ചുനോക്കൂ. മൂന്നാംവാക്യം നോക്കുക: അങ്ങയുടെ വിരലുകളുടെ പണിയായ ആകാശത്തെയും അങ്ങ് സ്ഥാപിച്ച ചന്ദ്രനെയും നക്ഷത്രങ്ങളെയും നോക്കുമ്പോൾ... നമ്മുടെദൈവമായ കർത്താവിന്റെ വിരൽത്തുമ്പിന്റെ പണിയാണ് ആശ്ചര്യകരമായ ഈ പ്രപഞ്ചം എന്നറിയുന്നത് എത്ര അതിശയകരമാണ്? അവന്റെ കൈകളുടെ വലുപ്പം അപ്പോൾ എത്രമാത്രമാണ്? അവയുടെ ശക്തി എത്രവലുതാണ്?

> എശയ്യ 41:10ൽ ദൈവം ഇസ്രായേലിനോടു പറയുന്നു: നീ ഭയപ്പെടേണ്ട, ഞാൻ നിന്നോടു കൂടെയുണ്ട്; ഉൽക്കണ്ഠയോടെ ചുറ്റുംനോക്കേണ്ട, ഞാൻ നിന്റെ ദൈവമാകുന്നു; ഞാൻ നിന്നെ ബലപ്പെടുത്തും, ഞാൻ നിന്നെ തീർച്ചയായും സഹായിക്കും; എന്റെ നീതിയുള്ള വലം കരത്താൽ ഞാൻ നിന്നെ താങ്ങിക്കൊള്ളും.

കോടാനുകോടി നക്ഷത്രങ്ങളെ തന്റെ വിരൽതുമ്പിൽ സൃഷ്ടിച്ചുനിയന്ത്രിക്കുന്ന ദൈവത്തിന്റെ കൈകളിൽ നിങ്ങളെ വഹിക്കുന്ന കാര്യമൊന്നാലോചിച്ചുനോക്കുക - എത്ര മഹത്തായിരിക്കുമത്? നിങ്ങൾ എന്തെങ്കിലും ഭയപ്പെടേണ്ടതായുണ്ടാ

കുമോ? വരും ദിവസങ്ങളിൽ ദൈവകരത്തെക്കുറിച്ചുള്ള ഒരു പാഠാവലിയിലൂടെയാണ് നാം കടന്നുപോകാൻ പോകുന്നത്. സ്വർഗ്ഗത്തിലുള്ള നമ്മുടെ അതിശ്രേഷ്ടനായ പിതാവിലുള്ള നമ്മുടെ ആശ്രയം വളരാനും വിശ്വാസം വർദ്ധിക്കാനും ഈ പാഠങ്ങൾ ഇടയാക്കും.

> പുറപ്പാട് 6:6 ആകയാൽ ഇസ്രായേല്യരോട് ഇപ്രകാരം പറയുവിൻ: ഞാൻ യഹോവ ആകുന്നു; ഞാൻ നിങ്ങളെ ഈജിപ്തുകാരുടെ നുകത്തിൻ കീഴിൽ നിന്നു വിടുവിക്കും; അവരുടെ അടിമത്തത്തിൽ നിന്നു നിങ്ങളെ സ്വതന്ത്രരാ ക്കും; നീട്ടിയഭുജത്താലും മഹാശിക്ഷാവിധികളാലും ഞാൻ നിങ്ങളെ ഉദ്ധരിക്കും

അനേകനൂറ്റാണ്ടുകൾ ഇസ്രായേൽക്കാർ അതിശക്തരായ ഈജിപ്തിന്റെ അടിമത്തത്തിലായിരുന്നു. സ്വപ്രയത്നത്താൽ സ്വാതന്ത്ര്യം നേടുകയെന്നത് ഇസ്രായേലിനെ സംബന്ധിച്ച് അസാദ്ധ്യമായ കാര്യമായിരുന്നു. ദൈവം അവരുടെ മേൽ ദയാവായ്പു കാണിക്കുകയും തന്റെ അനുകമ്പയാൽ അവരെ വിടുവിക്കുമെന്ന് വാഗ്ദാനം നൽകുകയും ചെയ്തു – അവന്റെ നീട്ടിയകരത്താലും തന്റെ ന്യായവിധിയുടെ വീര്യപ്രവർത്തിയാലും തന്നെ. ദൈവം തന്റെ നീട്ടിയഭുജത്താൽ ബാധകൾ അയച്ചും, ചെങ്കടലിനെ പിളർന്നും, മരുഭൂമി താണ്ടിയാത്രയാക്കിയും, ശത്രുരാജ്യങ്ങളെ മുഴുവൻ ഓടിച്ചും കൊണ്ട് വാഗ്ദത്ത നാട്ടലേക്ക് ഇസ്രായേലിനെ നയിച്ചത് നമുക്കറിയാം. തന്നെക്കൂടാതെ മറ്റൊരു ദൈവമില്ലെന്ന് ദൈവം പിന്നീട് അവരോടു വിശദീകരിച്ചു കൊടുത്തു.

> ആവർത്തനം 4:34 അല്ലെങ്കിൽ നിങ്ങളുടെ ദൈവമായ യഹോവ ഈജിപ്റ്റിൽ വച്ചു നിങ്ങളുടെ മുമ്പാകെ നിങ്ങൾക്കു വേണ്ടിചെയ്തതുപോലെ പരീക്ഷകൾ, അടയാളങ്ങൾ, അത്ഭുതപ്രവർത്തികൾ, യുദ്ധം, ബലമുള്ള കൈ, നീട്ടിയഭുജം, മഹാപ്രവർത്തികൾ എന്നിവകൊണ്ട് ദൈവം ഏതെങ്കിലും ജനതയെ മറ്റൊരു ജനതയുടെ മദ്ധ്യത്തിൽ നിന്ന് വേർതിരിച്ചെടുക്കാൻ ശ്രമിച്ചിട്ടുണ്ടോ?

> ആവർത്തനം 5:15 നിങ്ങൾ ഈജിപ്തിൽ അടിമയായിരുന്നു എന്നും അവിടെ നിന്നു നിങ്ങളെ നിങ്ങളുടെ ദൈവമായ യഹോവ ശക്തിയുള്ള കൈ കൊണ്ടും നീട്ടിയ ഭുജം കൊണ്ടും വിടുവിച്ചു എന്നും ഓർക്കുക.

അതേ ഭൂമിയിൽ ആയിരക്കണക്കിനു വർഷങ്ങൾക്കുശേഷം ജീവിച്ചിരിക്കുന്ന നമ്മെ സംബന്ധിച്ച് ഈ വചനങ്ങളുടെ വ്യാപ്തിയെന്താണ്?

> ആവർത്തനം 7:19 വലിയ ശോധനകളും അടയാളങ്ങളും അത്ഭുതങ്ങളും, നിന്റെ ദൈവമായ യഹോവ നിന്നെ വിടുവിച്ച ശക്തിയുള്ള കൈയും നീട്ടിയഭുജവും നീ ഓർക്കുക. നീ ഭയപ്പെടുന്ന ജനതകളോടെല്ലാം നിന്റെ ദൈവമായ യഹോവ ഇപ്രകാരം ചെയ്യും.

എന്താണു ദൈവം നമുക്കുവേണ്ടി ചെയ്യാൻ പോകുന്നത്? (നീ ഭയപ്പെടുന്ന ജനതകളോടെല്ലാം നിന്റെ ദൈവമായ യഹോവ ഇപ്രകാരം ചെയ്യും.)



ഈ യഹോവയെയാണ് നാം സേവിക്കുന്നത്, അവന്റെ സ്നേഹം അന്നുപോലെതന്നെയാണ് ഇന്നും. ദൈവകരം നിങ്ങളുടെ മേൽ പ്രവർത്തിക്കുന്നുണ്ടെന്നു നിങ്ങൾ വിശ്വസിക്കുന്നുണ്ടോ? അവിശ്വസനീയമായ കാര്യങ്ങൾ അവൻ നിങ്ങളുടെ ജീവിതത്തിലും പ്രവർത്തിക്കും – നമ്മൾ അവനെ ഭയപ്പെടുമ്പോൾ (ആദരവോടെ സ്നേഹിക്കുമ്പോൾ).

പിന്നീടുവരുന്ന ദിവസങ്ങളിലെ പാഠഭാഗങ്ങളിൽ പുറപ്പാടിനുശേഷമുള്ള കാലഘട്ടത്തിൽ തന്റെ ജനതകൾക്കുവേണ്ടി ദൈവം നല്കിയ വാഗ്ദാനവും അതിന്റെ നിവർത്തീകരണവും നമ്മൾ കൂടുതലായി പരിശോധിക്കുന്നുണ്ട്.

പാഠം 2

# ആശ്യമായതെല്ലാം നമുക്കു നല്കുന്ന ദൈവകരം

> ആവർത്തനം 11:1-4 നിന്റെ ദൈവമായ യഹോവയെ സ്നേഹിച്ച് അവിടുത്തെ പ്രമാണങ്ങളും ചട്ടങ്ങളും വിധികളും കൽപനകളും സദാ പാലിക്കുക. 2ഇന്നുനിങ്ങൾ ഓർക്കുവിൻ: ഇവകാണുകയോ അറിയുകയോ ചെയ്തിട്ടില്ലാത്ത നിങ്ങളുടെ മക്കളോടല്ലല്ലോ ഞാൻ സംസാരിക്കുന്നത്. നിങ്ങളുടെ ദൈവമായ യഹോവയുടെ ശിക്ഷണവും അവിടത്തെ മഹത്ത്വവും അവിടുത്തെ ശക്തിയുള്ളകരവും നീട്ടിയ ഭുജവും 3ഈജിപ്തിനു നടുവിൽ ഫറവോനോടും അവന്റെ രാജ്യത്തോടും പ്രവർത്തിച്ച അത്ഭുതങ്ങളും 4ഈജിപ്തിന്റെ സൈന്യത്തോടും കുതിരകളോടും രഥങ്ങളോടും ചെയ്തകാര്യങ്ങളും അവർ നിങ്ങളെ പിന്തുടർ ന്നപ്പോൾ ചെങ്കടലിലെ വെള്ളം അവരുടെ മീതെ ഒഴുക്കിയതും, ഇന്നുകാണുംപോലെ ദൈവം അവരെ നശിപ്പിച്ചതും നിങ്ങൾ ഓർമ്മിക്കണം.

തന്റെ ജനതയോടുള്ള സ്നേഹം പ്രകടിപ്പിക്കാനും, തന്നെ സ്നേഹിക്കാൻ അവരെ സഹായിക്കാനും വേണ്ടിയാണ് നീട്ടിയഭുജത്താൽ ദൈവം ഈ അത്ഭുതങ്ങൾ ചെയ്തത് എന്ന കാര്യം നാം ഓർമ്മിക്കണം. ചെങ്കടൽ കടന്ന് മരുപ്രദേശത്തെത്തിയശേഷം ഉണ്ടായ ഒരു സംഭവം നമുക്കുനോക്കാം. ദൈവം അവർക്കു ഭക്ഷിക്കാൻ അനുദിനവും സ്വർഗ്ഗീയ മന്നാനൽകി. എങ്കിലും അവർ അതൃപ്തരും പിറുപിറുക്കുന്നവരുമൊക്കെയായിത്തീർന്നു:

> സംഖ്യ 11:4-6 അവരുടെ ഇടയിലുള്ള സമ്മിശ്രപുരുഷാരം മറ്റുഭക്ഷണത്തിനായി കൊതിച്ചു; ഇസ്രായേൽമക്കളും തിരിഞ്ഞ് അവരോടൊപ്പം മുറവിളി കൂട്ടി: ഞങ്ങൾക്കു ഭക്ഷിക്കുവാൻ മാംസം ആരു തരും? 5ഈജിപ്തിൽവച്ചു വിലകൊടുക്കാതെ തിന്നിട്ടുള്ള മത്സ്യവും, വെള്ളരിക്ക, മത്തങ്ങ, ഉള്ളി, ചുവന്നുള്ളി, ചിറ്റു

ള്ളി എന്നിവയും ഞങ്ങൾ ഓർക്കുന്നു. 6എന്നാൽ ഇപ്പോഴാകട്ടെ, ഞങ്ങളുടെ പ്രാണൻ പൊരിയുന്നു; ഞങ്ങളുടെ മുന്നിൽ ഈ മന്നയല്ലാതെ മറ്റൊന്നുമില്ല!

അവരുടെ നന്ദിയില്ലായ്മയും പിറുപിറുപ്പും ദൈവത്തെ കോപാകുലനാക്കി. ആളുകളുടെ ഈ മനോഭാവം മോശയെയും ഭാരപ്പെടുത്തി:

സംഖ്യ 11:11-15 അദ്ദേഹം യഹോവയോടു ചോദിച്ചു: അങ്ങയുടെ ദാസന്റെ മേൽ അങ്ങ് ഈ ക്ലേശം എന്തിനു വരുത്തി? എന്നോടു കൃപകാണിക്കാതെ ഈ ജനത്തിന്റെയെല്ലാം ഭാരം എന്റെമേൽ വച്ചതെന്തിന്? 12ഞാനാണോ ഈ ജനത്തെയെല്ലാം ഗർഭംധരിച്ചത്? ഞാനാണോ അവരെ പ്രസവിച്ചത്? 13അവരുടെ പൂർവ്വപിതാക്കളോട് അങ്ങ് സത്യം ചെയ്തു വാഗ്ദാനം നൽകിയ ദേശത്തേയ്ക്ക് ഒരു ധാത്രി ശിശുവിനെ വഹിക്കുന്നതുപോലെ അവരെ എന്റെ കൈകളിൽ വഹിച്ചുകൊണ്ടുപോകുവാൻ അങ്ങ് എന്നോടു പറയുന്നതെന്ത്? ഈ ജനത്തിനെല്ലാം ഞാൻ എവിടെനിന്നു മാംസം കൊണ്ടുവരും? ഞങ്ങൾക്കു തിന്നാൻ മാംസം തരിക എന്ന് അവർ എന്നോടു നിലവിളിച്ചുകൊണ്ടിരിക്കുന്നു. 14ഈ ജനത്തെയെല്ലാം തനിയെ വഹിക്കുവാൻ എനിക്കു കഴിവില്ല; ഇത് എനിക്ക് അതിഭാരമാണ്. 15ഇപ്രകാരമാണ് അങ്ങ് എന്നോടു പ്രവർത്തിക്കുന്നതെങ്കിൽ, എന്നെ കൊന്നുകളയേണമേ. എന്റെ അരിഷ്ടത ഞാൻ കാണരുതേ.

ദൈവം അവർക്കായി ഒരു പോംവഴികണ്ടെത്തി:

സംഖ്യ 11:18-23 ജനത്തോടു പറയുക: നാളേയ്ക്കായി നിങ്ങളെത്തന്നെ ശുദ്ധീകരിക്കുക, നാളെ നിങ്ങൾ മാംസം ഭക്ഷിക്കും. ഞങ്ങൾക്കു ഭക്ഷിക്കാൻ മാംസം ആരു തരും? ഈജിപ്തിൽ ഞങ്ങൾക്ക് എത്ര നന്നായിരുന്നു എന്നു നിങ്ങൾ കരയുന്നത് യഹോവകേട്ടു. ഇപ്പോൾ യഹോവ നിങ്ങൾക്കു മാംസം തരും, നിങ്ങൾ അതു തിന്നും. 19കേവലം ഒരു ദിവസമോ, രണ്ടു ദിവസമോ, അഞ്ചോ പത്തോ ഇരുപതോ ദിവസമോ അല്ല; 20ഒരു മാസം മുഴുവൻ, അതു നിങ്ങളുടെ മൂക്കിലൂടെ പുറത്തുവന്ന് നിങ്ങൾക്ക് അറപ്പുളവാക്കുവോളം നിങ്ങൾ തിന്നും. എന്തെന്നാൽ നിങ്ങളുടെ മദ്ധ്യത്തിലുള്ള യഹോവയെ നിങ്ങൾ ത്യജിച്ച് ഞങ്ങൾ ഈജിപ്തിൽ നിന്നും പോന്നതെന്തിന് എന്നുപറഞ്ഞ് അവിടുത്തെമുമ്പാകെ നിലവിളിച്ചുവല്ലോ. 21എന്നാൽ മോശപറഞ്ഞു: ഇവിടെ ആറുലക്ഷം യോദ്ധാക്കളുടെ മദ്ധ്യേ ഞാൻ നിൽക്കുന്നു, എന്നിട്ടും ഞാൻ അവർക്കു മാംസം കൊടുക്കും; അവർ ഒരു മാസം അതു ഭക്ഷിക്കും എന്നു അങ്ങു പറയുന്നു.
22ആടുകളെയും മാടുകളെയും അവർക്കുവേണ്ടി അറുത്താലും അവർക്കു തൃപ്തിയാകുമോ? സമുദ്രത്തിലെ മത്സ്യം മുഴുവനും പിടിച്ചാലും അവർക്കു തികയുമോ? 23യഹോവ മോശയോടു പറഞ്ഞു: യഹോവയുടെ കൈ കുറുകിപ്പോയോ? ഞാൻ അരുളിച്ചെയ്യുന്നത് നിവൃത്തിയാകുമോ ഇല്ലയോ എന്നു നീ ഇപ്പോൾ കാണും.

അവരോടു ദൈവം കോപാകുലനായിരുന്നിട്ടു പോലും അവർക്ക് അവൻ മാംസം വാഗ്ദാനം നൽകി. എന്നാൽ ഇതെങ്ങനെ സാധിക്കുമെന്ന കാര്യത്തിൽ മോശയ്ക്കു സന്ദേഹമായിരുന്നു. വാ 21ൽ മോശയതു പ്രകടമാക്കുന്നു. പത്തുലക്ഷത്തിലധികം വരുന്ന ജനക്കൂട്ടമായിരുന്നു മോശയുടെ കൂടെയുണ്ടായിരുന്നത്. അത്രയും പോന്ന ജനത്തിനു ഒരുമാസം ഭക്ഷിക്കാൻ ഈ മരുഭൂമിയിൽ എത്രക



ണ്ടു മാംസം ലഭ്യമാക്കിയാൽ തികയും? അല്ലെങ്കിൽ അതെങ്ങനെ സംഘടിപ്പിക്കും? ദൈവത്തിനാകട്ടെ ഒന്നോ രണ്ടോ ദിവസം മാത്രം മാംസം നൽകിയാൽ പോരായിരുന്നു ഒരുമാസം മുഴുവൻ നൽകണമായിരുന്നു.

അസാദ്ധ്യമാണ് ഇക്കാര്യമെന്ന് മോശയ്ക്കുറപ്പായിരുന്നു. എന്നാൽ ദൈവത്തിന്റെ മറുപടിയോ? തന്റെ കരം കുറുകിപ്പോയിട്ടില്ലായെന്നതായിരുന്നു. (വാ 23)

നിങ്ങളുടെ ജീവിതത്തിൽ ആരെക്കൊണ്ടും സാദ്ധ്യമാക്കാൻ കഴിയില്ലായെന്നു നിങ്ങൾക്കു തോന്നുന്ന കാര്യങ്ങൾ വല്ലതുമുണ്ടോ? പ്രാർത്ഥിച്ചുകൊണ്ടിരുന്ന കാര്യങ്ങൾ നിങ്ങൾ ഉപേക്ഷിച്ചിട്ടുണ്ടോ - അതു കിട്ടാൻ പോകുന്നില്ല എന്ന തോന്നൽ വന്നതുകൊണ്ട്?

വിലയില്ലാത്തത് എന്നതോന്നലോടെ നിന്ദ്യമനോഭാവം കാണിക്കുന്നതാണ് നമുക്കു ദൈവത്തോടു ചെയ്യാൻ കഴിയുന്നതിൽ ഏറ്റവും ഭയാനകമായ കാര്യം. നാം എങ്ങിനെയാണ് അതുചെയ്യുന്നത്? ദൈവത്തേക്കൊണ്ട് എന്തെങ്കിലുമൊരു കാര്യം ചെയ്യാൻ കഴിയില്ല എന്നു സ്വയം വിശ്വസിക്കുകയോ, അതു മറ്റുള്ളവരോടു പറയുകയോ ചെയ്യുന്നതാണ് ദൈവനിന്ദ. ദൈവം ബലഹീനനാണ് എന്നാണ് നാം ഇതിലൂടെ അർത്ഥമാക്കുന്നതും പ്രകടമാക്കുന്നതും.

അവനെ മഹത്വീകരിക്കാനാണ്, നിന്ദിക്കാനല്ല ദൈവം നമ്മെ സൃഷ്ടിച്ചത്:

എശയ്യ 43:5-7 ഭയപ്പെടേണ്ട, ഞാൻ നിന്റെ കൂടെയുണ്ട്. ഞാൻ നിന്റെ സന്തതിയെ കിഴക്കുനിന്നുവരുത്തുകയും പടിഞ്ഞാറുനിന്ന് നിന്നെ ശേഖരിക്കുകയും ചെയ്യും. 6ഞാൻ വടക്കിനോട് വിട്ടയക്കുക എന്നും തെക്കിനോട് അവരെ തടഞ്ഞുവയ്ക്കരുത് എന്നും കല്പിക്കും. എന്റെ പുത്രന്മാരെ ദൂരത്തുനിന്നും എന്റെ പുത്രിമാരെ ഭൂമിയുടെ അറ്റത്തുനിന്നും കൊണ്ടുവരുവിൻ. 7എന്റെ പേരിൽ വിളിക്കപ്പെട്ടും എന്റെ മഹത്വത്തിനായി ഞാൻ സൃഷ്ടിച്ചും ഞാൻ തന്നെ രൂപപ്പെടുത്തിയുമിരിക്കുന്ന എല്ലാവരെയും തന്നെ ആനയിക്കുവിൻ.

ദൈവം നല്കിയ മാംസവാഗ്ദാനത്തിന് എന്തു സംഭവിച്ചു?

സംഖ്യ 11:31-34 അപ്പോൾ യഹോവയിൽ നിന്ന് ഒരു കാറ്റു പുറപ്പെട്ട് സമുദ്രത്തിൽ നിന്നു കാടപ്പക്ഷികളെ കൊണ്ടുവന്നു. അത് അവയെ പാളയത്തിനു ചുറ്റും എല്ലായിടത്തും നിലത്തുനിന്ന് ഏകദേശം മൂന്നടി പൊക്കത്തിൽ എല്ലാ ദിശയിലേക്കും ഒരു ദിവസത്തെ വഴി ദൂരത്തോളം വീഴ്ത്തി. 32ആപകലും രാത്രി മുഴുവനും പിറ്റെന്നാൾ മുഴുവനും ജനം ഇറങ്ങിച്ചെന്ന് കാടയെ ശേഖരിച്ചു. പത്തു ഹോമറിൽ കുറവ് ആരും ശേഖരിച്ചില്ല. പിന്നീട് അവയെ അവർ പാളയത്തിനു ചുറ്റിലെല്ലാം നിരത്തി. 33എന്നാൽ മാംസം അവരുടെ പല്ലുകൾക്കിടയിൽ ഇരിക്കുമ്പോൾ, അതു ചവച്ചിറക്കുന്നതിനു മുമ്പുതന്നേ, യഹോവയുടെ കോപം ജനത്തിനുനേരേ ജ്വലിച്ചു. അവരെ കഠിന ബാധകൊണ്ടു സംഹരിച്ചു. 34മറ്റു ഭക്ഷണങ്ങൾക്കായി മുറവിളി കൂട്ടിയ ജനത്തെ അവിടെ അടക്കിയതിനാൽ ആസ്ഥലത്തിന് കിബ്രോത്ത്-ഹത്താവ എന്നു പേരായി.

പ്രകൃതിശക്തികളുടെ മുഴുവൻ നിയന്ത്രിതാവായ ദൈവം ഒരുകാറ്റിനാൽ കാടപ്പക്ഷികളെകൊണ്ടുവന്ന് പാളയത്തിനുചുറ്റും നിറച്ചു. ഒരുദിവസത്തെ നടപ്പിനു തുല്ല്യമായ അകലത്തിൽ (അക്കാലത്തെ അളവനുസരിച്ച് ഏകദേശം 46 കിലോമീറ്റർ) എല്ലാദിശയിലേക്കും മൂന്നടി കനത്തിൽ കാടപ്പക്ഷികൾ നിറഞ്ഞുകിടക്കുന്ന ആ കാഴ്ചയൊന്നു സങ്കൽപ്പിച്ചു നോക്കൂ... ഒരു ഹോമർ ഏകദേശം നാലുകിലോയാണ്. എന്നുവച്ചാൽ ഓരോരുത്തരും ശേഖരിച്ചത് 40കിലോയിൽ കുറയാത്തയത്രയും കാടപ്പക്ഷികളെയാണ്.

ദൈവം കൊണ്ടുവന്ന കാടപ്പക്ഷികളുടെ എണ്ണമോ അളവോ തിട്ടപ്പെടുത്താൻ ആരാലും കഴിയുകയില്ല. പത്തുലക്ഷം മാംസഭക്ഷണഭോജികൾ ആർത്തിപിടിച്ചു ഭക്ഷിച്ചിട്ടുപോലും അതു തിന്നുതീർക്കാൻ സാദ്ധിച്ചില്ല - അത്രയും അളവു മാംസം. ദൈവകരത്തിന്റെ ശക്തിയെത്രമാത്രം! നീട്ടിയ തന്റെ ഭുജമൊന്നുകൊണ്ടുമാത്രം ദൈവത്തിന് ഒരു രാഷ്ട്രത്തെ തീറ്റിപ്പോറ്റാൻ കഴിയുന്നു. അവന്റെ കഴിവിനെ പരിഗണിക്കാതെ അവനെ പുച്ഛിച്ചവർക്ക് അതിന്റെ ശിക്ഷ അനുഭവിക്കേണ്ടിവന്നു.

കുറച്ചുവർഷങ്ങൾക്കുമുമ്പ് ചെറിയ മീറ്റിംഗുകൾക്കും, പഠനക്ളാസ്സുകൾക്കുമായി വിശ്രാന്തിനിലയമെന്ന സ്ഥലം ബാംഗളൂർ സഭ ഉപയോഗിച്ചിരുന്നു. ഞാനും ബീനയും കൂടി ശിഷ്യൻമാരെ കൂടുതൽ പ്രാപ്തരാക്കാനുള്ള ക്ളാസ്സുകൾ ഇവിടെ വച്ചു നടത്തിയിരുന്നു. കുറേ കാലത്തോളം ആഴ്ചയിൽ മൂന്നുദിവസം വച്ച് ഞങ്ങൾ അവിടെ പണമടച്ചു സ്ഥലം ബുക്കു ചെയ്തിരുന്നു. എന്നാൽ ഓരോ മീറ്റീംഗ് സമയത്തും അവർ ബുക്ക്ചെയ്തില്ലയെന്നോ വേറേസ്ഥലമാണു മാറ്റിവച്ചിരിക്കുന്നത് എന്നോ ഒക്കെ പറഞ്ഞ് ക്ളാസ്സിനു തടസ്സം സൃഷ്ടിച്ചുകൊണ്ടേയിരുന്നു. ശിഷ്യന്മാർ ജോലിചെയ്തു ക്ഷീണിച്ചു വരുന്നതിനാലും, ക്ളാസിനുശേഷം ഏറെദൂരം യാത്രചെയ്ത് വീട്ടിലേക്കെത്തേണ്ടതിനാലും ഞങ്ങൾ ഒരു ഫ്ളാസ്കിൽ ചായ കൊണ്ടുവരുവാൻ തുടങ്ങി, എന്നാൽ അവർ അതും തടസ്സപ്പെടുത്തി. ഗതികേടായപ്പോൾ സൗകര്യപ്രദമായ ഒരു സ്ഥലം കാണിച്ചുതരണമേയെന്ന് എഫേ 2:20 മനസ്സിൽ ഓർത്തുകൊണ്ട് ഞങ്ങൾ പ്രാർത്ഥിച്ചു. നമ്മൾ ചോദിക്കുന്നതിലും സങ്കൽപ്പിക്കുന്നതിലുമുപരിയായി നമുക്കുനൽകുന്നവനാണ് ദൈവം.

തൊട്ടടുത്തദിവസം തന്നെ ഞാൻ ഒരു അഡ്വർടൈസിങ്ങ് മാഗസിൻ വാങ്ങിച്ചു ഏതെങ്കിലും കെട്ടിടമോ കെട്ടിടഭാഗമോ കൊടുക്കുവാനുണ്ടോ എന്നു നോക്കി. ആതേ മാഗസിനിൽത്തന്നെ നഗരത്തിന്റെ ഹൃദയഭാഗത്തായി, പ്രധാന ബസ്സ്റ്റേഷനായ ശിവാജി നഗറിന്റെ അടുത്തുള്ള കമേഴ്സ്യൽ സ്ട്രീറ്റിൽ തന്നെ ഒരു കെട്ടിടത്തിന്റെ മൂന്നാം നില നൽകുവാനുണ്ടെന്ന പരസ്യം കണ്ടു. പോയി കണ്ടു സംസാരിച്ചപ്പോൾ വളരെ ദയയോടെ നമ്മോടു പെരുമാറിയ കെട്ടിടമുടമ അവിടത്തെ മുഴുവൻ കേടുപാടുകളും മാറ്റി, പുതിയ വാതിലുകളും മറ്റും പിടിപ്പിച്ച്, പെയിന്റുപൂശി, നമ്മൾ പറഞ്ഞമാറ്റങ്ങൾ മുഴുവൻ സ്വന്തം നിലയിൽ വരുത്തി നമുക്കു തന്നു. കുറച്ചു കസേരകളും, കർട്ടനും, സൗണ്ട് സിസ്റ്റവും മാത്രം നമുക്കു വാങ്ങിച്ചാൽ മതിയായിരുന്നു. പെട്ടന്നു തന്നെ നൂറുപേർക്കിരിക്കാവുന്ന ആ കെട്ടിടഭാഗം വാങ്ങിക്കാനും ഈവനിംങ്ങ് സർവ്വീസും ക്ളാസ്സുകളും മറ്റു മീറ്റിംഗുകളും സുഗമമായി നടത്താനും ആവശ്യത്തിനു ചായയോ ഭക്ഷണമോ തടസ്സമില്ലാതെ വിതരണം ചെയ്യാനും, ദൈവം ഇടവരുത്തി. തന്റെ അത്ഭുതകരം നീട്ടി പ്രവർത്തിക്കുന്നവനാണ് നമ്മുടെ ദൈവം.



1. ദൈവം നിങ്ങൾക്കു നൽകിയിരിക്കുന്ന സകല നന്മകളെയും ഓർക്കുക, അവനു നന്ദിപറയുക. മറ്റുള്ളവരോട് അവയെക്കുറിച്ചു സംസാരിക്കുക.
2. സഭയ്ക്കുവേണ്ടിയും വ്യക്തിപരമായും ദൈവം നടത്തിതരണമെന്നു നിങ്ങളാഗ്രഹിക്കുന്ന കാര്യങ്ങളുടെ ഒരു പട്ടികയുണ്ടാക്കി പ്രാർത്ഥിക്കുക.

പാഠം 3

# ശബത്തുദിവസത്തേക്കായി കരുതുന്ന ദൈവകരം

ദൈവം ശബത്തുദിനം അവരോധിച്ചു - പത്തുകല്പനകളാൽ നല്കപ്പെട്ട വിശ്രമദിവസം. ആഴ്ചയിൽ ഒരിക്കൽ തന്റെ ജനങ്ങൾ വിശ്രമിക്കണമെന്നു കൽപ്പിച്ച ദൈവം അവർ വാഗ്ദത്തനാട്ടിൽ പ്രവേശിച്ചപ്പോൾ അവരുടെ ഭൂമിക്കും ആ വിശ്രമം കല്പ്പിച്ചു, ഏഴാം വർഷത്തിലെ ശബത്തു വിശ്രമം.

ദൈവം വിശ്രമം കല്പ്പിച്ചാലും ഏതുവിധേനയെങ്കിലും ആ ദിവസവും ജോലി ചെയ്താലേ നമ്മുടെ ആവശ്യങ്ങൾക്കുള്ള വക കണ്ടെത്താൻ കഴിയൂ എന്നാണ് നമ്മുടെ ചിന്ത. ഈ കല്പ്പന നൽകിയ ദൈവം നമ്മുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി കരുതുന്നവനാണന്നുള്ള ആശ്രയമനോഭാവം നമുക്കുണ്ടോ?

### പുറപ്പാട് 16, ലേവ്യ 25 എന്നീ അദ്ധ്യായങ്ങൾ വായിക്കുക.

മരുഭൂമിയിൽ ഇസ്രായേല്യർ ചിലവഴിച്ച 40 വർഷക്കാലവും ആഴ്ചയിൽ ആറുദിവസവും അവർക്കു മന്നാ നൽകിയ ദൈവം, ആറാം ദിവസം ഇരട്ടി പങ്കു ശേഖരിച്ചു പാചകം ചെയ്തുവച്ചിട്ട് ശബത്തുദിവസം വിശ്രമിക്കണമെന്നു കല്പ്പിച്ചു. നീണ്ട നാല്പതു വർഷക്കാലം ദൈവമിതു വിശ്വസ്തതയോടെ നടപ്പിലാക്കി. എങ്കിൽ പ്പോലും ചിലയാളുകൾ ഏഴാം ദിവസം മന്നാ ശേഖരിക്കാനായി പുറപ്പെട്ടു, എന്നാൽ അവർക്കു കിട്ടിയത് ദൈവകോപം മാത്രമായിരുന്നു. ഇവർ എത്ര കാലം എന്റെ കല്പനകളും നിർദ്ദേശങ്ങളും പാലിക്കാതിരിക്കും എന്നു ദൈവം കോപത്തോടെ മോശയോടു ചോദിക്കുന്നതും നമുക്കു വായിക്കാൻ കഴിയും (പുറപ്പാട് 16:27)

നിങ്ങൾ വിശ്രമിക്കുന്നവരാണോ? ദൈവം അതുപ്രതീക്ഷിക്കുന്നുവെന്നു നിങ്ങൾക്കറിയില്ലേ? നമ്മുടെ മസ്തിഷ്കം ഉണർവ്വുള്ളതാവുകയും, ശുദ്ധീകൃതമാവുകയും ചെയ്യുന്നത് നാം ഉറങ്ങുമ്പോഴാണ്. (Read article on the web http://www.eurekalert.org/pub_releases/2013-10/uorm-tsp100913.php)

വയലുകൾക്കും ശബത്തുവിശ്രമം നല്കണമെന്നു ദൈവം കൽപ്പിക്കുന്നു (ലേവ്യർ 25). അതിനർത്ഥം ആറുവർഷം വിളയും കൊയ്ത്തും നടത്തിയതിനു ശേഷം ഏഴാം വർഷം ഭൂമിയെ വിശ്രമിക്കാൻ അനുവദിക്കണമെന്നുതന്നെയാണ്. സാമാന്യമായും നമ്മൾ ചോദിക്കും ഈ ഏഴാം വർഷം വിതയും കൊയ്ത്തുമൊന്നുമില്ലാതെ എങ്ങിനെ കഴിച്ചുകൂട്ടുമെന്ന്? ദൈവത്തിന്റെ പദ്ധതികൾ വിജയിക്കാനുള്ള പദ്ധതികളല്ലേ?

ലേവ്യ 25:20-22 ഞങ്ങൾ നടാതെയും കൊയ്യാതെയുമിരുന്നാൽ ഏഴാം വർഷം
ഞങ്ങൾ എന്തുതിന്നും എന്നു നിങ്ങൾചോദിച്ചേക്കാം. 21മൂന്നുവർഷത്തേക്കുമതി
യായതു ഭൂമിയിൽനിന്നു കിട്ടത്തക്കവിധം ഞാൻ ആറാം വർഷം ഒരു അനുഗ്രഹം
അയക്കും. 22എട്ടാം വർഷം നിങ്ങൾ നടുമ്പോഴും ഒമ്പതാം വർഷത്തെ വിളവെടു
പ്പുവരെയും നിങ്ങൾ പഴയ വിളവു തിന്നും.

ദൈവത്തിന്റെ പദ്ധതികൾ അതിശയമായവതന്നെ! അല്ലേ?

ഒരുപുനർ നവീകരണമില്ലാതെ വർഷം തോറും ഒരേവിളവെടുപ്പുനടത്തുന്ന വയലുകൾക്ക് ധാതുലവണങ്ങളും നൈട്രജൻ ഉറപ്പിച്ചുനിർത്തുന്ന ബാക്ടീരിയകളും നിലനിർത്താൻ കഴിയാതെ കൃഷിയോഗ്യത നഷ്ടപ്പെടുന്നുവെന്നാണ് ശാസ്ത്രജ്ഞരുടെ നിലപാട്. ഏഴാമത്തെവർഷം നല്കുന്ന വിശ്രമം വയലുകൾക്ക് പുതുജീവൻ നല്കുന്നു. കുറച്ചുവർഷങ്ങൾക്കുമുമ്പുമാത്രമാണ് ശാസ്ത്രലോകം ഇതു മനസ്സിലാക്കിയതെങ്കിലും ആയിരക്കണക്കിനുവർഷങ്ങൾക്കുമുന്നേതന്നെ ദൈവം ഇതു കല്പ്പിച്ചിരുന്നു. വിളവിനെക്കുറിച്ചും കൃഷിയെക്കുറിച്ചുമെല്ലാം ശരിയായ അവബോധമുള്ളത് അവയെ സൃഷ്ടിച്ച ദൈവത്തിനുതന്നെയാകാനല്ലേ വഴിയുള്ളൂ. അവന്റെ പദ്ധതികളെ നാം അനുസരിക്കുമ്പോൾ നമ്മുടെ നാടും വിളകളും ജീവിതവുമെല്ലാം സുരക്ഷിതവും ഉല്പാദനക്ഷമവുമായിത്തീരും.

ദൈവകല്പ്പനകളെ നിങ്ങൾ വിശ്വസിക്കുകയും അനുസരിക്കുകയും ചെയ്യുന്നുണ്ടോ? അതോ അനുസരിക്കാൻ നിങ്ങൾക്കു കാര്യകാരണങ്ങളുടെ താങ്ങുകൂടിവേണമോ? നമുക്കുവിശ്വസിക്കുകയും അനുസരിക്കുകയും ചെയ്യാം, കാരണം ദൈവത്തിനു ജ്ഞാനത്തിന്റെ കാര്യത്തിൽ മുൻതൂക്കവും വിശ്വാസ്യതയുടെ കാര്യത്തിൽ മികവുമുണ്ട്. കാര്യകാരണങ്ങളും ഫലങ്ങളുമെല്ലാം പിന്നീടു നമുക്കു വെളിവായി ലഭിക്കും.

ഏതെങ്കിലുമൊരു വചനം പ്രായോഗികമല്ലെന്നു തോന്നി നിങ്ങളതിനെ നിഷേധിച്ചിട്ടുണ്ടോ? അവയെ നിരത്തിവച്ചു ദൈവത്തിനുമുമ്പാകെ ഏറ്റുപറഞ്ഞു കീഴടങ്ങുക. (ഉദാ. ദശാംശം, സമർപ്പിത ജീവിതം, ഉപദേശം സ്വീകരിക്കൽ, പാപം ഏറ്റുപറയൽ മുതലായവ...)



പാഠം 4

# കൂടാരം നിർമ്മിച്ച ദൈവകരം

## പുറപ്പാട് 35:4 മുതൽ 36:7 വരെ വായിക്കുക

ഈജിപ്തിൽനിന്നും വാഗ്ദത്തനാട്ടിലേക്കുള്ള യാത്രാമദ്ധ്യേ ദൈവം മോശയോടു കൂടാരനിർമ്മാണത്തെക്കുറിച്ചും അതിനായുള്ളസാമഗ്രികളെക്കുറിച്ചും കല്പ്പിച്ചു. മോശ ജനത്തെയെല്ലാം കൂട്ടിവരുത്തിയിട്ട് ദൈവം കല്പ്പിച്ച സാമഗ്രികൾ സ്വമേധയാ ദാനമായി നൽകാൻ അവരോടാവശ്യപ്പെട്ടു. അവരുടെ പ്രതികരണം വളരെ ശുഷ്കാന്തിയോടെയായിരുന്നു, ശേഖരിച്ചസാമഗ്രികളോ ആവശ്യത്തിൽ കൂടുതലും.

ദീർഘകാലം അടിമത്തത്തിലായിരുന്ന ഒരു ജനവിഭാഗത്തിന്റെ കയ്യിൽ വിലയേറിയ സാമഗ്രികളോ, പൊന്നോ രത്നങ്ങളോ ഒന്നും ഉണ്ടാകാനിടയില്ല - പ്രത്യേകിച്ചു മരുഭൂമിയിലൂടെയുള്ള പ്രയാണകാലത്തിൽ. എങ്കിലും ദൈവം ഏറ്റവും വിലപിടിച്ചവതന്നെയാണ് അവരോടു നല്കാനാവശ്യപ്പെട്ടത്. ഇതെങ്ങനെ സംഭവിച്ചു? പദ്ധതികളുടെ യജമാനനായ ദൈവത്തിന്റെ വഴികൾതന്നെ. എന്താണു സംഭവിച്ചതെന്നു നോക്കുക:

പുറപ്പാട് 12:35-36 മോശനിർദ്ദേശിച്ചതനുസരിച്ചു യിസ്രായേൽ പ്രവർത്തിച്ചു.
അവർ ഈജിപ്തുകാരോടു വെള്ളിയും സ്വർണ്ണവും കൊണ്ടുള്ളസാധനങ്ങളും
വസ്ത്രങ്ങളും ആവശ്യപ്പെട്ടു. 36ജനങ്ങളുടെ നേർക്ക് ഈജിപ്തുകാർക്ക് അനു
കൂലഭാവം ഉണ്ടാകുവാൻ യഹോവ ഇടയാക്കി; അവർ തങ്ങളോട് ആവശ്യപ്പെട്ട
തെല്ലാം അവർക്കുകൊടുത്തു. അങ്ങനെ അവർ ഈജിപ്തുകാരെ കൊള്ളയിട്ടു.

തനിക്കു വേണ്ടസാധനങ്ങളെല്ലാം ഈജിപ്തുകാരിൽ നിന്നുതന്നെ ദൈവം ശേഖരിച്ചു കഴിഞ്ഞിരുന്നു. ഇസ്രായേൽക്കാരെ പ്രതി അവരുടെ മേൽ വന്നുപതിച്ച പത്തുബാധകളെ കണ്ട മിസ്രയീമുകാർ വീണ്ടും അവരുടെ അപ്രീതി തങ്ങളുടെ മേൽ ഉണ്ടാകരുതെന്നു ഭയന്നതിനാൽ അവർ ചോദിച്ചതെല്ലാം കൊടുത്തു പ്രീതിപ്പെടുത്തി സമാധാനത്തോടെ യാത്രയാക്കുകയാണുണ്ടായത്.

അക്കേഷ്യമരമടക്കം പൊന്നും വെള്ളിയും രത്നങ്ങളും മേൽത്തരം നൂലുമുൾപ്പെടെ വേണ്ടസാധനങ്ങൾ അനവധിയായിരുന്നു. കൂടാര നിർമ്മാണത്തിനായി ഈ സാധനങ്ങൾ നൽകാനായി ദൈവം ഈജിപ്തുകാരുടെ മനസ്സിനെ സജ്ജമാക്കി. സാധനങ്ങൾ കുമിഞ്ഞുകൂടിയപ്പോൾ അവ കൊണ്ടുവരുന്നതു നിർത്തണമെന്നു മോശയ്ക്കു കൽപ്പിക്കേണ്ടിവന്നു.
ഇതു കൂടിനോക്കാം.

പുറപ്പാട് 35:30-34 മോശ ഇസ്രായേൽ ജനങ്ങളോട് ഇപ്രകാരം പറഞ്ഞു: നോക്കു
വിൻ, യെഹൂദാ ഗോത്രത്തിൽ ഹൂരിന്റെ മകനായ ഊരിയുടെ മകൻ ബെസലേ
ലിനെ യഹോവ പേർ ചൊല്ലി വിളിച്ചിരിക്കുന്നു. 31യഹോവ അവനെ ദൈവാത്മാ

വിനാൽ നിറച്ച്, എല്ലാവിധ കരകൗശലപ്പണികളിലും വൈദഗ്ദ്ധ്യവും പ്രാപ്തിയും
ജ്ഞാനവും നല്കിയിരിക്കുന്നു. 32പൊന്ന്, വെള്ളി, താമ്രം, എന്നിവയിൽ കലാചാ
തുരിയോടെ പണികൾ ചെയ്യുവാനും 33രത്നങ്ങൾ വെട്ടിപ്പതിക്കുവാനും, മരത്തിൽ
കൊത്തുപണികൾ ചെയ്യുവാനും, സകലവിധമായ പണിത്തരങ്ങൾ ഉണ്ടാക്കുവാനും
അവനെ ഞാൻ വിളിച്ചിരിക്കുന്നു.. 34യഹോവ ബെസലേലിനും, ദാൻ ഗോത്ര
ത്തിൽ അഹിസാമാക്കിന്റെ മകനായ ഒഹോലിയാബിനും മറ്റുള്ളവരെ അഭ്യസിപ്പി
ക്കാനുള്ള പ്രാപ്തിയും നല്കിയിരിക്കുന്നു.

അതിശയകരമായ നിർമ്മാണ കഴിവുകളും പരിശീലനകഴിവുകളും നൽകി ദൈവം കൂടാരനിർമ്മിതിക്കുവേണ്ട ആളുകളെയും ഒരുക്കിയിരുന്നു. ചൈനയിലേക്കു മിഷനറിയായി പോയ ഹഡ്സൻ ടെയ്ലർ ഒരിക്കൽ പറഞ്ഞു, ദൈവത്തിന്റ ഹിതപ്രകാരം ചെയ്യുന്ന ദൈവ വേലയ്ക്ക് ദൈവത്തിൽ നിന്നുള്ള ദാനം ഒരിക്കലും നിലച്ചുപോവുകയില്ല.

നിങ്ങൾക്കുള്ളതെല്ലാം ദൈവത്തിന്റേതാണെന്ന ധാരണയും അംഗീകാരവും നിങ്ങൾക്കുണ്ടോ? ദൈവത്തിനായി ദശാംശത്തിലുമുപരിയായി കയ്യയച്ചു നല്കാൻ നിങ്ങൾ ഒരുക്കമുള്ളവരാണോ? നിങ്ങളുടെ കഴിവുകളും, സമയവും കൊണ്ട് ദൈവത്തിനു പ്രയോജനമുണ്ടാകുന്നുണ്ടോ? കൂടുതലായി നിങ്ങൾക്ക് എന്തു നല്കാൻ കഴിയും?

ദൈവരാജ്യം പടുത്തുയർത്താൻ നിങ്ങൾ എപ്രകാരം സന്നദ്ധനാകും? അവസാനമായി ഒരു ആത്മാവിനെ രക്ഷിക്കുന്നതിൽ നിങ്ങൾ പങ്കുചേർന്നത് എന്നാണ്? ഏതെങ്കിലും നായകസ്ഥാനം നിങ്ങൾ വഹിക്കുന്നുണ്ടോ? ഇല്ലെങ്കിൽ ഉത്തരവാദിത്വമെടുക്കാൻ നിങ്ങൾ ഒരുക്കമാണോ?

പാഠം 5

# നിങ്ങൾക്കുവേണ്ടി പൊരുതുന്ന ദൈവകരം

പുറപ്പാട് 13:21-22 യഹോവ അവരെ വഴികാണിക്കുവാൻ പകൽസമയത്ത് ഒരു
മേഘത്തൂണിലും രാത്രിയിൽ വെളിച്ചം കൊടുക്കുവാൻ അഗ്നിത്തൂണിലുമാ യി
അവർക്കുമുമ്പേ സഞ്ചരിച്ചു; അങ്ങനെ അവർക്കു പകലും രാത്രിയും യാത്രചെ
യ്യുവാൻ കഴിഞ്ഞു. 22പകൽ മേഘസ്തംഭവും രാത്രി അഗ്നിസ്തംഭവും ജനത്തിന്റെ
മുന്നിൽനിന്നു മാറിയില്ല.

വാഗ്ദാനം ചെയ്യപ്പെട്ട നാട്ടിലേക്കുള്ള യാത്രാമദ്ധ്യേ ദൈവം ഇസ്രായേലുകാർക്ക്



മരുഭൂമിയിലെ ചുട്ടുപൊള്ളുന്ന ചൂടിൽ രക്ഷാകവചവും വഴികാട്ടിയുമായി പകൽ മേഘസ്തംഭത്തിലും, രാത്രിയിലെ കൊടും തണുപ്പിനെ അകറ്റി ചൂടും സംരക്ഷണവും നൽകാൻ അഗ്നിസ്തംഭത്തിലും അവരെ അനുഗമിച്ചു എന്നു നമുക്കിവിടെ കാണാം. ആ ഒരു അനുഭവം എത്ര ആശ്ചര്യാവഹമായിരിക്കുമെന്ന് ഒന്ന് ആലോചിച്ചുനോക്കുക. ദൈവം നിങ്ങളുടെ കൂടെ മുന്നിലും പിന്നിലുമായി അനുഗമിച്ചു നിങ്ങളെ സംരക്ഷിക്കുന്ന അവസ്ഥ.

ദൈവം തന്റെ ജനതയെ സംരക്ഷിക്കുന്നവഴികൾ പറഞ്ഞുവിശദീകരിക്കാൻ കഴിയാത്തത്രയ്ക്ക് നിരവധിയാണ്. ഒരു പിതാവിനെപ്പോലെ കൂടെ നടന്ന് അവരുടെ ആവശ്യങ്ങൾ അവൻതന്നെനിറവേറ്റി, ദൂതൻമാരേയോ മാലാഖമാരേയോപോലും അയച്ചല്ല. വേറൊന്തൊക്കെയാണ് ദൈവം ചെയ്തതെന്നു നമുക്കുനോക്കാം.

ആവർത്തനം 1:26-36 എന്നാൽ നിങ്ങൾ ദൈവമായ യഹോവയുടെ കല്പ
നയ്ക്കു മറുതലിച്ചുനിന്നതുകൊണ്ട് അങ്ങോട്ടു കയറിയില്ല. നിങ്ങൾ കൂടാരങ്ങ
ളിൽ ഇരുന്ന് ഇങ്ങനെ പിറുപിറുത്തു. 27യഹോവ നമ്മെ വെറുക്കുന്നു. അതു
കൊണ്ട് നാം നശിക്കേണ്ടതിന് അമോര്യരുടെ കൈയ്യിൽ ഏല്പിക്കുവാനാണ് മിസ്ര
യീമിൽനിന്നു നമ്മെ കൊണ്ടുവന്നത്. 28നാം എങ്ങോട്ടുകയറിപ്പോകും? അവിടുത്തെ
ജനങ്ങൾ നമ്മെക്കാൾ ദീർഘകായരാണ്. പട്ടണങ്ങൾ ആകാശംവരെ ഉയർന്നമതി
ലുകൾ ഉള്ളവയാണ്, ഞങ്ങൾ അനാക്യരെയും അവിടെകണ്ടു എന്നിങ്ങനെ പറഞ്ഞ്
നമ്മുടെ സഹോദരന്മാർ ഹൃദയം ക്ഷീണിപ്പിച്ചു. 29എന്നാൽ ഞാൻ നിങ്ങളോടു
പറഞ്ഞു: നിങ്ങൾ ഭ്രമിക്കുകയോ ഭയപ്പെടുകയോ അരുത്. 30നിങ്ങൾക്കുമുമ്പായി
പോകുന്ന നിങ്ങളുടെ ദൈവമായ യഹോവ, ഈജിപ്തി ൽ നിങ്ങളുടെ കൺമു
മ്പിൽ വച്ചു ചെയ്തതുപോലെ നിങ്ങൾക്കുവേണ്ടു യുദ്ധം ചെയ്യും. 31ഒരു മനു
ഷ്യൻ തന്റെ മകനെ വഹിക്കുന്നതുപോലെ നിങ്ങൾ ഇവിടെ എത്തുവോളം നിങ്ങ
ളുടെ ദൈവമായ യഹോവ മരുഭൂമിയിൽ നിങ്ങളുടെ വഴിയിലെല്ലാം നിങ്ങളെ
വഹിച്ചു. 32ഇതെല്ലാമായിട്ടും നിങ്ങൾ കൂടാരം അടിക്കേണ്ട സ്ഥലം അന്വേഷിപ്പാനും
നിങ്ങൾ പോകേണ്ട വഴി കാണിക്കുവാനും പകൽ മേഘമായും 33രാത്രി അഗ്നി
യായും നിങ്ങൾക്കുമുമ്പായി കടന്നുപോയ ദൈവമായ യഹോവയെ നിങ്ങൾ വിശ്വ
സിച്ചില്ല. 34യഹോവ നിങ്ങളുടെ വാക്കുകേട്ടുകോപിച്ച് സത്യം ചെയ്തു പറഞ്ഞു:
35യെഫുന്നയുടെ മകനായ കാലേബ് ഒഴികെ ഈ ദുഷ്ടതലമുറയിലെ പുരുഷ
ന്മാരാരും ഞാൻ പിതാക്കൻമാർക്കു വാഗ്ദാനം ചെയ്ത നല്ലദേശം കാണുകയില്ല.
അവൻ അതു കാണും. 36അവൻ യഹോവയെ പൂർണ്ണമായി അനുസരിച്ചതു
കൊണ്ട് അവൻ നടന്നദേശമെല്ലാം ഞാൻ അവനും അവന്റെ സന്തതിക്കും കൊടു
ക്കും.

ഇതുപോലെ അവരെ നോക്കിനടത്തികൊണ്ടുവന്ന ദൈവം താൻ വാഗ്ദാനം ചെയ്തനാട്ടിലേക്ക് കയറിച്ചെല്ലാൻ അവരോടുപറഞ്ഞപ്പോൾ അതനുസരിക്കാൻ ആ ജനതകൂട്ടാക്കിയില്ല. കാരണം അവർക്കുമുമ്പേപോയി ഉറ്റുനോക്കിയ ചാരന്മാരുടെ ഭയപ്പെടുത്തുന്ന പ്രസ്താവനകൾക്കു മുന്നിൽ ഇസ്രായേലിന്റെ ധൈര്യം ചോർന്നുപോയിരുന്നു. അവരുടെ നന്ദിയില്ലായ്മയും വിശ്വാസമില്ലായ്മയും ദൈവം ചെയ്തകാര്യങ്ങൾക്കുള്ള മതിപ്പില്ലായ്മയും ദൈവത്തെ അസ്വസ്ഥനും ദുഃഖിത

നുമാക്കി. അവിടെ വസിക്കുന്നവർ ആരായാലും ദൈവമാണ് ആ ഭൂമി അവരുടെ പക്കൽനിന്നും ഞങ്ങൾക്കായി നേടിത്തരാൻ പോകുന്നത് എന്നു വിശ്വസിക്കാൻ അവർക്കാർക്കും കഴിഞ്ഞില്ല. യോശുവയ്ക്കും കാലേബിനും ഒഴികെ.

അവരുടെ മറുതലിക്കലിനും വിശ്വാസമില്ലായ്മക്കും ദൈവം നല്കിയ മറുപടി 29, 30 വാക്യങ്ങളിൽ നമുക്കു കാണാം. (29എന്നാൽ ഞാൻ നിങ്ങളോടു പറഞ്ഞു: നിങ്ങൾ ഭ്രമിക്കുകയോ ഭയപ്പെടുകയോ അരുത്. 30നിങ്ങൾക്കുമുമ്പായി പോകുന്ന നിങ്ങളുടെ ദൈവമായ യഹോവ, ഈജിപ്തിൽ നിങ്ങളുടെ കൺമുമ്പിൽ വച്ചു ചെയ്തതുപോലെ നിങ്ങൾക്കുവേണ്ടു യുദ്ധം ചെയ്യും.)

മല്ലന്മാരായ ആളുകളുടെ നാട്ടിലേക്ക് തന്റെ ജനത്തെ അയച്ച് മല്ലന്മാരാൽ അവരുടെ മേൽ വിനാശം വരുത്തിവയ്ക്കാനല്ലായിരുന്നു ദൈവം പദ്ധതിയൊരുക്കിയത്. പകരം താൻ തന്നെ അവരുടെ മുന്നേ പോയി അവർക്കായി യുദ്ധം ചെയ്യുവാനായിരുന്നു. ഇതു പുതുതായിട്ടു നടക്കാൻ പോകുന്ന ഒരു കാര്യമല്ലെന്നും, ദൈവം ഈജിപ്തിൽ നിന്നും പുറപ്പെടുന്നതിനുമുന്നേ അവർക്കായി ഇതു തന്നെയാണ് ചെയ്തിരുന്നതെന്നും ദൈവം അവരെ ഓർമ്മിപ്പിക്കുന്നു. മരുഭൂമിയിലെ യാത്രയിലുടനീളം ദൈവം അവരുടെ മുന്നിലും പിന്നിലുമായുണ്ടായിരുന്നു. താഴേനൽകിയിരിക്കുന്ന വേദഭാഗങ്ങൾ കൂടി നോക്കുക:

> ആവർത്തനം 20:1-4 നീ ശത്രുക്കളോടു യുദ്ധം ചെയ്യുവാൻ പുറപ്പെടുമ്പോൾ കുതിരകളെയും രഥങ്ങളെയും നിന്നെക്കാൾ അധികം ജനത്തെയും കാണുമ്പോൾ ഭയപ്പെടരുത്: മിസ്രയീം ദേശത്തുനിന്നു നിന്നെ കൊണ്ടുവന്ന നിന്റെ ദൈവമായ യഹോവ നിന്നോടുകൂടെ ഉണ്ട്. 2നിങ്ങൾ യുദ്ധം ചെയ്യുവാൻ അടുക്കുമ്പോൾ പുരോഹിതൻ വന്ന് ജനത്തോടു സംസാരിക്കണം. 3അവൻ അവരോടു പറയണം: ഇസ്രായേലേ കേൾക്കുക; നിങ്ങൾ ഇന്നു ശത്രുക്കളോടു യുദ്ധത്തിനായി പുറപ്പെടുന്നു; അധൈര്യപ്പെടരുത്, പേടിക്കരുത്, നടുങ്ങിപ്പോകരുത്; അവരെ കണ്ടു ഭ്രമിക്കുകയുമരുത്. 4നിങ്ങളുടെ ദൈവമായ യഹോവ നിങ്ങൾക്കു വേണ്ടി ശത്രുക്കളോടു യുദ്ധം ചെയ്ത് നിങ്ങളെ രക്ഷിക്കുവാൻ നിങ്ങളോടുകൂടെ പോരുന്നു.
>
> ഏശയ്യ 45:2 ഞാൻ നിനക്കുമുമ്പായി പോകും; ദുർഘടങ്ങൾ നിരപ്പാക്കുകയും താമ്രവാതിലുകൾ തകർക്കുകയും ഇരുമ്പോടാമ്പലുകൾ മുറിച്ചുകളയുകയും ചെയ്യും.
>
> ഏശയ്യ 52:12 നിങ്ങൾ തിടുക്കത്തിൽ പോകുകയില്ല, ഓടിപ്പോകുകയുമില്ല; യഹോവ നിങ്ങൾക്കുമുമ്പിൽ നടക്കും; ഇസ്രായേലിന്റെ ദൈവം നിങ്ങൾക്കു പിമ്പിൽ കാവൽക്കാരനായിരിക്കും.
>
> ഏശയ്യ 58:8 അപ്പോൾ നിന്റെ വെളിച്ചം ഉഷസ്സുപോലെ പൊട്ടിവിടരും; നിനക്കു വളരെ വേഗത്തിൽ സൗഖ്യമുണ്ടാകും; നിന്റെ നീതി നിനക്കു മുമ്പായി നടക്കും; യഹോവയുടെ മഹത്വം നിന്റെ പിന്നിൽ കാവലായിരിക്കും.

ദൈവകരത്തിന്റെ ശക്തി എത്രമഹോന്നതമാണെന്നു നോക്കുക? അവൻ നിങ്ങൾക്കുമുമ്പേ പോയി നിങ്ങൾക്കായി പൊരുതുമ്പോൾ നിങ്ങൾ എന്തിനെക്കുറിച്ചെ



ങ്കിലും ഭയപ്പെടുകയോ അപകർഷതയോടെയിരിക്കുകയോ ചെയ്യേണ്ടതുണ്ടോ? നമുക്ക് ഒരു നാശവും, കുറവും ഉണ്ടാകാതിരിക്കാൻ വേണ്ടി നമ്മുടെ മുന്നേനടന്ന് എല്ലാക്കാര്യങ്ങളും യഥാവിധി ചെയ്യുന്ന നല്ല മാതാപിതാക്കളെപ്പോലെയാണ് നമ്മുടെ ദൈവം. സുരക്ഷിതമായും സൗമ്യമായും മുന്നോട്ടുപോയി വിജയങ്ങൾ കൈവരിക്കുവാനായി നമ്മെ നയിക്കുന്ന നമ്മുടെ നായകനാണ് ദൈവം. നമ്മുടെ നേരേ ചീറിയടുക്കുന്ന ഘോരശത്രുക്കളെ നമ്മുടെ മുന്നിൽ നിന്നു കൊണ്ടു പൊരുതി കീഴടക്കുന്ന ശക്തനായ സേനാനായകനാണ് നമ്മുടെ ദൈവം.

നിങ്ങൾ അവനെ കാണുന്നുണ്ടോ? അവന്റെ സാന്നിദ്ധ്യം ദർശിക്കുന്നുണ്ടോ? കഴിഞ്ഞ നാളുകളിലെല്ലാം അവൻ നിങ്ങൾക്കായി പൊരുതിയ കാര്യങ്ങൾ കുറിച്ചുവയ്ക്കുക. നിങ്ങളുടെ ഇപ്പോഴത്തെ ഭയങ്ങളും ഭാവിയിൽ ഉണ്ടാകുമെന്നുതോന്നുന്ന പോരാട്ടങ്ങളും എഴുതുക.

ഇതൊന്നും നിങ്ങൾക്കുപൊരുതാനുള്ള പോർക്കളമല്ല എന്നു വിശ്വസിക്കുക. നിങ്ങളുടെ മുമ്പാകെ നടന്ന് നിങ്ങൾക്കുവേണ്ടി തന്റെ ശക്തമായ കരം കൊണ്ടും നീട്ടിയ ഭുജത്താലും പൊരുതുന്ന ദൈവത്തിനു പൊരുതാനുള്ളതാണ് ഈ വെല്ലുവിളികൾ എന്നു വിശ്വസിക്കുക.

ദൈവം നിങ്ങൾക്കായി പൊരുതുമ്പോൾ നിങ്ങളുടെ പ്രലോഭനങ്ങൾ നിങ്ങൾക്ക് അതിജീവിക്കുവാൻ കഴിയുമോ?

നിങ്ങൾക്ക് അതിജീവിക്കുവാൻ കഴിയില്ലെന്നുതോന്നുന്ന പ്രലോഭനങ്ങൾ ഏതെന്നെഴുതി അവയെ ദൈവത്തിനു ഭരമേൽപ്പിക്കുക – വിശ്വസ്തതയോടെ ദൈവത്തോടുചേർന്നുനിന്ന് അവൻ നല്കുന്ന വിടുതൽ കാണാനായി ഉറച്ചുനിൽക്കുക.

പാഠം 6

# ന്യായം വിധിക്കുന്ന ദൈവത്തിന്റെ ശക്തമായ കരം

ദൈവത്തിന്റെ വിധികൾ മനസ്സിലാക്കാൻ എളുപ്പമുള്ളതാണ് – അനുഗ്രഹം അല്ലെങ്കിൽ ശാപം

> ആവർത്തനം 2:7 നിന്റെ ദൈവമായ യഹോവ നിന്റെ കൈകളുടെ സകല പ്രവർത്തികളിലും നിന്നെ അനുഗ്രഹിച്ചിരിക്കുന്നു; ഈ മഹാമരുഭൂമിയിൽ നീ സഞ്ചരിക്കുന്നത് അവൻ അറിഞ്ഞിരിക്കുന്നു.
> ആവർത്തനം 2:14-23 നാം കാദേശ്ബർന്നേയയിൽ നിന്നു പുറപ്പെട്ടതുമുതൽ

സേരെദ്തോടു കടക്കുന്നതുവരെയുള്ള കാലം 38 വർഷം ആയിരുന്നു; അതിനി
ടയിൽ യോദ്ധാക്കളായിരുന്ന തലമുറയൊക്കെയും യഹോവ അവരോടു സത്യം
ചെയ്തതുപോലെ പാളയത്തിൽനിന്നു നശിച്ചുപോയി. 15അവർ നശിച്ചു തീരുവോളം
യഹോവയുടെ കൈ അവരെ പാളയത്തിൽനിന്നു നശിപ്പിക്കുവാൻ തക്കവണ്ണം
അവർക്കെതിരായിരുന്നു. 16ഇങ്ങനെ യോദ്ധാക്കളൊക്കെയും ജനത്തിന്റെ ഇടയിൽ
നിന്നു മരിച്ച് അവസാനിച്ചശേഷം 17യോഹോവ എന്നോടു കൽപ്പിച്ചത്: 18നീ ഇന്ന്
ആർ എന്ന മോവാബ്യദേശത്തുകൂടി കടക്കുവാൻ പോകുന്നു. 19അമ്മോന്യരോട്
അടുത്തു ചെല്ലുമ്പോൾ അവരെ ഞെരുക്കരുത്; അവരോടു പടപൊരുതുകയും
അരുത്; ഞാൻ അമ്മോന്യരുടെ ദേശത്തു നിനക്ക് അവകാശം തരുകയില്ല; അത്
ഞാൻ ലോത്തിന്റെ മക്കൾക്ക് അവകാശമായി കൊടുത്തിരിക്കുന്നു. 20അതും
മല്ലൻമാരുടെ ദേശമെന്നു വിചാരിച്ചു വരുന്നു; മല്ലൻമാർ പണ്ട് അവിടെ പാർത്തി
രുന്നു; അമ്മോന്യർ അവരെ സംസുമ്മ്യർ എന്നു വിളിക്കുന്നു. 21അവർ വലിപ്പവും
പെരുപ്പവും അനാക്യരെപ്പോലെ പൊക്കവുമുള്ള ജനതയായിരുന്നു; എങ്കിലും
യഹോവ അവരെ അവരുടെ മുമ്പിൽ നിന്നു നശിപ്പിച്ചു; ഇങ്ങനെ അവർ അവ
രുടെ ദേശം കൈവശമാക്കി അവരുടെ സ്ഥലത്തു പാർത്തു. 22അവൻ സേയിരിൽ
പാർക്കുന്ന ഏശാവിന്റെ മക്കൾക്കുവേണ്ടി ചെയ്തതുപോലെ, അവൻ ഹോര്യരെ
അവരുടെ മുമ്പിൽ നിന്നു നശിപ്പിച്ചിട്ട് അവർ അവരുടെ ദേശം കൈവശമാക്കി
അവരുടെ സ്ഥലത്ത് ഇന്നുവരെയും പാർക്കുന്നു. 23കഫ്തോരിൽ നിന്നു വന്ന
കഫ്തോര്യരും ഗസ്സാവരെയുള്ള ഊരുകളിൽ പാർത്തിരുന്ന അവ്യരെ നശിപ്പിച്ച്
അവരുടെ സ്ഥലത്തു പാർത്തു.

യിരമ്യ 17:5-7 യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു: മനുഷ്യനിൽ ആശ്രയിച്ചു
ജഡത്തെ തന്റെ ഭുജമാക്കി ഹൃദയം കൊണ്ട് യഹോവയിൽനിന്നു വിട്ടകലുന്ന
മനുഷ്യൻ ശപിക്കപ്പെട്ടവനാകുന്നു. 6അവൻ മരുഭൂമിയിലെ ചൂരൽചെടി
പോലെയാകും; നന്മവരുമ്പോൾ അവൻ അതു കാണാതെ മരുഭൂമിയിലെ വരണ്ട
പ്രദേശങ്ങളിലും നിവാസികളില്ലാത്ത ഉപ്പുനിലത്തിലും പാർക്കും. 7യഹോവയിൽ
ആശ്രയിക്കുകയും യഹോവതന്നെ പ്രത്യാശയായിരിക്കുകയും ചെയ്യുന്ന മനുഷ്യൻ
ഭാഗ്യവാൻ.

**നമ്മുടെ ആശ്രയമെന്തിലാണ് എന്നതിനെ ആശ്രയിച്ചാണ് ദൈവം എങ്ങനെ നമ്മെ ന്യായം വിധിക്കുന്നു എന്നു നിശ്ചയിക്കുന്നത്. ഇതാണ് ഇസ്രായേൽ ജനതയ്ക്കും സംഭവിച്ചത് – തന്റെ നീട്ടിയഭുജത്താൽ തങ്ങളെ ഈജിപ്തിന്റെ അടിമത്തത്തിൽ നിന്നും വിടുവിച്ച ദൈവം അതേ കരത്താൽ വാഗ്ദത്തനാട്ടിൽ കുടിയേറിയിരിക്കുന്ന മല്ലന്മാരെ കീഴടക്കി ദേശം തങ്ങൾക്കായിത്തരുമെന്ന വിശ്വാസം അ വർക്കില്ലാതെ പോയി. ദൈവത്തിലുള്ള ആശ്രയം നഷ്ടപ്പെട്ട അവർക്ക് മരുഭൂമിയിൽ നീണ്ട നാല്പതു വർഷക്കാലം അലഞ്ഞു നടക്കേണ്ടതായും, തങ്ങളുടെകൂ ടെയുണ്ടായിരുന്ന മുതിർന്നവരെയെല്ലാം നഷ്ടപ്പെടേണ്ടതായും വന്നു. (വാ 14–15)**

**മറുതലിച്ചവരെല്ലാം നശിച്ചതിനു ശേഷം ദൈവം അടുത്ത തലമുറയെ വാഗ്ദത്തനാട്ടിലേക്കു നയിക്കുകയും, അവർക്കായി അവൻ എന്തൊക്കെ ചെയ്യുമെന്ന് അറിയിക്കുകയും ചെയ്തു.**

ആവർത്തനം 7:16-26 നിന്റെ ദൈവമായ യഹോവ നിന്റെ കൈയിൽ ഏല്പ്പി
ക്കുന്ന സകല ജനതകളെയും നീ നശിപ്പിച്ചുകളയണം; നിനക്ക് അവരോടു കരുണ



തോന്നരുത്; അവരുടെ ദേവന്മാരെ നീ ആരാധിക്കരുത്; അതുനിനക്കു കെണി
യായിത്തീരും. 17ഈ ജനതകൾ എന്നെക്കാൾ പെരുപ്പമുള്ളവർ ആകുന്നു; അവരെ
നീക്കിക്കളയുവാൻ എനിക്ക് എങ്ങിനെ കഴിയും എന്ന് നീ നിന്റെ ഹൃദയത്തിൽ പറ
യുമായിരിക്കും. 18നീ അവരെഭയപ്പെടരുത്; പിന്നേയോ നിന്റെ ദൈവമായ യഹോവ
ഫറവോനോടും എല്ലാ മിസ്രയീമ്യരോടും ചെയ്തത് നീ നല്ലവണ്ണം ഓർക്കണം.
19നിന്റെ കണ്ണുകൾകൊണ്ട് കണ്ട വലിയ പരീക്ഷകളും അടയാളങ്ങളും അത്ഭുത
ങ്ങളും, നിന്റെ ദൈവമായ യഹോവ നിന്നെ പുറപ്പെടുവിച്ച ബലമുള്ള കൈയും
നീട്ടിയ ഭുജവും തന്നെ. നീ ഭയപ്പെടുന്ന സകല ജനതകളോടും നിന്റെ ദൈവ
മായ യഹോവ അങ്ങനെ ചെയ്യും. 20അത്രയുമല്ല, അവശേഷിച്ചിരിക്കുന്നവരും
നിന്റെ മുമ്പിൽ നിന്ന് ഒളിക്കുന്നവരും നശിച്ചുപോകുന്നതുവരെ നിന്റെ ദൈവ
മായ യഹോവ അവരുടെ ഇടയിൽ കടന്നലുകളെ അയക്കും. 21നീ അവരെ കണ്ടു
ഭ്രമിക്കരുത്; നിന്റെ ദൈവമായ യഹോവ എന്ന വലിയവനും ഭയങ്കരനുമായ ദൈവം
നിങ്ങളുടെ മദ്ധ്യേ ഉണ്ട്. 22ആ ജനതകളെ നിന്റെ ദൈവമായ യഹോവ അല്പാ
ല്പമായി നിന്റെ മുമ്പിൽ നിന്നു നീക്കിക്കളയും; കാട്ടുമൃഗങ്ങൾ പെരുകി നിനക്ക്
ഉപദ്രവമാകാതിരിക്കുവാൻ അവരെ ക്ഷണത്തിൽ നശിപ്പിച്ചുകൂടാ. 23നിന്റെ ദൈവ
മായ യഹോവ അവരെ നിന്റെ കൈയിൽ ഏല്പ്പിക്കുകയും അവർ നശിച്ചുപോകു
ന്നതുവരെ അവർക്കു മഹാവിഭ്രാന്തി വരുത്തുകയും ചെയ്യും. 24അവൻ അവരുടെ
രാജാക്കന്മാരെ നിന്റെ കൈയിൽ ഏല്പ്പിക്കും; നീ അവരുടെ നാമം ആകാശത്തിൻ
കീഴിൽനിന്ന് ഇല്ലാതാക്കണം. അവരെ നശിപ്പിച്ചുകളയുന്നതുവരെ ഒരു മനുഷ്യനും
നിന്റെ മുമ്പിൽ നിൽക്കുകയില്ല. 25അവരുടെ ദേവപ്രതിമകളെ തീയിലിട്ടുചുട്ടുകള
യണം; നീ വശീകരിക്കപ്പെടാതിരിക്കുവാൻ അവയിന്മേലുള്ള വെള്ളിയും പൊന്നും
മോഹിച്ച് എടുക്കരുത്; അതു നിന്റെ ദൈവമായ യഹോവയ്ക്ക് അറപ്പാകുന്നു.
26നീയും അതുപോലെ ശാപമായിത്തീരാതിരിക്കേണ്ടതിന് അറപ്പായുള്ളത് നിന്റെ
വീട്ടിൽ കൊണ്ടുപോകരുത്; അതു നിനക്ക് അത്യന്തം അറപ്പും വെറുപ്പുമായിരി
ക്കണം; അതു ശാപഗ്രസ്തമല്ലോ?

**കാനാന്യരെ തുരത്താനായി കടന്നലുകളെ അയക്കുമെന്ന് ദൈവം ഇവിടെ പറയുന്നു. വിനാശകാരികളായ വലിയ കാട്ടുകടന്നലുകളെയാണ് ഇവിടെ വിവക്ഷിക്കുന്നത്. പുറപ്പാട് 23:28 ലും ഇസ്രായേലിനു മുമ്പാകെ കാട്ടുകടന്നലുകളെ അയച്ച് ഹിവ്യരെയും കാനാന്യരെയും ഹിത്യരെയും തുരത്തുമെന്ന് ദൈവം പറഞ്ഞു.**

ജ്വോഷ്വ 24:11-12 പിന്നെ നിങ്ങൾ യോർദ്ദാൻ കടന്ന് യെരീഹോവിലേക്കു വന്നു;
യെരീഹോ നിവാസികൾ, അമോര്യർ, പെരീസ്യർ, കനാന്യർ, ഹിത്യർ, ഗിർഗ്ഗാശ്യർ,
ഹിവ്വ്യർ, യെബുസ്യർ എന്നിവർ നിങ്ങളോടു യുദ്ധംചെയ്തു; ഞാൻ അവരെ നിങ്ങ
ളുടെ കൈയിൽ ഏല്പ്പിച്ചു. 12ഞാൻ നിങ്ങളുടെ മുമ്പിൽ കടന്നലിനെ അയച്ചു;
അത് നിങ്ങളുടെ മുമ്പിൽനിന്ന് അമോര്യരുടെ ആ രണ്ടു രാജാക്കന്മാരെ ഓടിച്ചു
കളഞ്ഞു; നിന്റെ വാൾകൊണ്ടോ നിന്റെ വില്ലുകൊണ്ടോ അല്ല അതു സാധിച്ചത്.

**കടന്നലിനെ അയച്ചു എന്നു പറഞ്ഞതിനർത്ഥം ദൈവം അവരെ ഭയപ്പെടുത്തി എന്നു തന്നെയാണ് – കടന്നലുകളെത്തന്നെ അയച്ചു എന്നല്ല. നോക്കുക:**

പുറപ്പാട് 23:20 ഇതാ, വഴിയിൽ നിന്നെ സൂക്ഷിക്കേണ്ടതിനായും ഞാൻ ഒരുക്കിയിരിക്കുന്ന ദേശത്തേക്കുനിന്നെ കൊണ്ടുപോകേണ്ടതിനായും ഞാൻ ഒരു ദൂതനെ നിനക്കു മുമ്പായി അയക്കുന്നു.

വാ 23 എന്റെ ദൂതൻ നിനക്കു മുമ്പായി പോകുകയും അമോര്യർ, ഹിത്യർ, പെരിസ്യർ, കനാന്യർ, ഹിവ്യർ, യെബൂസ്യർ എന്നിവരുടെ ദേശത്തേക്കു നിന്നെ കൊണ്ടു പോകുകയും ചെയ്യും; ഞാൻ അവരെ ഛേദിച്ചുകളയും.

വാ 27 ഞാൻ നിനക്കു മുമ്പായി എന്റെ ഭീതിയെ അയച്ചു നിന്നെ നേരിടുന്ന ജനതകളിൽ സംഭ്രാന്തി ഉളവാക്കും; നിന്റെ സകല ശത്രുക്കളും പിന്തിരിഞ്ഞോടുവാൻ ഇടയാക്കും.

**നാം ആദ്യം വായിച്ച വചനത്തിൽ നിന്നും രണ്ടുവാക്യങ്ങൾ ഒന്നുകൂടി വായച്ചിട്ട് നമുക്കു നിർത്താം.**

ആവർത്തനം 2:20-23 അതും മല്ലൻമാരുടെ ദേശമെന്നു വിചാരിച്ചു വരുന്നു; മല്ലൻമാർ പണ്ട് അവിടെ പാർത്തിരുന്നു; അമ്മോന്യർ അവരെ സംസുമ്മ്യർ എന്നു വിളിക്കുന്നു. 21അവർ വലിപ്പവും പെരുപ്പവവും അനാക്യരെപ്പോലെ പൊക്കവുമുള്ള ജനതയായിരുന്നു; എങ്കിലും യഹോവ അവരെ അവരുടെ മുമ്പിൽ നിന്നു നശിപ്പിച്ചു; ഇങ്ങനെ അവർ അവരുടെ ദേശം കൈവശമാക്കി അവരുടെ സ്ഥലത്തു പാർത്തു. 22അവൻ സേയിരിൽ പാർക്കുന്ന ഏശാവിന്റെ മക്കൾക്കുവേണ്ടി ചെയ്തതുപോലെ, അവൻ ഹോര്യരെ അവരുടെ മുമ്പിൽ നിന്നു നശിപ്പിച്ചിട്ട് അവർ അവരുടെ ദേശം കൈവശമാക്കി അവരുടെ സ്ഥലത്ത് ഇന്നുവരെയും പാർക്കുന്നു. 23കഫ്തോരിൽ നിന്നു വന്ന കഫ്തോര്യരും ഗസ്സാവരെയുള്ള ഊരുകളിൽ പാർത്തിരുന്ന അവ്യരെ നശിപ്പിച്ച് അവരുടെ സ്ഥലത്തു പാർത്തു.

**ദൈവത്തിന്റെ വിധിയിൽ നിന്നും ആർക്കും രക്ഷപെടാൻ സാദ്ധ്യമല്ല.**

**എബ്രായർ 10:26–31 വായിച്ച് ആത്മപരിശോധന നടത്താം നമുക്ക് – ബോധപൂർവ്വം ചെയ്യുന്ന പാപങ്ങൾ നമ്മിലുണ്ടോ? 31–ാം വാക്യം വായിച്ചു നമുക്കു മാനസാന്തരപ്പെടാം –** ജീവനുള്ള ദൈവത്തിന്റെ കയ്യിൽഅകപ്പെടുന്നതു എത്രഭീതികരം!

പാഠം 7

# ശാന്തനാകുക, ദൈവകരത്തിന്റെ പ്രവർത്തനം കാണുക

**പുറപ്പാടിന്റെ 14–ാം അദ്ധ്യായം വായിക്കുക.**

**മനഃപൂർവ്വമായാണ് ദൈവം ഇസ്രായേലിനെ ഈജിപ്തിന്റെ സൈന്യത്തിനും ചെങ്കടലിനും ഇടയിലാക്കിയത്. ദൈവത്തിനു പദ്ധതികൾ വ്യക്തമായിരുന്നു, അവൻ അതു മോശയ്ക്കു വെളിപ്പെടുത്തി കൊടുത്തിരുന്നു (വാ 1–4). എന്നാൽ**



**സന്ദർഭം അടുത്തുവന്നപ്പോൾ ഇസ്രായേലിന്റെ തനിനിറം വെളിവായി. അവർ ദൈവത്തിനെതിരെയും മോശയ്ക്കെതിരെയും പിറുപിറുക്കാനാരംഭിച്ചു.**

വാ 11-14 അവർ മോശയോട്: മിസ്രയീമിൽ ശവക്കുഴികളില്ലാതിരുന്നിട്ടാണോ നീ ഞങ്ങളെ മരുഭൂമിയിൽ മരിക്കുവാനായി കൂട്ടിക്കൊണ്ടുവന്നത്? നീ ഞങ്ങളെ മിസ്രയീമിൽ നിന്നു കൂട്ടിക്കൊണ്ടു വന്ന് ഇങ്ങനെ ചെയ്തത് എന്തുകൊണ്ട്? 12മിസ്രയീമ്യർക്കുവേല ചെയ്യുവാൻ ഞങ്ങളെ വിടണം എന്ന് ഞങ്ങൾ മിസ്രയീമിൽ വച്ചു നിന്നോടു പറഞ്ഞില്ലയോ? ഞങ്ങൾ മരുഭൂമിയിൽ മരിക്കുന്നതിനേക്കാൾ നല്ലത് മിസ്രയീമ്യർക്കു വേല ചെയ്യുന്നതായിരുന്നു, എന്നു പറഞ്ഞു. 13അതിനു മോശ ജനത്തോട്: ഭയപ്പെടേണ്ട; ഉറച്ചുനിൽക്കുവിൻ; ഇന്നു യഹോ വ നിങ്ങൾക്കു ചെയ്യുവാനിരിക്കുന്ന രക്ഷ കണ്ടുകൊള്ളുവിൻ; നിങ്ങൾ ഇന്നു കണ്ടിരിക്കുന്ന മിസ്രയീമ്യരെ ഒരുനാളും കാണുകയില്ല. 14യഹോവ നിങ്ങൾക്കു വേണ്ടി യുദ്ധം ചെയ്യും; നിങ്ങൾ ശാന്തരായിരിക്കുവിൻ എന്നു പറഞ്ഞു.

**നാം ദൈവത്തിൽ പൂർണ്ണമായി ആശ്രയിക്കണമെന്നതാണ് ദൈവത്തിനു നമ്മുടെ മേലുള്ള പ്രതീക്ഷ. എന്നാൽ അവനെ സംശയിക്കുവാനാണ് നമുക്ക് എപ്പോഴുമുള്ള പ്രലോഭനം. ഇപ്പോൾ നടക്കുന്ന കാര്യങ്ങൾ മാത്രമാണ് നാം കാണുന്നത്, ദൈവകരം നമുക്കായി മുന്നേചെയ്തതും ഭാവിയിൽ ചെയ്യുമെന്ന് വാഗ്ദാനം ചെയ്തതുമെല്ലാം നാം മറക്കുന്നു. അന്തിമവിജയം അവനായിരുക്കുമെന്നകാര്യം നാം ഓർമ്മിക്കുന്നുമില്ല.**

**മറവിയിൽ ജീവിച്ചതിനാൽ ഇവർ ദൈവകരത്താൽ രക്ഷിക്കപ്പെടുന്നതിനേക്കാൾ നല്ലത് ഈജിപ്തിൽ മരിക്കുന്നതായിരുന്നു എന്നു വിചാരിച്ചു. ശിഷ്യനാകുന്നതിനുമുമ്പുണ്ടായിരുന്ന ജീവിതമാണ് നല്ലത് എന്ന് എപ്പോഴെങ്കിലും നിങ്ങൾ വിചാരിച്ചിട്ടുണ്ടോ? (തീർച്ചയായും തോന്നുന്നതെന്തും ചെയ്യുവാനും അനുഭവിക്കുവാനുമുള്ള ദുഃസ്വാതന്ത്ര്യം നിങ്ങൾ അപ്പോൾ അവകാശമാക്കിയിരുന്നു). ശിഷ്യത്വവഴിയിൽ വെല്ലുവിളികൾ അനേകമുണ്ട്. എന്നാൽ നിങ്ങളുടെ ലക്ഷ്യസ്ഥാനം ഒരിക്കലും കണ്ണിൽ നിന്നും മായരുത്. വിശ്വസ്തനായ ദൈവം തന്റെ കരം നീട്ടി അവൻ നമുക്കുവാഗ്ദാനം ചെയ്ത ലക്ഷ്യസ്ഥാനത്തിലേക്ക് നമ്മെ എത്തിക്കും.**

**പരാതിപറയുന്ന ജനത്തിന്റെയും മോശയുടെയും മനോഭാവത്തിലുള്ള വ്യത്യാസം പരിഗണിച്ചാൽ, ഭയത്താൽകുലുങ്ങി വിറയ്ക്കാതെ ദൈവത്തിലും അവന്റെ പദ്ധതികളിലും കഴിവുകളിലും പൂർണ്ണമായി വിശ്വസിക്കുന്ന മോശയും ഭയന്നുവിറയ്ക്കുന്ന ജനത്തെയും നമുക്കു കാണാം. 13–ാം വാക്യത്തിൽ മോശ അവരോടു പറഞ്ഞ മറുപടി നോക്കുക:** (ഭയപ്പെടേണ്ട; ഉറച്ചുനിൽക്കുവിൻ; ഇന്ന് യഹോവ നിങ്ങൾക്കു ചെയ്യുവാനിരിക്കുന്ന രക്ഷ കണ്ടുകൊള്ളുവിൻ; നിങ്ങൾ ഇന്നു കണ്ടിരിക്കുന്ന മിസ്രയീമ്യരെ ഒരുനാളും കാണുകയില്ല. 14യഹോവ നിങ്ങൾക്കു വേണ്ടി യുദ്ധം ചെയ്യും; നിങ്ങൾ ശാന്തരായിരിക്കുവിൻ എന്നു പറഞ്ഞു.)

**വലിയപ്രതിസന്ധികൾ നമ്മുടെ ജീവിതത്തിൽ ഉണ്ടാകുമ്പോൾ എനിക്കിവിടെ എന്തു ചെയ്യാൻ കഴിയും എന്നു വിചാരിച്ചു ഹൃദയം കലങ്ങുന്ന നമുക്കുവേണ്ടിയുള്ളതാണ് അതി ശ്രേഷ്ടമായ ഈ മറുപടി.** (യഹോവ നിങ്ങൾക്കുവേണ്ടി യുദ്ധം

ചെയ്യും; നിങ്ങൾ ശാന്തരായിരിക്കുവിൻ). **വിവിധ പരിഭാഷകൾ എന്തുപറയുന്നു എന്നു നമുക്കു നോക്കാം:**

കർത്താവു നിനക്കായി യുദ്ധം ചെയ്യും, നീ ശാന്തനായി ഇരുന്നാൽ മതി (NIV)
യഹോതന്നെ നിനക്കായി യുദ്ധം ചെയ്യും, നീ അടങ്ങിയിരിക്കുക (NLT)
കർത്താവു നിനക്കായി പോരാടും, നീ നിശബ്ദനായിരുന്നാൽ മാത്രം മതി. (ESV)
നീ നിശബ്ദനായിരിക്കുമ്പോൾ യഹോവ നിനക്കായി പൊരുതും (NASB)

**ശാന്തരായിരിപ്പിൻ എന്നതിന്റെ അർത്ഥം പ്രതിമപോലെ നിൽക്കണമെന്നതല്ല പകരം നിശബ്ദനായിരിക്കുക അല്ലങ്കിൽ നാവിനെ അടക്കുക എന്നതാണ്.**

**അവർ നാവിനെ എന്തിനുവേണ്ടിയാണ് ഉപയോഗിച്ചത്? പരാതിപറയാൻ, പിറുപിറുക്കാൻ, സംശയവും അതൃപ്തിയും വിളിച്ചുപറയാൻ. ഹൃദയം നിറഞ്ഞു കവിയുന്നത് അധരം പ്രസ്താവിക്കുന്നു എന്ന് യേശു പറഞ്ഞിരിക്കുന്നുവല്ലോ?**

> ഏശയ്യ 43:6-7 ഞാൻ വടക്കിനോട് തരുക എന്നും തെക്കിനോട് തടുത്തുവ
> യ്ക്കരുത് എന്നും കല്പിക്കും; ദൂരത്തുനിന്ന് എന്റെ പുത്രന്മാരെയും ഭൂമിയുടെ
> അറ്റത്തുനിന്ന് എന്റെ പുത്രിമാരെയും കൊണ്ടുവരും. 7എന്റെ നാമത്തിൽ വിളിച്ചും
> എന്റെ മഹത്ത്വത്തിനായി സൃഷ്ടിച്ചു രൂപപ്പെടുത്തി ഉണ്ടാക്കിയവരുമായ ഏവരെയും
> തന്നെ.

**അവരുടെ വാക്കുകൾതന്നെ അവരുടെ വിശ്വാസമില്ലായ്മക്കുള്ള തെളിവാണ് (ലൂക്ക 6:45). ദൈവവും മോശയും ഇസ്രായേൽ ജനതയിൽ നിന്നും പ്രതീക്ഷിച്ചിരുന്നത് എന്താണ്? ദൈവത്തിന്റെ വിടുതൽ ക്രിയയ്ക്കായി വിശ്വസ്തതയോടെ കാത്തിരിക്കണമെന്നതു തന്നെ.**
**ഇതിനു ശേഷം എന്താണു സംഭവിച്ചത്? ദൈവകരം ചെയ്ത പ്രവർത്തികളിൽ ഏറ്റവും അത്ഭുതകരമായ ഒന്നാണ് പിന്നീടു നാം കാണുന്നത്.**

> പുറപ്പാട് 14:15-16 അപ്പോൾ യഹോവ മോശയോട് അരുളിച്ചെയ്തത്: നീ
> എന്നോടു നിലവിളിക്കുന്നത് എന്ത്? മുമ്പോട്ടുപോകാൻ യിസ്രായേൽ മക്കളോടു പറ
> യുക. 16നിന്റെ വടി എടുത്തു കടലിന്മേൽ നിന്റെ കൈവീശി അതിനെ വിഭാഗിക്കുക;
> ഇസ്രായേൽമക്കൾ കടലിന്റെ മദ്ധ്യേ ഉണങ്ങിയ നിലത്തുകൂടി നടന്നുപോകും.

**സമാധാനത്തോടെ ഇസ്രായേലിനെ മുന്നോട്ടുനയിക്കാനാണ് ദൈവം ആവശ്യപ്പെട്ടത് - മുന്നിൽ വഴിതെളിയാത്തപ്പോൾപ്പോലും. ഇതാണുവിശ്വാസത്താലുള്ള യാത്ര. അങ്ങനെ നാം മുന്നോട്ടു പോകുമ്പോൾ നമുക്കു കാണാൻ കഴിയാത്ത വഴികൾ ദൈവം തുറക്കും, അതു കാണുന്നതാണ് ഏറ്റവും ആശ്ചര്യകരമായത്.**

> വാ 19-22 അനന്തരം ഇസ്രായേല്യരുടെ സൈന്യത്തിനു മുമ്പേ പോയ ദൈവദൂ
> തൻ അവിടെനിന്നു മാറി അവരുടെ പിമ്പേ പോകുവാൻ തുടങ്ങി; മേഘസ്തം
> ഭവും അവരുടെ മുമ്പിൽ നിന്നുമാറി പിമ്പിൽ പോയി. 20രാത്രിമുഴുവനും മിസ്ര
> യീമ്യരുടെ സൈന്യവും ഇസ്രായേല്യരുടെ സൈന്യവും തമ്മിൽ അടുക്കാത്തവിധം



> അത് അവയുടെ മദ്ധ്യേ വന്നു; അവർക്കു മേഘവും അന്ധകാരവും ആയിരുന്നു;
> ഇവർക്കോ രാത്രിയെ പ്രകാശമാക്കിക്കൊടുത്തു. 21മോശെ കടലിൻമേൽ കൈനീട്ടി;
> യഹോവ അന്നു രാത്രി മുഴുവനും മഹാശക്തിയുള്ള ഒരു കിഴക്കൻ കാറ്റ് അടി
> പ്പിച്ചു; കടൽ പിൻവാങ്ങി ഉണങ്ങിയ നിലമായിത്തീർന്നു; അങ്ങനെ വെള്ളം വിഭാ
> ഗിക്കപ്പെട്ടു. 22ഇസ്രായേൽ മക്കൾ കടലിന്റെ മദ്ധ്യേ ഉണങ്ങിയ നിലത്തുകൂടി നട
> ന്നുപോയി; അവരുടെ ഇടത്തും വലത്തും വെള്ളം മതിലായി നിന്നു.

**മാലാഖ പിന്നിലേക്കുമാറി അവരെ സംരക്ഷിച്ചതു മാത്രമല്ല, രാത്രിമുഴുവൻ മേഘസ്തംഭം അവർക്കു വെളിച്ചമായും ഈജിപ്തുകാർക്കു ഇരുളായും നിലകൊണ്ടു. കിഴക്കൻ കാറ്റിനെ അയച്ച് ദൈവം ചെങ്കടലിനെ വിഭജിച്ചു, സാധാരണ രീതിയിൽ ചെളി പുരണ്ടു കിടക്കുന്ന കടൽത്തട്ട് അവർക്കു നടക്കാൻ തക്കവണ്ണം ഉണങ്ങിയ നിലമായിത്തീർന്നു.**

**ഇതിൽ നിന്ന് നിങ്ങളെന്താണ് പഠിക്കുന്നത്? വെല്ലുവിളികളെ നിങ്ങൾ എങ്ങിനെ നേരിടണം? നിങ്ങൾ അഭിമുഖീകരിച്ച ഏറ്റവും വലിയവെല്ലുവിളിയിൽ ദൈവം നിങ്ങളെ എപ്രകാരം വിടുവിച്ചു? മറ്റുള്ളവരുടെ പ്രതിസന്ധികളിൽ ദൈവം ചെയ്ത മഹദ്കാര്യങ്ങളും കൂടെ ഓർക്കുക. അതിൽ നിന്നും പാഠങ്ങൾ ഉൾക്കൊള്ളുക.**

**പ്രതിസന്ധിഘട്ടങ്ങളിൽ നിങ്ങളുടെ നാവിനെ എപ്രകാരമാണ് നിങ്ങൾ ഉപയോഗിച്ചിരുന്നത്? ഇനിയുള്ള കാലം നിങ്ങൾ അതിനെ എപ്രകാരം ഉപയോഗിക്കും?**

പാഠം 8

# ഏറ്റവും മികച്ചതു നല്കുന്ന ദൈവകരം

> ആവർത്തനം 11:10-21 നീ കൈവശമാക്കാൻ ചെല്ലുന്ന ദേശം നീ വിട്ടുപോന്ന
> മിസ്രയീം ദേശംപോലെയല്ല; അവിടെ നീ വിത്തുവിതച്ചിട്ട് പച്ചക്കറിത്തോട്ടംപോലെ
> നിന്റെ കാലുകൾ കൊണ്ടു നനയ്ക്കേണ്ടിവന്നു. 11നിങ്ങൾ കൈവശമാക്കാൻ ചെല്ലുന്ന
> ദേശമോ മലകളും താഴ്വരകളും ഉള്ളതും ആകാശത്തുനിന്നു വീഴുന്ന മഴവെള്ളം
> കുടിക്കുന്നതും 12നിന്റെ ദൈവമായ യഹോവ പരിപാലിക്കുന്നതുമായ ദേശം ആകു
> ന്നു. ആണ്ടിന്റെ ആരംഭം മുതൽ അവസാനം വരെ നിന്റെ ദൈവമായ യഹോവ
> യുടെ ദൃഷ്ടി എപ്പോഴും അതിന്മേൽ ഇരിക്കുന്നു. 13നിങ്ങളുടെ ദൈവമായ യഹോ
> വയെ നിങ്ങൾ സ്നേഹിക്കുകയും പൂർണ്ണഹൃദയത്തോടും പൂർണ്ണമനസ്സോടും
> അവനെ ആരാധിക്കുകയും ചെയ്തുകൊണ്ട് ഞാൻ ഇന്നു നിങ്ങളോടു കൽപ്പി
> ക്കുന്ന കല്പനകൾ ജാഗ്രതയോടെ അനുസരിച്ചാൽ, 14ധാന്യവും വീഞ്ഞും

എണ്ണയും ശേഖരിക്കേണ്ടതിന് ഞാൻ തക്ക സമയത്ത് നിങ്ങളുടെ ദേശത്തിനു
വേണ്ട മുൻമഴയും പിൻമഴയും പെയ്യിക്കും. 15ഞാൻ നിന്റെ നിലത്ത് നിന്റെ കന്നു
കാലികൾക്കു പുല്ലു തരും; നീ തൃപ്തിയാകുവോളം ഭക്ഷിക്കും. 16നിങ്ങളുടെ ഹൃദയം
വഞ്ചിക്കപ്പെട്ട്, നിങ്ങൾ നേർവഴിവിട്ട് അന്യദൈവങ്ങളെ ആരാധിക്കുകയോ നമ
സ്കരിക്കുകയോ ചെയ്യാതിരിക്കുവാൻ സൂക്ഷിച്ചുകൊള്ളുവിൻ. 17അല്ലെങ്കിൽ
യഹോവയുടെ ക്രോധം നിങ്ങൾക്കുനേ രേ ജ്വലിക്കുകയും മഴ പെയ്യാതിരിക്കു
കയും ഭൂമി അനുഭവം തരാതിരിക്കുക യും യഹോവ നിങ്ങൾക്കു നൽകുന്ന നല്ല
ദേശത്തുനിന്ന് നിങ്ങൾ വേഗം നശിച്ചുപോകുകയും ചെയ്യും. 18ആകയാൽ നിങ്ങൾ
എന്റെ ഈ വചനങ്ങൾ നിങ്ങളുടെ ഹൃദയത്തിലും മനസ്സിലും സംഗ്രഹിക്കണം;
അവ നിങ്ങളുടെ കൈമേൽ അടയാളമായി കെട്ടണം; നിങ്ങളുടെ കണ്ണുകൾക്കു
മദ്ധ്യേ പട്ടമായിരിക്കുകയും വേണം. 19വീട്ടിൽഇരിക്കുമ്പോഴും വഴിയിലൂടെ നടക്കു
മ്പോഴും കിടക്കുമ്പോഴും എഴുന്നേല്ക്കുമ്പോഴും നിങ്ങൾ അവയെക്കുറിച്ചു സംസാ
രിച്ചുകൊണ്ട് നിങ്ങളുടെ മക്കൾക്ക് അവയെ ഉപദേശിച്ചു കൊടുക്കണം. 20അവയെ
നിന്റെ വീടിന്റെ കട്ടിളകളിന്മേലും പടിവാതിലുകളിന്മേലും എഴുതണം. 21യഹോവ
നിങ്ങളുടെ പിതാക്കന്മാർക്കു നൽകുമെന്ന് അവരോടു സത്യംചെയ്ത ദേശത്ത്
നിങ്ങളും നിങ്ങളുടെ മക്കളും ഭൂമിക്കുമീതെ ആകാശമുള്ള കാലത്തോളം ദീർഘാ
യുസ്സോടിരിക്കേണ്ടതിനുതന്നെ.

നഷ്ടപ്പെട്ട ഈജിപ്തിലെ സൗഭാഗ്യങ്ങളെ ഓർത്തു പിറുപിറുത്ത ജനതയെ നിങ്ങൾ ഓർക്കുന്നുണ്ടോ? അവരുടെ കണ്ണിൽ ഏറ്റവും സ്വർഗ്ഗീയമായ ദേശം ഈജിപ്തായിരുന്നു. എന്നാൽ ഞാൻ കരം നീട്ടി അനുഗ്രഹിച്ചുനിങ്ങൾക്കു തരാൻപോകുന്ന ദേശം നിങ്ങൾക്കു സങ്കൽപ്പിക്കാൻ കഴിയുന്നതിനേക്കാൾ മനോഹരമാണെന്നായിരുന്നു ദൈവവാഗ്ദാനം. 10–14 വാക്യങ്ങളിൽ ദൈവം രണ്ടു ദേശങ്ങളെയും താരതമ്യം ചെയ്തു സംസാരിക്കുന്നതുകാണാം. ദൈവം അവരിൽനിന്നും തിരിച്ചു പ്രതീക്ഷിച്ചതാകട്ടെ, ദൈവത്തെ പൂർണ്ണമനസ്സോടുകൂടി സ്നേഹിക്കണമെന്നും അവനോടു വിശ്വസ്തരായിരിക്കണമെന്നുമായിരുന്നു. അങ്ങിനെയായാൽ ആദേശത്തു മുൻമഴയും പിൻമഴയും നവധാന്യവും പുതുവീഞ്ഞും എണ്ണയും സമൃദ്ധമായുണ്ടാകുമെന്നു ദൈവം വാഗ്ദാനം ചെയ്യുന്നു. ദൈവത്തിന്റെ വാഗ്ദാനം. അവർ വിശ്വസ്തരായിരുന്ന നാൾ മുഴുവൻ ദൈവം നിറവേറ്റിയ വാഗ്ദാനം.

ദൈവത്തിന്റെ വാഗ്ദാനങ്ങളെ ഗൗനിക്കുന്നവരാണോ നിങ്ങൾ? അവൻ വാഗ്ദാനം ചെയ്തതെല്ലാം അവന്റെ ശക്തമായ കരങ്ങൾ നിറവേറ്റിത്തരുമെന്നു നിങ്ങൾക്കു വിശ്വാസമുണ്ടോ? അതോ സംശയിക്കുന്നോ? വിശ്വസിക്കുമ്പോൾ നാം ആത്മവിശ്വാസവും, ആനന്ദവുമുള്ളവരാണ്. വാഗ്ദാനങ്ങൾ നിറവേറ്റാനുള്ള ദൈവത്തിന്റെ കഴിവുകളെ വിശ്വസിക്കാതിരിക്കുമ്പോൾ അപകർഷതയും ആകുലതയും നമ്മിൽ നിറയും.

ഈ വാഗ്ദാനങ്ങളുടെ നിറവും, അതിശയകരമാം വണ്ണം ശ്രേഷ്ഠമായ ആ ദേശത്തുള്ള വാസവും, വിളവെടുപ്പുകളുമെല്ലാമുണ്ടായിട്ടും, അവർ പെട്ടെന്നുതന്നെ ദൈവത്തെ ഉപേക്ഷിച്ചുപോയി. ദൈവം മുന്നറിയിപ്പു കൊടുത്തിരുന്നതുപോലെ



സ്വർഗ്ഗകവാടങ്ങൾ അടക്കപ്പെടുകയും ചെയ്തു, നിലം തരിശായി (1 രാജാ 18ൽ ഇത്തരമൊരു സാഹചര്യം വിശദീകരിക്കുന്നുണ്ട്). ദൈവം ഇന്നു നമുക്കുവാഗ്ദാനം ചെയ്തിരിക്കുന്നത് ഒരു തുണ്ടുഭൂമിയല്ല, നിത്യജീവനാണ്. ദൈവം ആ വാഗ്ദാനം നിറവേറ്റുമെന്ന് നിങ്ങൾ വിശ്വസിക്കുന്നുണ്ടോ? നിങ്ങളുടെ കണ്ണുകൾ സ്വർഗ്ഗത്തിൽ ഉറപ്പിച്ചവയാണോ?

ഈ ഭൂമിയിലെ നിവാസ കാലത്തും അവൻ നമ്മുടെ ആവശ്യങ്ങൾ നിറവേറ്റും – നാം അവനെ സ്നേഹിക്കുകയും വിശ്വസിക്കുകയും ചെയ്യുമ്പോൾ. മറ്റു ദൈവങ്ങളാൽ ആകർഷിക്കപ്പെടുകയോ, അവയെ ആരാധിക്കുകയോ ചെയ്യാൻ പാടില്ല എന്ന് ദൈവം ശഠിക്കുന്നു. ഇതു നമുക്കുമുള്ള ഒരു വെല്ലുവിളിയാണ്. നാം ആരെയാണ് ഇന്ന് ആരാധിക്കുന്നത്? സ്വർഗ്ഗത്തിലെ ദൈവത്തേയോ അതോ ഈ ലോകത്തിലെ സുഖങ്ങളെയും മഹത്വത്തേയുമോ? ഞാൻ ദൈവത്തെ ആരാധിക്കുന്നവനാണ് എന്നു നാം പറഞ്ഞാലും നമ്മുടെ മുഖ്യ ജീവിതോദ്ദേശ്യം പണമുണ്ടാക്കലാണെങ്കിൽ നാം വിഗ്രഹാരാധകർ തന്നെയാണ്.

> യാക്കോബ് 4:4 വ്യഭിചാരികളേ, ലോകത്തോടുള്ള സ്നേഹം ദൈവത്തോടുള്ള ശത്രുത്വം ആകുന്നുവെന്നു നിങ്ങൾ അറിയുന്നില്ലയോ? ആകയാൽ ലോകത്തിന്റെ സ്നേഹിതൻ ആകുവാൻ ഇച്ഛിക്കുന്നവനെല്ലാം ദൈവത്തിന്റെ ശത്രുവായിത്തീരുന്നു.

ക്രിസ്ത്യാനികളെയാണ് ദൈവം ഇവിടെ വ്യഭിചാരികളേയെന്നു വിളിക്കുന്നത്. എന്തുകൊണ്ട്? യേശുവാണ് നമ്മുടെ മണവാളൻ നാം അവന്റെ മണവാട്ടിയും. നമ്മോടുള്ള സ്നേഹത്തിൽ അവൻ പൂർണ്ണ സമർപ്പിതനാണ്. എന്നാൽ നാം മറ്റാരെങ്കിലുമായി ആകർഷണത്തിലാകുന്നത് അവന്റെ കണ്ണിൽ വ്യഭിചാരമാണ്. നിങ്ങൾ ഏതെങ്കിലും രീതിയിൽ അവിശ്വസ്തരും വ്യഭിചാരികളുമാണോ? ഈ ലോകത്തിന്റെ പ്രഭു സാത്താനാണെന്ന് യേശു നമ്മെ സദാ ഓർമ്മിപ്പിക്കുന്നു. നിങ്ങൾ സാത്താന്റെ ലോകവുമായി ആകർഷണത്തിലാണോ?
(യോഹന്നാൻ 12:31, 14:30, 16:11)

> 2 കൊരിന്ത്യർ 4:4 ദൈവത്തിന്റെ പ്രതിരൂപമായ ക്രിസ്തുവിന്റെ തേജസ്സുള്ള സുവിശേഷത്തിന്റെ വെളിച്ചം കാണാതിരിക്കുവാൻ ഈ ലോകത്തിന്റെ ദൈവം അവിശ്വാസികളുടെ മനസ്സു കുരുടാക്കിയിരിക്കുന്നു.

വിഗ്രഹാരാധനയെ പഴയനിയമവും പുതിയനിയമവും ഒരുപോലെ വ്യഭിചാരമായി കണ്ട് ഭത്സിക്കുന്നു. ലോകത്തെ കൊതിക്കുന്നതും, ആഗ്രഹിക്കുന്നതും, അതുമായി സൗഹൃദം സ്ഥാപിക്കുന്നതും ദൈവത്തോടു നാം പ്രദർശിപ്പിക്കുന്ന വെറുപ്പാണ്.

പാഠം 9

# അവിശ്വാസികളിൽ ഭയം ജനിപ്പിക്കുന്ന ദൈവകരം

ആവർത്തനം 11:25 ഒരു മനുഷ്യനും നിന്റെ മുമ്പിൽ നിൽക്കുകയില്ല; നിങ്ങളുടെ ദൈവമായ യഹോവ നിങ്ങളോട് അരുളിചെയ്തതുപോലെ അവൻ നിങ്ങളെപ്പറ്റിയുള്ള ഭയവും ഭീതിയും നിങ്ങൾ ചെല്ലുന്ന സകല ദിക്കുകളിലും വരുത്തും.

ആവർത്തനം 28:6-10 അകത്തു വരുമ്പോൾ നീ അനുഗ്രഹിക്കപ്പെടും. പുറത്തുപോകുമ്പോൾ നീ അനുഗ്രഹിക്കപ്പെടും. 7നിന്നോട് എതിർക്കുന്ന ശത്രുക്കളെ യഹോവ നിന്റെ മുമ്പിൽ പരാജയപ്പെടുത്തും; അവർ ഒരു വഴിയായി നിനക്കെതിരെ വരും; ഏഴുവഴിയായി നിന്റെ മുന്നിൽ നിന്ന് ഓടിപ്പോകും. 8യഹോവ നിന്റെ കളപ്പുരകളിലും നീ സ്പർശിക്കുന്ന സകലത്തിലും നിനക്ക് അനുഗ്രഹം കല്പിക്കും; നിന്റെ ദൈവമായ യഹോവ നിനക്കു നൽകുന്ന ദേശത്ത് അവൻ നിന്നെ അനുഗ്രഹിക്കും. 9നിന്റെ ദൈവമായ യഹോവയുടെ കല്പനകൾ അനുസരിച്ച് അവന്റെ വഴികളിൽ നടന്നാൽ യഹോവ നിന്നോടു വാഗ്ദത്തം ചെയ്തതുപോലെ നിന്നെ തനിക്കു വിശുദ്ധജനമാക്കും. 10യഹോവയുടെ നാമം നിന്റെമേൽ വിളിച്ചിരിക്കുന്നുവെന്ന് ഭൂമിയിലുള്ള സകല ജനതകളും കണ്ട് നിന്നെ ഭയപ്പെടും.

ഇസ്രായേലിനെ ഭയപ്പെടുമെന്ന് ദൈവം പറഞ്ഞെങ്കിലും അവരെയല്ല പകരം അവരുടെഭാഗത്തുള്ളദൈവത്തെയാണ് ശത്രുക്കൾ ഭയപ്പെടുവാൻ ഇടയാകുന്നത്. ഇസ്രായേൽ മരുഭൂമിൽ അലയുമ്പോൾ - ശത്രുക്കളെയൊന്നിനെപ്പോലും കാണാതിരുന്ന സമയത്താണ് ദൈവം ഈ വാഗ്ദാനങ്ങൾ നൽകിയത്. ദൈവം അവരുടെ കൂടെയിരുന്ന് അവയെല്ലാം നിറവേറ്റുകയും ചെയ്തു.

യെരീഹോ ഉറ്റുനോക്കാൻ പോയ സന്ദർഭം ഒരു ഉദാഹരണമാണ്. ദൈവം ഇസ്രായേലിനുവേണ്ടി ചെയ്തതൊക്കെ യെരീഹോനിവാസികൾ കേട്ടപ്പോൾ അവർക്കുണ്ടായ തോന്നലുകൾ നോക്കുക:

ജോഷ്വ 2:8-11 എന്നാൽ ചാരന്മാർ കിടക്കുവാൻ പോകുന്നതിനുമുമ്പ് അവൾ മുകളിൽ അവരുടെ അടുക്കൽചെന്ന് 9അവരോടു പറഞ്ഞത്: യഹോവ ഈ ദേശം നിങ്ങൾക്കു നൽകിയിരിക്കുന്നു; നിങ്ങളെക്കുറിച്ചുള്ള ഭീതി ഞങ്ങളുടെ മേൽ വീണിരിക്കുന്നു; ഈ ദേശത്തിലെ നിവാസികൾ എല്ലാവരും നിങ്ങൾ നിമിത്തം ഉരുകിപ്പോകുന്നുവെന്ന് ഞാൻ അറിയുന്നു. 10നിങ്ങൾ മിസ്രയീമിൽ നിന്നു പുറപ്പെട്ടുവരുമ്പോൾ യഹോവ നിങ്ങൾക്കുവേണ്ടി ചെങ്കടലിലെ വെള്ളം വറ്റിച്ചതും യോർദ്ദാനക്കരെവച്ച് നിങ്ങൾ നിർമ്മൂലമാക്കിയ സീഹോൻ, ഓഗ് എന്നീ രണ്ട് അമോര്യരാജാക്കന്മാരോടു ചെയ്തതും ഞങ്ങൾ കേട്ടു. 11കേട്ടപ്പോൾത്തന്നെ ഞങ്ങളുടെ ഹൃദയം ഉരുകിപ്പോയി; നിങ്ങൾ നിമിത്തം എല്ലാവരുടെയും ധൈര്യം നഷ്ടപ്പെട്ടു; നിങ്ങളുടെ ദൈവമായ യഹോവതന്നെ മീതേ സ്വർഗ്ഗത്തിലും താഴെ ഭൂമിയിലും ദൈവം ആകുന്നു.



മറ്റൊരു സാഹചര്യം യോർദ്ദാൻ നദി കടക്കാൻ ദൈവം അവരെ സഹായിക്കുമ്പോഴാണ്.

ജോഷ്വ 4:23-24 ഞങ്ങൾ ഇക്കരെ കടക്കുവാൻ തക്കവണ്ണം നിങ്ങളുടെ ദൈവമായ യഹോവ ഞങ്ങളുടെ മുമ്പിൽ ചെങ്കടൽ വറ്റിച്ചുകളഞ്ഞതുപോലെ, നിങ്ങൾ ഇക്കരെ കടക്കുവാൻ തക്കവണ്ണം നിങ്ങളുടെ ദൈവമായ യഹോവ നിങ്ങളുടെ മുമ്പിൽ യോർദ്ദാനിലെ വെള്ളം വറ്റിച്ചുകളഞ്ഞു. 24ഭൂമിയിലെ സകല ജനതകളും യഹോവയുടെ കൈ ശക്തിയുള്ളതെന്നറിഞ്ഞ് നിങ്ങളുടെ ദൈവമായ യഹോവയെ എന്നേക്കും ഭയപ്പെടേണ്ടതിനുതന്നെ.

ദൈവത്തിന്റെ കൈ ശക്തിയുള്ളതാണെന്നറിഞ്ഞ് സകല ജനതകളും അവനെ ഭയപ്പെടേണ്ടതിനുവേണ്ടിയാണ് ദൈവം യോർദ്ദാനിലെ വെള്ളം വറ്റിച്ചതെന്നാണ് യോശുവ ഇവിടെ പറയുന്നത്. ദൈവത്തെ നാം ഭയക്കുമ്പോൾ മനുഷ്യനോടുള്ള നമ്മുടെ ഭയം മാറിപ്പോകുമെന്നും ഓർക്കുക.

ഗിദെയോന്റെ കാലഘട്ടമാണ് വേറൊരു ഉദാഹരണം. വളരെ ബലഹീനരായിരുന്ന ഇസ്രായേലിന്റെ നേർക്ക് വലിയ സൈന്യങ്ങൾ യുദ്ധത്തിനായി വന്നു. അവരെ എതിരിട്ട് ഇസ്രായേലിനെ രക്ഷിക്കാനായി ദൈവം സാധാരണക്കാരനായ ഒരാളെ തിരഞ്ഞെടുക്കുന്നു. വലിയസൈന്യത്തെ സജ്ജമാക്കാനൊന്നും ദൈവം അവനോടാവശ്യപ്പെടുന്നില്ല, കേവലം മുന്നൂറുപേരെ തിരഞ്ഞെടുക്കാൻ മാത്രം. ഗിദെയോൻ അനുഭവിക്കാനിടയുള്ള ഭയവും അപകർഷതയും ആലോചിച്ചുനോക്കുക. എന്നാൽ ശത്രുവിന്റെ പാളയത്തിനോടടുത്തപ്പോൾ അവർ പറഞ്ഞ വാക്കുകൾ കേട്ട് ഗിദെയോൻ ധൈര്യസമേതനായി. ദൈവകരം അവരുടെ മേൽ ഭീതിപടർത്തിയെന്ന് അവനു മനസ്സിലായി.

ന്യായാധിപർ 7:12-15 എന്നാൽ മിദ്യാന്യരും അമാലേക്യരും കിഴക്കേദേശക്കാരൊക്കെയും വെട്ടുക്കിളികൾ പോലെ അസംഖ്യമായി താഴ്‌വരയിൽ കിടന്നിരുന്നു; അവരുടെ ഒട്ടകങ്ങളും കടൽക്കരയിലെ മണൽപോലെ അസംഖ്യം ആയിരുന്നു. 13ഗിദെയോൻ ചെല്ലുമ്പോൾ ഒരുവൻ തന്റെ സ്നേഹിതനോട് ഒരു സ്വപ്നം വിവരിക്കുകയായിരുന്നു: ഞാൻ ഒരു സ്വപ്നം കണ്ടു; ഒരു യവത്തപ്പം മിദ്യാന്യരുടെ പാളയത്തിലേക്ക് ഉരുണ്ടുവന്ന് കൂടാരം വരെ എത്തി കൂടാരത്തെ തള്ളിമറിച്ചിട്ടു; അങ്ങനെ അതു വീണു കിടന്നു എന്നു പറഞ്ഞു. 14അതിന് അവന്റെ സ്നേഹിതൻ: ഇതു യോവാശിന്റെ മകനായ ഗിദെയോൻ എന്ന ഇസ്രായേല്യന്റെ വാളല്ലാതെ മറ്റൊന്നുമല്ല; ദൈവം മിദ്യാനെയും ഈ പാളയത്തെയൊക്കെയും അവന്റെ കൈയിൽ ഏല്പിച്ചിരിക്കുന്നു എന്ന് ഉത്തരം പറഞ്ഞു. 15ഗിദെയോൻ സ്വപ്നവും അർത്ഥവും കേട്ടപ്പോൾ ദൈവത്തെ നമസ്കരിച്ചു; ഇസ്രായേലിന്റെ പാളയത്തിൽ മടങ്ങിച്ചെന്നു; എഴുന്നേൽക്കുവിൻ, യഹോവ മിദ്യാന്റെ പാളയത്തെ നിങ്ങളുടെ കയ്യിൽ ഏല്പിച്ചിരിക്കുന്നു എന്നു പറഞ്ഞു..

ശത്രുപാളയത്തിലെ സംസാരം അതുവഴിപോയപ്പോൾ കേട്ട ഗിദെയോന്റെ മാറ്റം നോക്കുക! ദൈവം അവരിൽ നിറച്ച ഭയം തിരിച്ചറിഞ്ഞ ഗിദെയോൻ ദൈവത്തെ ആരാധിച്ച് തന്റെ ജനത്തെ ധൈര്യപൂർവ്വം വിജയത്തിലേക്കു നയിച്ചു.

> റോമക്കാർ 8:31-39 ... ദൈവം നമുക്ക് അനുകൂലമാകുന്നുവെങ്കിൽ നമുക്കു
> പ്രതികൂലം ആര്? 32സ്വന്തം പുത്രനെ ഒഴിവാക്കാതെ അവനെ നമുക്കെല്ലാവർക്കും
> വേണ്ടി ഏല്പിച്ചുതന്നവൻ അവനോടുകൂടെ സകലതും നമുക്കു നൽ കാതിരി
> ക്കുമോ? 33ദൈവം തിരഞ്ഞെടുത്തവരെ ആരു കുറ്റം ചുമത്തും? നീതീകരിക്കുന്ന
> വൻ ദൈവം ആകുന്നു. 34ശിക്ഷ വിധിക്കുന്നവൻ ആര്? മരിച്ചവനും മരിച്ചിട്ട്
> ഉയിർത്തെഴുന്നേറ്റ് ദൈവത്തിന്റെ വലതുഭാഗത്തിരിക്കുന്നവനുമായ യേശുക്രിസ്തു
> തന്നെ നമുക്കുവേണ്ടി മദ്ധ്യസ്ഥത വഹിക്കുന്നു. 35ക്രിസ്തുവിന്റെ സ്നേഹത്തിൽ
> നിന്ന് നമ്മെ വേർപിരിക്കുന്നത് ആര്? കഷ്ടതയോ സങ്കടമോ പീഡനമോ ക്ഷാമമോ
> നഗ്നതയോ ആപത്തോ വാളോ? 36നീ നിമിത്തം ഞങ്ങളെ ഇടവിടാതെ കൊല്ലുന്നു;
> അറുക്കുവാനുള്ള ആടുകളെപ്പോലെ ഞങ്ങളെ കണക്കാക്കുന്നു എന്ന് എഴുതിയി
> രിക്കുന്നുവല്ലോ. 37നാമോ നമ്മെ സ്നേഹിച്ചവൻ മുഖാന്തരം ഇതിലൊക്കെയും
> പൂർണ്ണവിജയം പ്രാപിക്കുന്നു. 38എന്തെന്നാൽ ഞാൻഉറപ്പിച്ചിരിക്കുന്നു; മരണ
> ത്തിനോ ജീവനോ ദൂതന്മാർക്കോവാഴ്ചകൾക്കോ അധികാരങ്ങൾക്കോ ഇപ്പോഴു
> ള്ളതിനോ വരുവാനുള്ളതിനോ 39ഉയരത്തിനോ ആഴത്തിനോ മറ്റു യാതൊരു
> സൃഷ്ടിക്കോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിലുള്ള ദൈവസ്നേഹ
> ത്തിൽനിന്ന് നമ്മെ വേർപിരിക്കാൻ കഴിയുകയില്ല.

**വളരെ പ്രധാനപ്പെട്ട ഒരു ചോദ്യമാണ് പൗലോസിവിടെ ഉന്നയിക്കുന്നത് – ദൈവം നമുക്കനുകൂലമെങ്കിൽ ആർ നമുക്കെതിരാകും? ഇന്നു നമ്മൾ പൊരുതേണ്ടയുദ്ധം ഇസ്രായേല്യരുടെതുപോലത്തെയല്ല. പകരം ജീവിതകാലം മുഴുവൻ അനുദിനം പൊരുതേണ്ട ആത്മീകതലത്തിലുള്ള ഒരു യുദ്ധമാണ്. പ്രലോഭനങ്ങളിൽ അക പ്പെടുത്തി നമ്മുടെ ആത്മാവിനെ അവന്റേതാക്കുവാനായി സാത്താൻ നടത്തുന്ന കുതന്ത്രങ്ങളാണ് നാം നേരിടുന്ന യുദ്ധം. എന്നാൽ യേശു നമുക്കായി ആ യുദ്ധം ചെയ്തു നമുക്കായി വിജയിച്ചു എന്ന് ഓർക്കുക. അതിനാൽ യേശുവിൽ നാം വിജയിയേക്കാൾ ശ്രേഷ്ടരായവരാണ്.**

**പ്രലോഭനങ്ങൾ നേരിടുമ്പോൾ നിങ്ങൾ ഭയപ്പെടാറുണ്ടോ? അവയെ മറികടക്കാൻ കഴിയും എന്ന വിശ്വാസം നിങ്ങൾക്കുണ്ടോ അതോ നിങ്ങൾ പ്രലോഭനങ്ങൾക്ക് എളുപ്പം വശംവദരാകുന്നവരാണോ? നമുക്കായി തന്റെ ജീവിതം നൽകി യേശു പൊരുതിയത് നാം സാത്താനു കീഴടങ്ങാതെ അവനോടു ധീരമായി പൊരുതി ക്രിസ്തുവിനോടു ചേർന്നു വിജയം പ്രാപിക്കാനാണ്.**

**ദൈവം അവരോടു കൂടെയുണ്ടെന്നറിഞ്ഞപ്പോൾ ശത്രുസൈന്യങ്ങൾ ഇസ്രായേ ലിനുമുന്നിൽ ഭയന്നുവിറച്ചതുപോലെ, ദൈവം നമ്മോടു കൂടെയുണ്ടെന്നറിഞ്ഞ് എത്രമാത്രം സാത്താൻ ഭയപ്പെടണം? നിങ്ങൾ ഇപ്പോൾ നേരിടുന്ന പ്രലോഭന ങ്ങളെ എതിരിടുന്നത് ഈ മനോഭാവത്തോടെയാണോ? അതോ ഭയത്തോടെ കീഴടങ്ങുന്ന മനോഭാവത്തോടെയാണോ?**

> യാക്കോബ് 4:7 ആകയാൽ നിങ്ങൾ ദൈവത്തിനു കീഴടങ്ങുവിൻ; പിശാചി
> നോട് എതിർത്തു നിൽക്കുവിൻ; എന്നാൽ അവൻ നിങ്ങളെ വിട്ട് ഓടിപ്പോകും.

**പ്രലോഭനങ്ങളെയും പരീക്ഷകളെയും എതിർത്തുനിന്ന് നിങ്ങളുടെ ബലഹീന തകളെ ശക്തികളാക്കിമാറ്റുക.**



പാഠം 10

# ദൈവകരം നൽകുന്ന നന്മകളിലുള്ള നന്ദി

## ആവർത്തനം 26:1–15 വായിക്കുക

**വാഗ്ദത്തനാട്ടിലേക്കു പ്രവേശിക്കുന്നതിനു മുമ്പ് ദൈവം അവർക്കു നൽകിയ മറ്റൊരു കല്പനയാണിത്. പാലും തേനും ഒഴുകുന്ന ഒരു നാട് തങ്ങൾക്കായി തന്നതിന് എപ്രകാരം നന്ദി പ്രദർശിപ്പിക്കണമെന്ന് ദൈവം ഇവിടെ അവരോടു പറയുന്നു. ആദ്യഫലങ്ങൾ ദൈവത്തിനു കാഴ്ചയായികൊണ്ടുവന്നിട്ട് നന്ദി പ്രകാ ശനം എപ്രകാരം വാക്കുകളാൽ പകർത്തണമെന്നും ദൈവം കല്പിക്കുന്നു.**

> വാ 3-11 അന്നുള്ള പുരോഹിതന്റെ അടുക്കൽ നീ ചെന്ന് അവനോട്: നമുക്കു
> നൽകുമെന്ന് യഹോവ നമ്മുടെ പിതാക്കന്മാരോടു സത്യം ചെയ്ത ദേശത്ത് ഞാൻ
> വന്നിരിക്കുന്നുവെന്ന് നിന്റെ ദൈവമായ യഹോവയോട് ഞാൻ ഇന്ന് ഏറ്റുപറ
> യുന്നു എന്നു പറയണം. 4പുരോഹിതൻ ആ കുട്ട നിന്റെ കൈയിൽ നിന്നു വാങ്ങി
> നിന്റെ ദൈവമായ യഹോവയുടെ മുമ്പിൽ വയ്ക്കണം. 5പിന്നെ നിന്റെ ദൈവ
> മായ യഹോവയുടെ സന്നിധിയിൽ നീ പ്രസ്താവിക്കേണ്ടത്: എന്റെ പിതാവ് ദേശം
> തോറും അലഞ്ഞുനടന്നിരുന്ന ഒരു അരാമ്യനായിരുന്നു; ചുരുക്കം ചിലരോടു
> കൂടി അവൻ മിസ്രയീമിലേക്കു ചെന്ന് അവിടെ പരദേശിയായി പാർത്തു; അവൻ
> അവിടെ മഹത്വവും പ്രബലവും സംഖ്യാബലവും ഉള്ള ജനതയായിത്തീർന്നു.
> 6എന്നാൽ മിസ്രയീമ്യർ ഞങ്ങളോടു തിന്മ ചെയ്ത് ഞങ്ങളെ പീഡിപ്പിച്ചു; ഞങ്ങ
> ളെക്കൊണ്ടു കഠിനവേല ചെയ്യിച്ചു. 7അപ്പോൾ ഞങ്ങൾ ഞങ്ങളുടെ പിതാക്കന്മാ
> രുടെ ദൈവമായ യഹോവയോടു നിലവിളിച്ചു; യഹോവ ഞങ്ങളുടെ നിലവിളി
> കേട്ടു; ഞങ്ങളുടെ കഷ്ടതയും പ്രയാസവും പീഡനവും കണ്ടു. 8യഹോവ ബല
> മുള്ള കൈകൊണ്ടും നീട്ടിയഭുജം കൊണ്ടും മഹാഭയങ്കരപ്രവൃത്തികളോടും അട
> യാളങ്ങളോടും അത്ഭുതങ്ങളോടും ഞങ്ങളെ മിസ്രയീമിൽനിന്നു പുറപ്പെടുവിച്ചു.
> 9ഞങ്ങളെ ഈ സ്ഥലത്തേക്കു കൂട്ടിക്കൊണ്ടുവന്നു; പാലും തേനും ഒഴുകുന്ന ഈ
> ദേശം ഞങ്ങൾക്കു നൽകിയിരിക്കുന്നു. 10യഹോവേ, ഇതാ, നീ എനിക്കു നൽകിയി
> ട്ടുള്ള നിലത്തിലെ ആദ്യഫലം ഞാൻ ഇപ്പോൾ കൊണ്ടുവന്നിരിക്കുന്നു. പിന്നെ നീ
> അതു നിന്റെ ദൈവമായ യഹോവയുടെ സന്നിധിയിൽ വച്ച് നിന്റെ ദൈവമായ
> യഹോവയുടെ സന്നിധിയിൽ നമസ്കരിക്കണം. 11നിന്റെ ദൈവമായ യഹോവ
> നിനക്കും നിന്റെ കുടുംബത്തിനും നൽകിയിട്ടുള്ള എല്ലാ നന്മയിലും നീയും ലേവ്യനും
> നിങ്ങളുടെ മദ്ധ്യേയുള്ള പരദേശിയും സന്തോഷിക്കണം.

**അവരുടെ നന്ദി പ്രകാശനത്തിലടങ്ങിയ മൂന്നുകാര്യങ്ങൾ ശ്രദ്ധിക്കുക:**

1. **കഴിഞ്ഞകാലത്തെ അവസ്ഥയും സഹനവും ഓർക്കൽ (അടിമത്തം)**
2. **ബലമുള്ള കൈകൊണ്ടും നീട്ടിയഭുജം കൊണ്ടും ദൈവം അവരെ ഈജി**

പ്തിൽ നിന്നുകൊണ്ടുവന്നു എന്നതിന്റെ ഏറ്റുപറച്ചിൽ (അടിമത്തത്തിൽ നിന്നുള്ള വിടുതൽ)
3. പാലും തേനും ഒഴുകുന്ന ഈ നാട്ടിലേക്ക് ദൈവം അവരെ എങ്ങിനെ കൊണ്ടുവന്നു നൽകിയെന്നുമുള്ള സ്മരണ. (മഹത്വമേറിയ വർത്തമാനകാലും ഭാവിയും)

ആദ്യഫലങ്ങൾ നല്കുന്നതിനോടൊപ്പം തങ്ങളുടെ നന്ദി വാക്കുകൾകൊണ്ട് പ്രകടിപ്പിക്കുന്നതിനെക്കുറിച്ചും ദൈവം കൽപ്പിക്കുന്നു. ഇന്നും അതുതന്നെയല്ലേ ദൈവം നമ്മിൽ നിന്നും പ്രതീക്ഷിക്കുന്നത്?

നിങ്ങൾ എവിടെ നിന്നും വന്നുവെന്ന് നിങ്ങൾ ഓർക്കുന്നുണ്ടോ? പാപത്തിലുള്ള നിങ്ങളുടെ അടിമത്തത്തെ? ജീവിതം എത്ര പ്രത്യാശയറ്റതായിരുന്നു? തന്റെ പുത്രന്റെ ബലിയാൽ ദൈവം തന്റെ കരംനീട്ടി നിങ്ങളെ രക്ഷിച്ചു. ദൈവരാജ്യത്തിലേക്ക് അവൻ നമ്മെ കൊണ്ടുവന്നു, തന്റെ പൈതലാക്കി. ഇപ്പോൾ ദൈവകുടുംബത്തിൽ ശോഭയേറിയ ജീവിതവും അതിലും ശോഭയേറിയ സ്വർഗ്ഗമാകുന്ന വാഗ്ദത്തനാട്ടിലേക്കുള്ള വഴിയും തുറന്നുതന്നു. നിങ്ങൾ ഇതിനെല്ലാം നന്ദിയുള്ളവരാണോ? ആ നന്ദി നിങ്ങൾ കാണിക്കുന്നുണ്ടോ? ആദ്യഫലങ്ങളും ദശാംശവും അതിലുപരിയായതും നിങ്ങൾ ദൈവത്തിനു നൽകുന്നുണ്ടോ? നിങ്ങളുടെ ഭൂതകാലവും, വർത്തമാനകാലവും ഭാവിശോഭയുമെല്ലാമോർത്തു നിങ്ങൾ ദൈവത്തിനു വാക്കുകളാൽ നന്ദികരേറ്റുന്നുണ്ടോ? ദൈവകരത്താൽ ഉളവായ എല്ലാ അനുഗ്രഹങ്ങൾക്കും നമുക്കുനന്ദിയുള്ളവരാകാം.

നാം നന്ദികെട്ടവരായിത്തീർന്നാൽ എന്തുസംഭവിക്കും? നമ്മെ രക്ഷിച്ച ദൈവകരം നമുക്കെതിരാകുകയും മാനസാന്തരപ്പെടാനായി നമ്മെ ഞെരുക്കുകയും ചെയ്യും. **ആവർത്തനം 31:14-23** വായിക്കുക. നന്ദിയില്ലാതെയായാൽ ഇസ്രായേലിനു ചെയ്യേണ്ടിവരുന്ന നെട്ടോട്ടത്തെക്കുറിച്ചു ദൈവം പറയുന്നതു നോക്കുക. നന്ദിയില്ലായ്മ ഉണ്ടാകാതിരിക്കാനും മാനസാന്തരപ്പെടാനും ഉതകുന്ന ഒരു ഗാനം കൂടി ദൈവം അവരെ പഠിപ്പിച്ചു.

**ആവർത്തനം** 32ലെ ആ പാട്ടിൽക്കൂടി നമുക്കു നമ്മെ ശോധനചെയ്യാം.

നിങ്ങളുടെ ജീവിതകഥയെഴുതുക - കടന്നുപോയകാര്യങ്ങളൊക്കെയും ദൈവകരത്തിന്റെ ഇടപെടലും, രക്ഷിക്കപ്പെട്ടതും, ഇപ്പോഴുള്ള ജീവിതത്തിലെ അനുഗ്രഹങ്ങളും, ദൈവം ഒരുക്കി വച്ചിരിക്കുന്ന ഭാവി നന്മകളും ഓർത്തെഴുതുക. പിന്നീട് എപ്പോഴെങ്കിലുമൊക്കെ അതെടുത്തുനോക്കി ദൈവത്തിനു നന്ദി കരേറ്റുക. നന്ദിസൂചകമായി പാവപ്പെട്ടവർക്കും വിധവകൾക്കും കൂടുതലായി നന്മ ചെയ്യാനായി തീരുമാനിക്കുക.



പാഠം 11

# കോട്ടകൾ ഒന്നും മതിയാകാത്ത ദൈവകരം

## യോശുവ 6 വായിക്കുക

**ഇസ്രായേൽക്കാർ ദൈവത്തിനും മോശയ്ക്കുമെതിരെ പിറുപിറുത്തത് ഓർമ്മയുണ്ടല്ലോ?**

> **ആവർത്തനം 1:27-28** നിങ്ങൾ നിങ്ങളുടെ കൂടാരങ്ങളിൽ വച്ചു പിറുപിറുത്തു
> പറഞ്ഞു: യഹോവ നമ്മെ വെറുക്കുന്നതിനാൽ നമ്മെനശിപ്പിക്കുവാൻ തക്കവണ്ണം
> അമോര്യരുടെ കൈയിൽ ഏല്പിക്കേണ്ടതിന് മിസ്രയീം ദേശത്തു നിന്നു കൊണ്ടുവ
> ന്നിരിക്കുന്നു. 28എവിടേക്കാണു നാം കയറിപ്പോകുന്നത്? ജനങ്ങൾ നമ്മെക്കാൾ
> വലിയവരും ദീർഘകായന്മാരും പട്ടണങ്ങൾ വലിയവയും ആകാശത്തോളം എത്തുന്ന
> മതിലുള്ളവയും ആകുന്നു; ഞങ്ങൾ അവിടെ അനാക്യരെയും കണ്ടു വെന്നു
> പറഞ്ഞ് നമ്മുടെ സഹോദരന്മാർ നമ്മുടെ ഹൃദയം ഉരുക്കിയിരിക്കുന്നു.

**പിറുപിറുപ്പിന്റെ ആ സമയത്തും ദൈവം അവരോടു സൗമ്യമായും ക്ഷമയോടും കൂടെ പറഞ്ഞു:**

> **ആവർത്തനം 1:29-31** അപ്പോൾ ഞാൻ നിങ്ങളോടു പറഞ്ഞു: നിങ്ങൾ ഭ്രമിക്ക
> രുത്, അവരെ ഭയപ്പെടുകയും അരുത്. 30നിങ്ങളുടെ ദൈവമായ യഹോവ നിങ്ങ
> ളുടെ മുമ്പിൽ നടക്കുന്നു. നിങ്ങൾ കാൺകെ അവൻ മിസ്രയീമിൽ ചെയ്തതു
> പോലെയൊക്കെയും നിങ്ങൾക്കുവേണ്ടി യുദ്ധം ചെയ്യും 31മരുഭൂമിയിൽ ഒരുമനു
> ഷ്യൻ തന്റെ മകനെ വഹിക്കുന്നതുപോലെ നിങ്ങൾ ഈ സ്ഥലത്ത് എത്തുവോളം
> നടന്ന എല്ലാ വഴിയിലും നിങ്ങളുടെ ദൈവമായ യഹോവ നിങ്ങളെ വഹിച്ചുവെന്ന്
> നിങ്ങൾ കണ്ടുവല്ലോ.

ദൈവകരത്തിന്റെ വീര്യപ്രവർത്തികൾ എത്രമാത്രമാണ് അവർ കണ്ടത്? ഈജിപ്തുകാർക്കെതിരെ വന്ന പത്തു ബാധകൾ, ചെങ്കടൽ വിഭജിച്ചത്, മിസ്രയീം സൈന്യം നശിക്കുന്നത്, സ്വർഗ്ഗീയ മന്നാ വർഷിച്ചത്, പാറയിൽ നിന്നും ജലം പുറപ്പെട്ടത്... നീണ്ടു കിടക്കുന്നു ആ പട്ടിക. എങ്കിലും വാഗ്ദാനം ചെയ്യപ്പെട്ട ദേശത്ത് ഉയർന്ന കോട്ടകൾ ഉണ്ടെന്നറിഞ്ഞപ്പോൾ അവർ ചൂളിപ്പോയി.

ഇതുമാതിരിയുള്ള പട്ടണങ്ങളിൽ ആദ്യത്തേതിലേക്കാണ് ദൈവം അവരെ കൊണ്ടുവന്നത്. ഭയന്നു പോയ അവരെ താനാണ് പോരാടുന്നവനെന്നും വിജയം നൽകുന്നവനെന്നും പഠിപ്പിക്കുക എന്നതായിരുന്നു ദൈവഹിതം. ഏഴു ദിവസം ചുറ്റിനടന്നും ഏഴാമത്തെ ദിവസം സ്വരമുയർത്തിയും കൊണ്ട്, ആകാശം മുട്ടെ നിൽക്കുന്നുവെന്ന് അവർ ഭയത്തോടെ പറഞ്ഞ ആ കോട്ടകളെ ദൈവം നിലം

പരിശാക്കി. അവരുടെ ചുറ്റിയുള്ള നടപ്പോ, ഉയർത്തിയ ശബ്ദമോ മറ്റോ ആണോ ആ കോട്ടയെ തകർത്തത്? അതോ അദൃശ്യമായ ദൈവകരമോ?

ദൈവത്തിനു നിരപ്പാക്കാൻ പറ്റാത്ത ഏതെങ്കിലും ഭിത്തികൾ നിലവിലുണ്ടോ? നൂറ്റാണ്ടുകൾക്കു ശേഷം 1200 ഗോപുരങ്ങളും 150 അടി പൊക്കവും മൂന്നു രഥങ്ങൾക്ക് ഒരേ സമയം വശത്തോടു വശം ചേർന്ന് പോകാവുന്നതുമായ കോട്ടയെ മലവെള്ളം ഒഴുക്കി ദൈവം നിലം പരിശാക്കി. നിങ്ങൾ ഏതുകോട്ടയെയാണ് ഭയപ്പടുന്നത്? സുവിശേഷം എത്തുകയില്ല എന്നു നിങ്ങൾ വിചാരിക്കുന്ന പ്രദേശങ്ങളോ ആളുകളോ നിങ്ങളുടെ പട്ടണത്തിൽ ഉണ്ടോ? വചനം ഇറങ്ങുകയില്ല എന്നുവിചാരിച്ച് നിങ്ങൾ സമീപിക്കാത്ത ആളുകൾ നിങ്ങളുടെ ചുറ്റുമുണ്ടോ? അങ്ങനെ വിചാരിക്കുമ്പോൾ നിങ്ങൾ അവരെ മാത്രമല്ല തെറ്റായി മനസ്സിലാക്കുന്നത് ദൈവത്തെയും കൂടെയാണ്. ആ കോട്ടകൾ തകർക്കാനുള്ള ബലവും അധികാരവും ദൈവത്തിനില്ല എന്ന നമ്മുടെ മിഥ്യാധാരണയാണു നാം വെളിയിൽ കൊണ്ടുവരുന്നത്.

ഇത്തരം ചിന്തകളാൽ ദൈവത്തെ നിങ്ങൾ നിസ്സാരവൽക്കരിക്കുന്നുണ്ടോ? ദൈവത്തോടുനാം ചെയ്യുന്ന ഏറ്റവും ഹീനമായ ചിന്തയാണിത്. ദൈവത്തിനു തകർക്കാൻ കഴിയാത്ത ഒരു കോട്ടയും ഇല്ല എന്നു നാം വിശ്വസിക്കുകയും, അവന്റെ ശക്തിയിൽ നാം ആശ്രയിക്കുകയും ചെയ്യുമ്പോൾ ദൈവം മാനിക്കപ്പെടുകയും, പകരമായി ദൈവം നിങ്ങളുടെ വിശ്വാസത്തെ തിരിച്ചു മാനിക്കുകയും ചെയ്യും. അങ്ങിനെ നിങ്ങൾക്കു സാക്ഷിയാകണം എന്നു വിചാരിക്കുന്ന കാര്യങ്ങൾ നിങ്ങൾ എഴുതിവച്ചു പ്രാർത്ഥിക്കുക. ദൈവം ആ കോട്ടകൾ തകർക്കുമ്പോൾ അവ എഴുതിവച്ച് അടുത്ത തലമുറയ്ക്ക് നിങ്ങളുടെ ആ സാക്ഷ്യം പകർന്നു കൊടുക്കുക.

പാഠം 12

# താരകങ്ങളെ അമ്മാനമാടുന്ന ദൈവകരം

### യോശുവ 10:1–14 വായിക്കുക

അമോര്യരുടെ അഞ്ചുരാജാക്കൻമാർ ഒരുമിച്ചുചേർന്ന് ഇസ്രായേലിനെതിരെ യുദ്ധം ചെയ്യാൻ പുറപ്പെട്ടു. വാഗ്ദത്തനാട്ടിലെ ജനങ്ങൾക്കുവേണ്ടി വീര്യപ്രവർത്തികൾ ചെയ്യുന്ന ദൈവത്തെക്കുറിച്ചു കേട്ടു ഭയപ്പെട്ട അവർ, തങ്ങളുടെ സൈന്യങ്ങളെയെല്ലാം ഒന്നിച്ചു ചേർത്ത വലിയൊരു സൈന്യവുമായിച്ചെന്നു ഇസ്രായേലിനെതിരെ യുദ്ധം ചെയ്താൽ വിജയം കണ്ടെത്തിയേക്കുമെന്ന് കണക്കുകൂട്ടി.



തങ്ങളുടെ പ്രദേശം വലുതും തന്ത്രപ്രധാനവും തങ്ങളുടെ പോരാളികൾ അതിശക്തരുമായിട്ടുപോലും ഗിബേയോന്യർ സൂത്രത്തിൽ ഇസ്രായേലുമായി സഖ്യത്തിലേർപ്പെട്ടു. (യോശുവ 10:2 ഗിബെയോൻ രാജനഗരങ്ങളിൽ ഒന്നിനെപ്പോലെ വലിയൊരു പട്ടണവും ഹായിയെക്കാൾ വലുതും അവിടത്തെ പുരുഷന്മാർ എല്ലാവരും പരാക്രമശാലികളും ആയിരുന്നതുകൊണ്ട് അവർ ഏറ്റവും ഭയപ്പെട്ടു)
അമോര്യരായ അഞ്ചുരാജാക്കന്മാർ ഗിബെയോൻ ആക്രമിക്കാൻ പടയൊരുക്കം നടത്തിയപ്പോൾ അവർ യോശുവയോടു സഹായം തേടി. അവരെ സഹായിക്കാനായി യോശുവ പടയൊരുക്കം നടത്തി. അവരെ ഭയപ്പെടരുത്; ഞാൻ അവരെ നിന്റെ കൈയിൽ ഏല്പിച്ചിരിക്കുന്നു; അവരിൽ ഒരുവനും നിന്റെ മുമ്പിൽ നിൽക്കുകയില്ല എന്ന് യോശുവയോട് ദൈവം അരുളിച്ചെയ്തു. ദൈവഹിതം നിറവേറ്റാനായി നാം ഇറങ്ങിപുറപ്പെടുമ്പോൾ ദൈവം നമ്മുടെ പക്ഷത്തുനിന്ന് തന്റെ കരശക്തിയാൽ വിജയം ഉറപ്പാക്കുന്നു – എത്രകഠിനമായ ജോലിയായാലും.

കുറച്ചു പടയാളികളും യുദ്ധസാമഗ്രികളും മാത്രമുള്ള ഇസ്രായേലിന് ഇതൊക്കെ സാധിക്കുന്നതെങ്ങനെയാണ്? ദൈവകരം കൂടെയുള്ളപ്പോൾ ഒന്നും അസാദ്ധ്യമായി ഇല്ല. അവരുടെ കഴിവും സാമർത്ഥ്യവുമല്ല ഇത്. ദൈവം ശത്രുസൈന്യത്തെ ആശയക്കുഴപ്പത്തിലാക്കി, അവരിൽ ഏറേപ്പേർ ജീവനും കൊണ്ട് ഓടിപ്പോയി.

> വാ 11 അങ്ങനെ അവർ ഇസ്രായേലിന്റെ മുമ്പിൽ നിന്ന് ഓടി; ബേത്ത്-ഹോരാൻ ഇറക്കത്തിൽവച്ച് അസേക്കവരെ യഹോവ ആകാശത്തിൽനിന്നു വലിയ കല്ല് അവരുടെമേൽ വർഷിച്ച് അവരെ കൊന്നു. ഇസ്രായേൽ മക്കൾ വാൾ കൊണ്ടു കൊന്നവരെക്കാൾ കല്മഴയാൽ മരിച്ചുപോയവർ അധികം ആയിരുന്നു.

ഇവിടെ ആരാണു പോരാടിയത്? ദൈവം ആദ്യമായാണോ പ്രകൃതിശക്തികളെ ഉപയോഗിച്ചു തന്റെ ജനത്തിന്റെ ശത്രുക്കളോടു പോരാടുന്നത്? ദൈവത്തിന്റെ വരുതിയിൽ നിൽക്കുന്ന ആകാശശക്തികളെ ദൈവം ഉപയോഗിച്ച മറ്റവസരങ്ങൾ വചനത്തിൻ നിന്നു പഠിക്കുക. അത്ഭുതകരമായ അവന്റെ വഴികളെയോർത്ത് അവനെ സ്തുതിക്കുക. അവനിലുള്ള വിശ്വാസവും അവന്റെ കരത്തിലുള്ള ആശ്രയവും നേടുക.

കഥ ഇവിടെത്തീരുന്നില്ല. 12മുതൽ 15വരെ വചനങ്ങൾ കൂടി വായിക്കുക.

> യഹോവ അമോര്യരെ ഇസ്രായേൽമക്കളുടെ കൈയിൽ ഏല്പിച്ചുകൊടുത്ത ദിവസം യോശുവ യഹോവയോടു സംസാരിച്ചു; ഇസ്രായേൽമക്കൾ കേൾക്കെ: സൂര്യാ, നീ ഗിബെയോനിലും ചന്ദ്രാ, നീ അയ്യാലോൻ താഴ്വരയിലും നിൽ ക്കുക എന്നു പറഞ്ഞു. 13ജനം തങ്ങളുടെ ശത്രുക്കളോടു പ്രതികാരം ചെയ്യുവോളം സൂര്യൻ നിന്നു; ചന്ദ്രൻ നിശ്ചലമായി. ശൂരന്മാരുടെ പുസ്തകത്തിൽ അങ്ങനെ എഴുതിയിരിക്കുന്നുവല്ലോ. ഇങ്ങനെ സൂര്യൻ ആകാശമദ്ധ്യേ ഒരു ദിവസം മുഴുവൻ അസ്തമിക്കാതെ നിന്നു. 14യഹോവ ഒരു മനുഷ്യന്റെ വാക്കു കേട്ടനുസരിച്ച ആ ദിവസംപോലെ ഒരു ദിവസം അതിനു മുമ്പും പിമ്പും ഉണ്ടായിട്ടില്ല; യഹോവ തന്നെയായിരുന്നു ഇസ്രായേലിനുവേണ്ടി യുദ്ധം ചെയ്തത്. 15അനന്തരം യോശുവയും ഇസ്രായേലൊക്കെയും ഗില്ഗാലിലെ പാളയത്തിലേക്കു മടങ്ങിവന്നു.

ദൈവം ചെയ്തതിൽ വച്ച് ഏറ്റവും അതിശയകരമായ ഒരു പ്രവർത്തിയാണിത്. അമോര്യരുമായുള്ള യുദ്ധം നീണ്ടപ്പോൾ കൂടുതൽ സമയം വേണമെന്ന് യോശുവയ്ക്കു ബോദ്ധ്യമായി. സൂര്യനോട് അസ്തമയം വൈകിക്കാൻ അവൻ ആവശ്യപ്പെട്ടു. ആരുടെയെങ്കിലും ഭാവനയിൽപ്പോലും ഉദിക്കാത്ത ആവശ്യം! ദൈവമാണ് ലോകമെല്ലാം നിയന്ത്രിക്കുന്നതെന്ന് യോശുവയ്ക്കു നല്ല നിശ്ചയമായിരുന്നു. യോശുവയുടെ പ്രാർത്ഥനയിൽ നിന്നും നമുക്കും പഠിക്കാം. അവൻ സൂര്യാ, നീ ഗിബെയോനിലും ചന്ദ്രാ, നീ അയ്യാലോൻ താഴ്‌വരയിലും നിൽക്കുക എന്നു പറഞ്ഞു. ദൈവമേ, നിനക്കു കഴിയുമെങ്കിൽ സൂര്യനെ നിർത്തേണമേ എന്നല്ല അവൻ പറഞ്ഞത്. ദൈവകരത്തിന്റെ ശക്തിയിലുള്ള അവന്റെ വിശ്വാസം നോക്കുക. യോശുവയുടെ വിശ്വാസതീക്ഷ്ണതയിൽ പ്രസാദിച്ച ദൈവം ദിവസത്തിന്റെ ദൈർഘ്യം നീട്ടി – ഏകദേശം 12 മണിക്കൂറെങ്കിലും.

ഇതെങ്ങിനെയാണ് സംഭവിച്ചത്? നമുക്കു വിശദീകരിക്കാൻ കഴിയില്ല. എന്നാൽ ഒരുകാര്യം ഉറപ്പാണ് – ദൈവം ചെയ്ത ഒരു അത്ഭുതമാണിത്. നമുക്കും അവനിൽ ആശ്രയിക്കാം, യോശുവയെപ്പോലെ, നമ്മുടെ ചിന്തയ്ക്കും യുക്തിക്കും നിരക്കാത്ത കാര്യങ്ങൾ ആത്മവിശ്വാസത്തോടെ ചോദിക്കുകയും ചെയ്യാം.
ദൈവം ചെയ്യണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്ന അത്ഭുതങ്ങളുടെ ഒരു പട്ടിക എഴുതുക.

ആ പ്രാർത്ഥനയ്ക്കുള്ള ഉത്തരം ദൈവം നല്കിയെന്ന് ഉറച്ചു വിശ്വസിക്കുക. ഉത്തരം കിട്ടിയ പ്രാർത്ഥനകൾ മറ്റുള്ളവരുമായി പങ്കുവച്ച് അവരുടെ വിശ്വാസത്തെ ശക്തിപ്പെടുത്തുക.

പാഠം 13

# വാഗ്ദാനങ്ങൾ നിറവേറ്റുന്ന ദൈവകരം

കഴിഞ്ഞ ദിവസങ്ങളിൽ നാം കണ്ട അത്ഭുതങ്ങൾ അത്യധികം അസാധാരണമായതാണ്. നമുക്ക് അപ്രാപ്യമായതെന്നു തോന്നുന്ന അത്തരം കാര്യങ്ങൾ കാണുമ്പോൾ ഇത്രയധികമൊക്കെ ദൈവം ഇന്നു ചെയ്യുമോ എന്ന ചോദ്യം നമ്മിൽ ഉണ്ടാകാം. എന്നാൽ ദൈവത്തിൽ ആശ്രയം വയ്ക്കുന്നവരുടെ ജീവിതത്തിൽ വലിയ കാര്യങ്ങൾ ചെയ്യുന്നവനാണ് ദൈവം. അത്തരത്തിൽ ദൈവത്തിൽ ആശ്രയിച്ച അപൂർവ്വമൊരാളാണ് യോശുവ. തന്റെ കൂടെയുള്ളവർക്കു പോലും വിശ്വസിക്കാൻ കഴിയാത്ത കാര്യങ്ങളെ അവൻ ഉറച്ചു വിശ്വസിച്ചുകൊണ്ട് അവിശ്വാസികൾക്ക് അവൻ ഒരു വെല്ലുവിളിയായി. ദൈവം നൽകിയ വാഗ്ദാനങ്ങൾ തന്റെ കൺമുന്നിൽ നിറവേറുന്നതുകണ്ട് അവൻ അനുഗ്രഹീതനായി.

മരുഭൂപ്രയാണത്തിനിടയിൽ, അവർ വാഗ്ദത്തനാടിനോട് അടുത്തെത്തിയപ്പോൾ,



ദൈവം മോശയിലൂടെ 12പേരെ തിരഞ്ഞെടുത്ത് അവർക്കു പോകാനുള്ള ദേശം ഉറ്റുനോക്കുന്നതിനായി അയച്ചു. പാലും തേനും ഒഴുകുന്ന ദേശമാണെങ്കിലും തങ്ങൾക്ക് ആ ദേശം അപ്രാപ്യമാണെന്ന അഭിപ്രായത്തിൽ പോയവരിൽ പത്തുപേരും ഉറച്ചു. യോശുവയും കാലേബും മാത്രമാണ് ദൈവത്തിന്റെ വാഗ്ദാനങ്ങൾ നിറവേറുമെന്ന് ഉറച്ചുവിശ്വസിച്ചത്. ബാക്കി പത്തുപേരും പ്രബലരായ അനാക്യരുടെ കൈകൊണ്ട് നശിക്കുമെന്ന ഭീതിമറ്റുള്ളവരിൽ നിറയ്ക്കുകയാണുണ്ടായത്. അതുകേട്ട ജനം മോശയ്ക്കും ദൈവത്തിനുമെതിരെ മറുതലിച്ചു.

> സംഖ്യ 14:6-9 ദേശത്തെ പരിശോധനനടത്തിയവരിൽ നൂന്റെ മകൻ യോശുവയും യെഫുന്നയുടെ മകൻ കാലേബും വസ്ത്രം കീറി. 7ഇസ്രായേൽ മക്കളുടെ സർവ്വസഭയോടും പറഞ്ഞത്: ഞങ്ങൾ സഞ്ചരിച്ചു രഹസ്യമായി പരിശോധന നടത്തിയ ദേശം ഏറ്റവും നല്ല ദേശം ആകുന്നു. 8യഹോവ നമ്മിൽ പ്രസാദിക്കുന്നുവെങ്കിൽ അവൻ നമ്മെ പാലും തേനും ഒഴുകുന്ന ആ ദേശത്തേക്കു കൊണ്ടുചെന്നു നമുക്ക് അതു തരും. 9യഹോവയോടു നിങ്ങൾ മത്സരിക്കുകമാത്രം അരുത്; ആ ദേശത്തെ ജനത്തെ ഭയപ്പെടരുത്; അവർ നമുക്ക് ഇരയാകുന്നു; അവരുടെ ശരണം പൊയ്പ്പോയിരിക്കുന്നു; നമ്മോടുകൂടെ യഹോവ ഉള്ളതുകൊണ്ട് അവരെ ഭയപ്പെടരുത്.

പിറുപിറുക്കുന്ന ദശലക്ഷക്കണക്കിനു ഇസ്രായേല്യരുടെ മുന്നിൽ യോശുവയും കാലേബും ദൈവത്തിലുള്ള തങ്ങളുടെ ആശ്രയം മുറുകെഉയർത്തിപ്പിടിച്ചു നിന്നു സംസാരിച്ചു. ദൈവം അവരിൽ പ്രസാദിച്ചു, എന്നാൽ മറ്റുള്ളവരോട് ദൈവത്തിനു കോപമായിരുന്നു. വിശ്വാസമില്ലാത്തവർ നാല്പതുവർഷം മരുഭൂമിയിലൂടെ അലഞ്ഞു തിരിഞ്ഞു നടന്നു നശിക്കുമെന്ന് ദൈവം ശപിച്ചു. എന്നാൽ വിശ്വസ്തതയോടുകൂടെനിന്ന യോശുവയും കാലേബും വാഗ്ദത്തനാട് അവകാശമാക്കി. ദൈവം യോശുവയോടു ഈ വാഗ്ദാനം നല്കി:

> യോശുവ 1:3-6 ഞാൻ മോശയോടു കല്പിച്ചപോലെ നിങ്ങളുടെ ഉള്ളം കാൽ ചവിട്ടുന്ന സ്ഥലമൊക്കെയും നിങ്ങൾക്കു നൽകിയിരിക്കുന്നു. 4മരുഭൂമിയും ഈ ലെബാനോനും മുതൽ യൂഫ്രട്ടീസ് എന്ന മഹാനദിവരെയും ഹിത്യരുടെ ദേശമൊക്കെയും പടിഞ്ഞാറ് മഹാസമുദ്രം വരെയും നിങ്ങളുടെ അതിർത്തിയായിരിക്കും. 5നിന്റെ ജീവിതകാലത്തൊരിക്കലും ഒരു മനുഷ്യനും നിനക്കെതിരേ നിൽക്കുകയില്ല; ഞാൻ മോശയോടുകൂടെ ഇരുന്നതുപോലെ നിന്നോടുകൂടെയും ഇരിക്കും; ഞാൻ നിന്നെ കൈവിടുകയില്ല, ഉപേക്ഷിക്കുകയും ഇല്ല. 6ഉറപ്പും ധൈര്യവും ഉള്ളവനായിരിക്കുക; ഞാൻ അവർക്കു നൽകുമെന്ന് അവരുടെ പിതാക്കൻമാരോടു സത്യം ചെയ്ത ദേശം നീ ഈ ജനത്തിന് അവകാശമായി നൽകും.

ദൈവം കൊടുത്ത വാഗ്ദാനത്തിന്റെ പൂർത്തീകരണവും കൂടി നമുക്കു കാണാം:

> യോശുവ 11:16-23 ഇങ്ങനെ ദേശമൊക്കെയും യോശുവ കീഴടക്കി; മലനാടും തെക്കേദേശവുമൊക്കെയും ഗോശെൻദേശമൊക്കെയും താഴ്‌വീതിയും അരാബായും ഇസ്രായേൽ മലനാടും അതിന്റെ താഴ്‌വീതിയും 17സേയിരിലേക്കുള്ള കയറ്റത്തിലെ മൊട്ടക്കുന്നുമുതൽ ഹെർമ്മോൻ പർവ്വതത്തിന്റെ അടിവാരത്തിലു ള്ള ലെബാനോൻ

താഴ്‌വരയിലെ ബാൽ-ഗാദ് വരെയും തന്നെ. അവിടങ്ങളിലെ സകല രാജാക്കന്മാ
രെയും അവൻ പിടിച്ചു വെട്ടിക്കൊന്നു. 18ആ രാജാക്കന്മാരോടെല്ലാം യോശുവ
വളരെക്കാലം യുദ്ധം ചെയ്‌തിരുന്നു. 19ഗിബെയോൻ നിവാസികളായ ഹിവ്യർ
ഒഴികെ ഒരു പട്ടണക്കാരും യിസ്രായേൽ മക്കളോടു സഖ്യം ചെയ്‌തില്ല; ശേഷമുള്ള
വരെയെല്ലാം അവർ യുദ്ധത്തിൽ കീഴടക്കി. 20യഹോവ മോശെയോടു കല്പിച്ച
തു പോലെ അവരെ നിർമ്മൂലമാക്കുകയും കരുണകൂടാതെ നശിപ്പിക്കുകയും ചെയ്യു
വാൻ തക്കവണ്ണം അവർ കഠിന ഹൃദയത്തോടെ ഇസ്രായേലിനോടു യുദ്ധത്തിനു
പുറപ്പെടേണ്ടതിന് യഹോവ ഇടവരുത്തിയിരുന്നു. 21അക്കാലത്ത് യോശുവ ചെന്ന്
ഹെബ്രോൻ, ദെബിർ, അനാബ്, എന്നീ മലനാട്ടിലും എല്ലാ യഹൂദാമലനാട്ടിലും
എല്ലാ ഇസ്രായേല്യമലനാട്ടിലുമുള്ള അനാക്യരെ സംഹരിച്ചു. അവരെ അവരുടെ
പട്ടണങ്ങളോടുകൂടെ യോശുവ നിർമ്മൂലമാക്കി. 22ഗസ്സയിലും ഗത്തിലും അസ്തോ
ദിലും മാത്രമല്ലാ തെ ഇസ്രായേൽ മക്കളുടെ ദേശത്തെങ്ങും ഒരു അനാക്യനും
അവശേഷിച്ചിരുന്നില്ല. 23യഹോവ മോശയോടു കല്പിച്ചതുപോലെതന്നെ യോശുവ
ദേശംമുഴു വനും കീഴടക്കി; അനന്തരം യോശുവ അതിനെ ഇസ്രായേലിനു ഗോത്ര
വിഭാഗപ്രകാരംഭാഗിച്ചുകൊടുത്തു; ഇങ്ങനെ യുദ്ധംതീർന്നു; ദേശത്തു
സ്വസ്ഥതവന്നു.

ജനം ഭയപ്പെട്ട അനാക്യർ എന്ന മല്ലന്മാർക്ക് എന്തു സംഭവിച്ചു?

(സംഖ്യ 13:32-33 ...ഞങ്ങൾ അവിടെ കണ്ട ജനമൊക്കെയും അതികായന്മാരാ
ണ്. 33അവിടെ ഞങ്ങൾ മല്ലന്മാരുടെ സന്തതികളായ അനാക്യമല്ലന്മാരെയും കണ്ടു;
അവരുടെ മുമ്പിൽ ഞങ്ങൾ വെറും വെട്ടുകിളികളെപ്പോലെ തോന്നി; അവരുടെ
കാഴ്ചക്കും ഞങ്ങൾ അങ്ങനെതന്നെ ആയിരുന്നു.)

യോശുവായ്ക്കു മാത്രമല്ല ദൈവവാഗ്ദാനങ്ങളുടെ പൂർത്തീകരണം അനുഭവി
ക്കാൻ കഴിഞ്ഞത്, കാലേബിനേയും ദൈവം അനുഗ്രഹിച്ചു:

യോശുവ 14:12-15 ആകയാൽ യഹോവ അന്നു കല്പിച്ച ഈ മല ഇപ്പോൾ
എനിക്കു തരുക; അനാക്യർ അവിടെ ഉണ്ടെന്നും പട്ടണങ്ങൾ വലിപ്പവും ഉറപ്പും
ഉള്ളവ എന്നും നീ അന്നു കേട്ടിട്ടുണ്ടല്ലോ; യഹോവ എന്നോടുകൂടെ ഉണ്ടെങ്കിൽ
താൻ അരുളിചെയ്‌തതുപോലെ ഞാൻ അവരെ ഓടിച്ചുകളയും. 13അപ്പോൾ
യോശുവ അവനെ അനുഗ്രഹിച്ചു; ഹെബ്രോൻ മല യെഫുന്നയുടെ മകനായ
കാലേബിന് അവകാശമായി കൊടുത്തു. 14അങ്ങനെ ഹെബ്രോൻ ഇന്നുവരെ കാലേ
ബിന് അവകാശമായിരിക്കുന്നു; അവൻ ഇസ്രായേലിന്റെ ദൈവമായ യഹോവയെ
പൂർണ്ണമായി പറ്റിനിന്നതുകൊണ്ടുതന്നെ. 15ഹെബ്രോനു പണ്ട് കിര്യത്ത്-അർബാ
എന്നു പേരായിരുന്നു; അർബാ എന്നവൻ അനാക്യരിൽവച്ച് അതിമഹാൻ ആയി
രുന്നു. അങ്ങനെ യുദ്ധംതീർന്നു; ദേശത്തിന് സ്വസ്ഥതവന്നു.

ദൈവത്തിന്റെ വാഗ്ദാനങ്ങൾ മുഴുവനും ദൈവം നിറവേറ്റി, യോശുവയുടെ സാക്ഷ്യം നോക്കുക.

യോശുവ 21:43-45 യഹോവ ഇസ്രായേലിനു താൻ അവരുടെ പിതാക്കന്മാർക്കു
കൊടുക്കുമെന്നു വാഗ്ദത്തം ചെയ്‌ത ദേശമെല്ലാം കൊടുത്തു; അവർ അതു
കൈവശമാക്കി അവിടെ പാർത്തു. 44യഹോവ അവരുടെ പിതാക്കന്മാരോടു സത്യം



ചെയ്‌തതുപോലെ എല്ലാവശത്തും അവർക്കു സ്വസ്ഥത നല്കി; ശത്രുക്കളിൽ ഒരു
വനും അവരുടെ മുമ്പിൽ നിന്നിട്ടില്ല; യഹോവ സകല ശത്രുക്കളെയും അവരുടെ
കൈയിൽ എല്പിച്ചു. 45യഹോവ യിസ്രായേൽ ഗൃഹത്തോട് അരുളിച്ചെയ്‌ത
വാഗ്ദാനങ്ങളിൽ ഒന്നും നിറവേറ്റാതിരുന്നില്ല; സകലതും നിവൃത്തിയായി.

ദൈവത്തിന്റെ വിശ്വസ്തതയിലും വാഗ്ദാനങ്ങൾ നിറവേറ്റാനുള്ള അവന്റെ കഴിവിലും ഇന്നു നിങ്ങൾ വിശ്വസിക്കുന്നുവോ? അവന്റെ വാഗ്ദാനങ്ങൾ നിങ്ങൾ ഓർമ്മിക്കുന്നുണ്ടോ? ഈ ലോകത്തിലെ സകല ജനങ്ങളുടെയും ലക്ഷ്യം സന്തോഷത്തോടുകൂടിയിരിക്കുക എന്നതാണ്. ആനന്ദലബ്ധിക്കുള്ള ഏറ്റവും മികച്ചവഴി ദൈവത്തിന്റെ വാഗ്ദാനങ്ങളെ ഓർത്തുവച്ചു വിശ്വസിച്ച് അവയുടെ പൂർത്തീകരണത്തിനായി കാത്തിരുന്ന്, അവ നിങ്ങളുടെ കൺമുന്നിൽ നിറവേറ്റപ്പെടുന്നതു കാണുക എന്നതാണ്.

ദൈവം നൽകിയ വാഗ്ദാനങ്ങളെ വചനത്തിൽ നിന്നും ഗ്രഹിച്ചെടുക്കുക. അവ എഴുതിവയ്ക്കുക. നിങ്ങൾക്കു ചേരുന്നവ നിറവേറാനായി പ്രാർത്ഥനയിൽ ജാഗരിക്കുക. ആ നിമിഷങ്ങൾ ആസ്വദിക്കുക, ദൈവത്തെ മഹത്വപ്പെടുത്തുക, മറ്റുള്ളവരുടെ വിശ്വാസപോഷണത്തിനായി അവ പങ്കുവയ്ക്കുക. നിങ്ങളെ അതു സന്തോഷഭരിതരാക്കുമെന്നതു മാത്രമല്ല, അതുവഴി ദൈവത്തിനു മഹത്വവും കരേറ്റപ്പെടും - അതാണല്ലോ ഇതിലെല്ലാറ്റിലും കാതലായ കാര്യം.

പാഠം 14

# തിരഞ്ഞെടുത്ത ബലഹീനരിലൂടെ മഹത്വപ്പെടുന്ന ദൈവകരം

ബലഹീനരായ സാധാരണക്കാരെ തിരഞ്ഞെടുത്ത്, തന്റെ ശക്തമായ കരത്താൽ അവരിലൂടെ വലിയ കാര്യങ്ങൾ സാദ്ധ്യമാക്കികൊണ്ട് ദൈവനാമം മഹത്വീകൃതമാകുന്നത് ബൈബിളിൽ ഉടനീളം നമുക്കു കാണാം.

കോമള യുവാവായ ദാവീദിനെ ഉപയോഗിച്ച് മല്ലവീരനായ ഗോലിയാത്തിനെ വധിച്ച്, ദൈവം ഫിലിസ്ത്യരുമായുള്ള യുദ്ധം വിജയിപ്പിച്ചു. ഏലിയുടെ കുടുംബനാശം പ്രവചിച്ച് ഇസ്രായേലിനെ നയിക്കാൻ ബാലനായ ശമുവേലിനെ ദൈവം ഉപയോഗിച്ചു. അസാധാരണമായ കാര്യങ്ങൾ പ്രവചിക്കാൻ ദൈവം ഉപയോഗിച്ച പ്രവാചകരിൽ അധികംപേരും സാധാരണപുരുഷന്മാരായിരുന്നു. അവരിൽ ചിലർ അനിതരസാധാരണമായ അത്ഭുതങ്ങൾ പ്രവർത്തിക്കുകയും ചെയ്തു. മോശയുടെ വിക്കുബാധിച്ച നാവിനെ ഉപയോഗിച്ച് ദൈവം ഈജിപ്തിലെ അതിശക്തനായ ഫറവോനെയു കൂട്ടരെയും മുട്ടുകുത്തിച്ചു. നീണ്ടുപോകുന്ന ഈ പട്ടിക എബ്രായരുടെ പതിനൊന്നാം അദ്ധ്യായത്തിൽ നമുക്കുവായിക്കുവാൻ കഴിയും.

ന്യായാധിപർ 6:1-6 ഇസ്രായേൽ മക്കൾ പിന്നെയും യഹോവയ്ക്ക് അനിഷ്ട മായുള്ളതു ചെയ്തു; യഹോവ അവരെ ഏഴു വർഷം മിദ്യാന്റെ കൈയിൽ ഏല്പി ച്ചു. 2മിദ്യാൻ ഇസ്രായേലിന്റെ മേൽ ആധിപത്യം പുലർത്തി; ഇസ്രായേൽമക്കൾ മിദ്യാന്യരുടെ നിമിത്തം പർവ്വതങ്ങളിലെ മടകളും ഗുഹകളും ദുർഗ്ഗങ്ങളും ശരണ മാക്കി. 3ഇസ്രായേൽ വിത്തു വിതയ്ക്കുമ്പോഴെല്ലാം മിദ്യാന്യരും അമാലേക്യരും കിഴക്കേദേശക്കാരും അവർക്കെതിരേ വരും. 4അവർ അവർക്കെതിരായി പാളയമ ടിച്ച് ഗസ്സാവരെ നാട്ടിലെ വിളകളെല്ലാം നശിപ്പിക്കും; ഇസ്രായേലിന് ആഹാരമോ ആടോ മാടോ കഴുതയോ ഒന്നും ശേഷിപ്പിക്കുകയില്ല. 5അവർ തങ്ങളുടെ കന്നു കാലികളും കൂടാരങ്ങളുമായി പുറപ്പെട്ട് വെട്ടുക്കിളികളെപ്പോലെ കൂട്ടമായി വരും; അവരും അവരുടെ ഒട്ടകങ്ങളും അസംഖ്യം ആയിരുന്നു; അവർ ദേശത്തു കടന്നു നാശം ചെയ്യും. 6ഇങ്ങനെ മിദ്യാന്യരാൽ ഇസ്രായേൽ ഏറ്റവും ക്ഷയിച്ചു; ഇസ്രാ യേൽമക്കൾ യഹോവയോടു നിലവിളിച്ചു.

ഇസ്രായേലിന്റെ പാപാധിക്യം നിമിത്തം ദൈവം അവരെ മിദിയാന്യരുടെ കൈക ളിൽ ഏല്പിച്ചുകൊടുത്തു. വാ 2 മിദ്യാൻ ഇസ്രായേലിന്റെ മേൽ ആധിപത്യം പുലർത്തി; ഇസ്രായേൽമക്കൾ മിദ്യാന്യർ നിമിത്തം പർവ്വതങ്ങളിലെ മടകളും ഗുഹകളും ദുർഗ്ഗങ്ങളും ശരണമാക്കി. മിദ്യാന്യരുടെ പക്കൽനിന്നും അവർക്കു നേരിടേണ്ടി വന്ന സഹനം എത്രവലുതാണെന്നു നോക്കുക! അവരുടെ യാതന കൾ പെരുകിയപ്പോൾ അവർ ദൈവത്തെ വിളിച്ചപേക്ഷിച്ചു, ദൈവം അവർക്ക് ഒരു സഹായകനെ അയച്ചു - ഗിദേയോൻ.

## ന്യായാധിപർ 7 വായിക്കുക

മിദ്യാന്യരുടെ അസംഖ്യമായ പടയാളികളോടു പൊരുതാൻ ആയിരക്കണക്കിനു ഇസ്രായേലുകാർ മുന്നോട്ടുവന്നപ്പോൾ ദൈവം കേവലം 300 പേരെ മാത്രമാണ് അതിനായി നിയോഗിച്ചത്. എന്തുകൊണ്ടാണ് ദൈവം ഇപ്രകാരം ചെയ്തത്? ശക്തമായ ഒരു സൈന്യം പോരാടി വിജയം വരിച്ചാൽ ഒരുപക്ഷേ അവർ സൈന്യ ബലത്തിന് മഹത്വം നല്കിയേക്കും. അവർക്കുവേണ്ടി പൊരുതി, വിജയം നേടി ക്കൊടുത്ത ദൈവത്തെ കണ്ടില്ലെന്നു വരികയും ചെയ്യാം. മഹത്വമെല്ലാം ദൈവ ത്തിന്റേതാണ്, അവനാണ് അതിനർഹനായത്.

കേവലം 300 പോരാളികളുമായി ഒരു മഹായുദ്ധം ജയിക്കുന്ന കാര്യം ആർക്കു സങ്കൽപ്പിക്കാൻ കഴിയും? ബൗദ്ധികതലത്തിൽ ചിന്തിച്ചാൽ മൂഢത്തത്തരമെന്നേ പറയാൻ പറ്റൂ. എന്നാൽ ദൈവം അവർക്കു നൽകിയ വാഗ്ദാനം നോക്കുക:

ആവർത്തനം 1:29-30 അപ്പോൾ ഞാൻ നിങ്ങളോടു പറഞ്ഞു: നിങ്ങൾ ഭ്രമിക്ക രുത്, അവരെ ഭയപ്പെടുകയും അരുത്. 30നിങ്ങളുടെ ദൈവമായ യഹോവ നിങ്ങ ളുടെ മുമ്പിൽ നടക്കുന്നു. നിങ്ങൾ കാൺകെ അവൻ മിസ്രയീമിൽ ചെയ്തതു പോലെ നിങ്ങൾക്കുവേണ്ടി യുദ്ധം ചെയ്യും.



ദൈവം നമ്മുടെ ബലഹീനതകളെ മനസ്സിലാക്കി എപ്രകാരം നമ്മിൽ ബലം പക രുന്നുവെന്നുകൂടി നമുക്കിവിടെ കാണാം: ന്യായാധിപർ 7:9-16 ഒന്നുകൂടി വായി ക്കുക. ഗിദെയോൻ ഭയചകിതനാണന്നകാര്യം ദൈവത്തിനു മനസ്സിലായി.

വാ 10-11 ഇറങ്ങിച്ചെല്ലുവാൻ നിനക്കു ഭയമുണ്ടെങ്കിൽ നീയും നിന്റെ ദാസനായ പൂരയുംകൂടെ പാളയത്തിലേക്ക് ഇറങ്ങിച്ചെല്ലുക. 11അങ്ങനെ അവർ സംസാരിക്കു ന്നത് എന്തെന്നു നീ കേൾക്കും; അതിനു ശേഷം പാളയത്തിനുനേരേ ഇറങ്ങിച്ചെ ല്ലുവാൻ നിനക്കു ധൈര്യം വരും. അങ്ങനെ അവനും പൂരയും പാളയത്തിൽ ആയു ധപാണികളുടെ സമീപംവരെ ഇറങ്ങിച്ചെന്നു.

ശത്രുപാളയത്തിലേക്ക് ഇറങ്ങിച്ചെന്ന ഗിദെയോൻ ദൈവം വാഗ്ദാനം ചെയ്ത തുപോലെ കരുത്തുള്ളവായി.

വാ 13-15 ഗിദെയോൻ ചെല്ലുമ്പോൾ ഒരുവൻ തന്റെ സ്നേഹിതനോട് ഒരു സ്വപ്നം വിവരിക്കുകയായിരുന്നു: ഞാൻ ഒരു സ്വപ്നം കണ്ടു; ഒരു യവത്തപ്പം മിദ്യാന്യരുടെ പാളയത്തിലേക്ക് ഉരുണ്ടുവന്ന് കൂടാരം വരെ എത്തി കൂടാരത്തെ തള്ളിമറിച്ചിട്ടു; അങ്ങനെ അതു വീണു കിടന്നു എന്നു പറഞ്ഞു. 14അതിന് അവന്റെ സ്നേഹിതൻ: ഇതു യോവാശിന്റെ മകനായ ഗിദെയോൻ എന്ന ഇസ്രായേല്യന്റെ വാളല്ലാതെ മറ്റൊന്നുമല്ല; ദൈവം മിദ്യാനെയും ഈ പാളയത്തെയൊക്കെയും അവന്റെ കൈയിൽ ഏല്പിച്ചിരിക്കുന്നു എന്ന് ഉത്തരം പറഞ്ഞു. 15ഗിദെയോൻ സ്വപ്നവും അർത്ഥവും കേട്ടപ്പോൾ ദൈവത്തെ നമസ്കരിച്ചു; ഇസ്രായേലിന്റെ പാളയത്തിൽ മടങ്ങിച്ചെന്നു; എഴുന്നേൽക്കുവിൻ, യഹോവ മിദ്യാന്റെ പാളയത്തെ നിങ്ങളുടെ കയ്യിൽ ഏല്പിച്ചിരിക്കുന്നു എന്നു പറഞ്ഞു..

ദൈവത്തിന്റെ പ്രവർത്തികൾ നോക്കുക: ശത്രുവിന്റെ മനസ്സിൽ കാണിച്ച സ്വപ്ന ത്തിലൂടെ ദൈവം അവരെ ഭയചകിതരാക്കി. സ്വപ്നം കണ്ട മിദ്യാൻ പടയാളി യുടെ സംസാരവും അതിനു കൂട്ടുകാരൻ നൽകിയ വിശദീകരണവും പോയവ ഴികേട്ട ഗിദെയോൻ ദൈവം തനിക്കാണു വിജയമൊരുക്കിയിരിക്കുന്നതെന്ന കാ ര്യത്തിൽ ഉറപ്പുള്ളവനായി. അവൻ ദൈവത്ത അപ്പോൾ അവിടെവച്ച് ആരാധി ച്ചു. തന്റെ കൂടെയുണ്ടായിരുന്ന നാമമാത്രമായ മുന്നൂറു പടയാളികളെ ധീരത യോടെ നയിച്ചു ശത്രുവിന്മേൽ അവൻ വിജയവും കുറിച്ചു.

വാ 22 ആ മുന്നൂറുപേരും കാഹളം ഊതിയപ്പോൾ യഹോവ പാളയത്തിലൊ ക്കെയും ഓരോരുത്തന്റെയും വാൾ തന്റെ കൂട്ടുകാരനുനേരേ തിരിച്ചു; സൈന്യം സെരേരാവഴിയായി ബേത്ത്-ശഫ്ത്താവരെയും തബ്ബത്തിനരികെയുള്ള ആബേൽ-മെഹോലയുടെ അതിർത്തിവരെയും ഓടിപ്പോയി.

പാഠം 15

# ദൈവത്തെ മഹത്വപ്പെടുത്താനാഗ്രഹിക്കുന്നവർക്കുവേണ്ടി പ്രവർത്തിക്കുന്ന ദൈവകരം

യൂദാദേശത്തിന്റെ രാജാവായിരുന്നു ഹിസ്ക്കിയ. ശലമോൻ രാജാവിന്റെ ഭരണശേഷം ഇസ്രായേൽ ദേശം രണ്ടായി ഭാഗിക്കപ്പെട്ടിരുന്നു: യൂദാദേശവും (ജെറുസലേം തലസ്ഥാനമായുള്ള തെക്കൻ രാഷ്ട്രം), ഇസ്രായേൽ ദേശവും (സമരിയാ തലസ്ഥാനമായുള്ള വടക്കൻ രാഷ്ട്രം). ഹിസ്ക്കിയ രാജാവിന്റെ വാഴ്ചയുടെ ആദ്യകാലഘട്ടത്തിൽ തന്നെ അശൂർ രാഷ്ട്രക്കാർ വന്ന് ഇസ്രായേലിനെ ആക്രമിച്ചു കീഴടക്കി അവിടത്തെ ജനങ്ങളെ അസ്സീറിയയിലേക്ക് തടവുകാരാക്കി കൊണ്ടുപോയി (ഇസ്രായേലിന്റെ പാലായനം). 2 രാജാക്കന്മാർ 18ൽ ഇക്കാര്യങ്ങൾ നമുക്കു കാണാം.

ശക്തരും ദുഷ്ടരുമായ അസ്സീറിയക്കാർ അവരുടെ ക്രൂരകൃത്യങ്ങളെ പ്രതി കുപ്രസിദ്ധരായിരുന്നു. യുദ്ധക്കൊതി മൂത്ത അവർ യൂദാദേശത്തിനെതിരെ തിരിഞ്ഞു– ചെറിയ ആ ദേശം എളുപ്പം കീഴടക്കാമെന്നു വിചാരിച്ചിട്ട്. എന്നാൽ ആ ചെറിയ ദേശം ആരാധിക്കുന്ന അവരുടെ വലിയ ദൈവത്തെ മനസ്സിലാക്കുന്നതിൽ അസ്സീറിയക്കാർ പരാജിതരായി.

2 രാജാക്കന്മാർ 18:17 മുതൽ 19:37 വരെ വായിക്കുക.

അസ്സീറിയക്കാരുടെ ഭീഷണിക്കത്തു കിട്ടിയപ്പോൾ ഹിസ്ക്കിയ രാജാവു ചെയ്തതു നോക്കുക! ഭയചകിതനായിപ്പോയെങ്കിലും അവൻ ദൈവത്തിൽ അഭയം തേടി. അവന്റെ പ്രാർത്ഥന നോക്കുക:

> 2 രാജാക്കന്മാർ 19:14-19 ഹിസ്കിയാവ് ദൂതന്മാരുടെ കൈയിൽ നിന്നും
> എഴുത്തുവാങ്ങി വായിച്ചു. പിന്നെ അദ്ദേഹം യഹോവയുടെ ആലയത്തിൽ ചെന്ന്
> യഹോവയുടെ സന്നിധിയിൽവച്ച് അത് നിവർത്തി. 15അനന്തരം ഹിസ്ക്കിയാവ്
> യഹോവയോടു പ്രാർത്ഥിച്ചു: ഇസ്രായേലിന്റെ ദൈവമായ യഹോവേ! കെരൂബു
> കളുടെ മദ്ധ്യേ സിംഹാസനസ്ഥനായുള്ളോവേ! ഭൂതലത്തിലെ സകല രാജ്യങ്ങൾക്കും
> മേലെ അവിടന്നുമാത്രം ദൈവമാകുന്നു. അവിടന്നു ഭൂമിയെയും ആകാശത്തെയും
> സൃഷ്ടിച്ചു. 16യഹോവേ, ചെവിചായിച്ചു കേൾക്കേണമേ! യഹോവേ, തൃക്കൺ
> തുറന്നു കാണണമേ! ജീവനുള്ള ദൈവത്തെ അധിക്ഷേപിച്ച് സൻഹേരിബ് പറ
> ഞ്ഞയച്ച വാക്കുകൾ ശ്രദ്ധിക്കേണമേ! 17യഹോവേ, അശ്ശൂർ രാജാക്കന്മാർ ഈ ജന
> തകളെയും അവരുടെ ദേശങ്ങളെയും ശൂന്യമാക്കിക്കളഞ്ഞു എന്നതു നേരുതന്നെ.
> 18അവരുടെ ദേവന്മാരെ അവർ തീയിലിട്ടു ചുട്ടു നശിപ്പിച്ചു. അവ ദേവന്മാരായി



> രുന്നില്ല, മനുഷ്യ കരങ്ങൾ രൂപം കൊടുത്ത കല്ലും മരവും മാത്രം ആയിരുന്നു.
> 19ഞങ്ങളുടെ ദൈവമായ യഹോവേ, അവിടന്നുമാത്രം ദൈവമാകുന്നു എന്ന് ഭൂത
> ലത്തിലെ സകല രാജ്യങ്ങളും അറിയുവാൻ തക്കവണ്ണം ഇപ്പോൾ അയാളുടെ
> കൈയിൽ നിന്നും ഞങ്ങളെ വിടുവിക്കേണമേ!

മറ്റുരാജ്യങ്ങളുടെയൊന്നും ദേവന്മാർക്ക് അവരുടെ ദേശത്തെ തന്റെ കയ്യിൽ നിന്നും രക്ഷിക്കാനായില്ല എന്നു വമ്പുപറഞ്ഞ അശ്ശൂർ രാജാവ്, യഹോവ തങ്ങളെ വിടുവിക്കും എന്നു പറഞ്ഞ ഹിസ്കിയാവിന്റെ വാക്കുകൾ കേൾക്കേണ്ട തില്ല എന്ന് യൂദാദേശത്തെ ജനങ്ങളോടു വിളിച്ചു പറഞ്ഞു. എന്നാൽ മറ്റു രാജ്യങ്ങളിലെ ദേവന്മാർ വെറും കല്ലും മരവുമാണെന്ന ഉറച്ചവിശ്വാസം ഹിസ്കിയാവിനുണ്ടായിരുന്നു (വാ 18). താൻ ആരാധിച്ച സർവ്വ ശക്തനോടു തനിക്കുള്ള യാചനനോക്കുക (വാ 19). തന്റെയും തന്റെ ജനതയുടെയും നേട്ടത്തിനായല്ല, മറിച്ച് ദൈവത്തിന്റെ നാമമഹത്വത്തിനു വേണ്ടിയായിരുന്നു. ലോകം മുഴുവൻ യഹോവയാണ് കർത്താവ് എന്ന വാസ്തവം അറിയിക്കാനായി. ഭയചകിതരായി നിന്ന തന്റെ രാജ്യത്തിന്റെ സേനയുടെ മുന്നിൽ നിന്നുകൊണ്ട് ഗോലിയാത്തിനെ വെല്ലുവിളിച്ച ദാവീദിന്റെ പ്രാർത്ഥനയും ഇതുതന്നെയായിരുന്നില്ലേ? ദൈവനാമം മഹത്വപ്പെടുത്തണമെന്ന് ആരെങ്കിലും ഇച്ഛിച്ചാൽ അതിൽ പ്രീതിതനാകുന്ന ദൈവം, അപ്രകാരമുള്ള പ്രാർത്ഥനയെക്കേട്ടു മറുപടി നൽകി തന്റെ നാമം മഹത്വപ്പെടുത്തുന്നു.

നിങ്ങളുടെ പ്രാർത്ഥന എപ്രകാരമാണ്? നിങ്ങളുടെ സൗകര്യത്തിനും സുഖത്തിനും മഹത്വത്തിനും വേണ്ടിയാണോ? അതോ ദൈവനാമം മഹത്വപ്പെടണമെന്ന ആത്മാർത്ഥതയിലൂന്നിയതാണോ? ഓർക്കുക: ദൈവം നമ്മെ സൃഷ്ടിച്ചതുതന്നെ അവിടത്തെ മഹത്വത്തിനായിട്ടാണ് (ഏശയ്യ 43:7). അവിടത്തെനാമം നാം മഹത്വപ്പെടുത്തുമ്പോൾ നാം നമ്മുടെ ജന്മസാഫല്യമാണ് കൈവരിക്കുന്നത്.

ഹിസ്കിയാവിന്റെ പ്രാർത്ഥനയ്ക്ക് ഉത്തരമായി ദൈവം ഉടൻ തന്നെ യെശ്ശയ്യാവിനു സന്ദേശം കൊടുത്തു. അതിലെ പ്രധാനഭാഗം നമുക്കു നോക്കാം.

> വാ 22-23 ആരെയാണു നീ പരിഹസിക്കുകയും ദുഷിക്കുകയും ചെയ്തത്?
> ആർക്കെതിരെയാണ് നീ ശബ്ദമുയർത്തിയത്? നീ അഹന്തയോടെ കണ്ണുയർത്തി
> യത്? ഇസ്രായേലിന്റെ പരിശുദ്ധനെതിരെതന്നെ. 23നിന്റെ ദൂതന്മാർ മുഖാന്തരം
> നീ യഹോവയുടെമേൽ പരിഹാസം ചൊരിഞ്ഞിരിക്കുന്നു...

ഇസ്രായേൽ ദേശത്തെയോ അവരുടെ രാജാവിനെയോ അല്ല മറിച്ച് അവരുടെ ദൈവമായ സ്വർഗ്ഗത്തിൽ വസിക്കുന്ന യഹോവയെയാണ് അശ്ശൂർ രാജാവ് പരിഹസിച്ചതെന്നാണ് പരിഹസിച്ചവനോടു പറയാൻ ദൈവം പറഞ്ഞത്. ദൈവമതിനെ പരിഹാസം എന്നാണു വിളിച്ചത് – തന്നെ പരിഹസിക്കുന്നവരെ സഹിക്കാൻ ദൈവത്തിനു കഴിയില്ല. മഹത്വം നൽകുന്നതിന്റെ വിപരീതരീതിയാണ് പരിഹാസം നൽകുന്നത്. തന്നെ പരിഹസിക്കുന്നവരെ ദൈവം നശിപ്പിക്കുന്നു, മഹ

ത്വപ്പെടുത്തുന്നവരെയോ അവൻ ഉയർത്തുന്നു. പരിഹാസികളായ അശ്ശൂറിന്റെ നേർക്ക് ദൈവകരം ഉയർന്നു. ദൈവം ചെയ്തത് എന്തെന്നു നോക്കുക:

> വാ 32-37 അതിനാൽ അശ്ശൂർ രാജാവിനെക്കുറിച്ച് യഹോവ ഇപ്രകാരം അരു
> ളിച്ചെയ്യുന്നു: അയാൾ ഈ നഗരത്തിൽ കടക്കുകയില്ല; ഇവിടേയ്ക്ക് ഒരു അമ്പു
> പോലും എയ്യുകയുമില്ല. അയാൾ പരിചയുമായി ഇതിന്റെ മുമ്പിൽ വരികയില്ല,
> ഇതിനെതിരേ ഉപരോധം ഉണ്ടാക്കുകയുമില്ല. 33അയാൾ വന്നവഴിയായിത്തന്നെ
> തിരിയെപ്പോകും. അയാൾ ഈ നഗരത്തിൽ പ്രവേശിക്കുകയില്ലെന്ന് യഹോവ അരു
> ളിച്ചെയ്യുന്നു. 34എനിക്കുവേണ്ടിയും എന്റെ ദാസനായ ദാവീദിനുവേണ്ടിയും ഞാൻ
> ഈ നഗരത്തെ പ്രതിരോധിച്ച് ഇതിനെ രക്ഷിക്കും. 35അന്നുരാത്രി യഹോവയുടെ
> ദൂതൻ ഇറങ്ങിവന്ന് അശ്ശൂർ പാളയത്തിൽ ഒരു ലക്ഷത്തി എൺപത്തയ്യായിരം പട
> യാളികളെ കൊന്നു. പിറ്റേദിവസം രാവിലെ ജനങ്ങൾ ഉണർന്നു നോക്കിയപ്പോൾ
> അവരെല്ലാം മൃതശരീരങ്ങളായിക്കിടക്കുന്നതുകണ്ടു. 36അതിനാൽ അശ്ശൂർ രാജാ
> വായ സൻഹേരിബ് പുറകോട്ടു മടങ്ങിപ്പോയി. അയാൾ നിനവേയിലേക്കു പോയി
> അവിടെ പാർത്തു. 37ഒരു ദിവസം അയാൾ തന്റെ ദൈവമായ നിസ്രോക്കിന്റെ
> ക്ഷേത്രത്തിൽ ആരാധിച്ചുകൊണ്ടിരുന്നപ്പോൾ അയാളുടെ പുത്രന്മാരായ അദ്ര
> മേലെക്കും, ശരേസറും അയാളെ വാളാൽ വെട്ടിക്കൊന്നു. അനന്തരം അവർ അരാ
> രാത്ത് ദേശത്തേക്ക് ഓടിപ്പോയി. അയാളുടെ മറ്റൊരുമകനായ ഏസെർഹദ്ദോൻ
> അയാൾക്കുപകരം രാജാവായി.

അശ്ശൂരിന്റെ കയ്യിൽ നിന്നും വിടുതൽ വാഗ്ദാനം ചെയ്ത ദൈവം അന്നു രാത്രി തന്നെ പ്രവർത്തിച്ചു. 185000 യോദ്ധാക്കളെ കർത്താവിന്റെ ദൂതൻ വധിച്ചു കളഞ്ഞു. ഹിസ്കിയാവിനും കൂട്ടർക്കും ഒന്നും ചെയ്യേണ്ടിവന്നില്ല – ഒരുപ്രാവശ്യം പോലും വാളുയർത്തേണ്ടിവന്നില്ല. അതു ചെയ്തത് ദൈവത്തിന്റെ ശക്തമായ കരമായിരുന്നു.

കഥയവിടെ തീരുന്നില്ല. സെൻഹേരിബിന്റെ മക്കൾ തന്നെ അയാളെ വധിച്ചു കളഞ്ഞു – അവർ അതിനായി തിരഞ്ഞെടുത്ത സ്ഥലമോ അയാൾ അയാളുടെ ദൈവമായ നിസ്റോക്കിന്റെ ആലയത്തിൽ ആരാധന നടത്തുന്ന സമയത്ത്. അയാൾ വിശ്വസ്തയോടെ ആരാധിച്ച ദൈവത്തിന്, അയാൾ ആക്രമിച്ചതിൽ ഒരു പക്ഷേ ഏറ്റവും ചെറിയ രാജ്യമായ യൂദാദേശത്തെ തോൽപ്പിക്കാനോ, തന്റെ തന്നെ ദേവാലയത്തിൽ ആരാധിച്ചുകൊണ്ടിരുന്ന ഭക്തനെ കൊലചെയ്യാനായി വന്നവരിൽ നിന്നും രക്ഷിക്കാനോ കഴിഞ്ഞില്ല.
നമ്മുടെ ദൈവമായ യഹോവയിൽ നിങ്ങൾക്കിന്ന് പൂർണ്ണമായ ആശ്രയമുണ്ടോ? അവനെക്കാളുപരിയായി നിങ്ങൾ ആരെയെങ്കിലും/എന്തിനെയെങ്കിലും ഭയപ്പെടുന്നുണ്ടോ?
ദൈവത്തെ മഹത്വപ്പെടുത്തുക എന്നതാണോ നിങ്ങളുടെ പ്രവർത്തികളുടെ പ്രഥമലക്ഷ്യം?
ദൈവനാമ മഹത്വമാണോ നിങ്ങളുടെ പ്രാർത്ഥനയുടെ കേന്ദ്രബിന്ദു?

ഹിസ്കിയാവിനെപ്പോലെ പ്രാർത്ഥിക്കുക – ദൈവത്തിന്റെ മഹത്വം കാണുക.



പാഠം 16

# വലിയ നവീകരണം കൊണ്ടുവരുന്ന ദൈവകരം

## 2 ദിനവൃത്താന്തം 30 വായിക്കുക

ഇസ്രായേൽ രാഷ്ട്രം രണ്ടായി വിഭജിച്ച് ഇസ്രായേലും യൂദയായുമായി മാറിയെന്ന കാര്യം നിങ്ങൾ ഓർക്കുന്നുണ്ടാകുമല്ലോ? ഇസ്രായേൽ ദേശം അതിന്റെ സ്ഥാപകരാജാവായ യേരോബോവാം മുതൽ വിഗ്രഹാരാധനയിലേക്കു തലകുത്തി വീണ് അധഃപതിച്ചു. യൂദാദേശമാകട്ടെ ദാവീദിന്റെ സന്തതിപരമ്പരകളാലാണ് ഭരിച്ചു കൊണ്ടിരുന്നത്. യൂദാദേശത്തെ ഏറ്റവും ദുഷ്ടനായ രാജാവായിരുന്നു ആഹാസ്. മുഴുവൻ രാജ്യത്തെയും അവൻ വിഗ്രഹാരാധനയിലേക്കും അതോടനുബന്ധിച്ച മ്ളേച്ഛതകളിലേക്കും എറിഞ്ഞുകൊടുത്തു. എന്നാൽ അവന്റെ മകനായ ഹിസ്കിയാവ് രാജാവ് തികച്ചും വ്യത്യസ്ഥനായിരുന്നു. ദൈവത്തെ പൂർണ്ണഹൃദയത്തോടെ സ്നേഹിച്ച അവൻ യുദാദേശത്ത് ഒരു നവീകരണമുണ്ടാകുവാനായി നേതൃത്വം നൽകി. ദൈവം തന്റെ പ്രയത്നങ്ങളെ അനുഗ്രഹിച്ചതിനെയും തന്റെ പ്രജകളുടെ ഹൃദയം ദൈവത്തിലേക്കു തിരിഞ്ഞതിനെയും ഓർത്ത് അവൻ അത്യധികം സന്തോഷിച്ചു.

ഹിസ്കിയാവിന്റെ ഭരണത്തിന്റെ ആറാം വർഷം, ഇസ്രായേൽ ദേശത്തെ അശ്ശൂർ ദേശക്കാർ നശിപ്പിക്കുകയും അനേകം ഇസ്രായേല്യരെ ബന്ധികളാക്കിക്കൊണ്ടു പോകുകയും ചെയ്തു (2 രാജാക്കന്മാർ 18:10). ഇസ്രായേൽ ദേശം യഹോവയെ വിട്ടുപേക്ഷിച്ച് ബിംബങ്ങളുടെ പിറകെ പോയതിനാലാണ് ഇതു സംഭവിച്ചത് (2 രാജാക്കന്മാർ 17).

യൂദാദേശത്തുപോലും അനേകവർഷങ്ങൾ പെസഹാദിനം ആചരിച്ചിരുന്നില്ല. ഹിസ്കിയാവ് പെസഹാ ആഘോഷിക്കാൻ തീരുമാനിച്ചു. മുഴുവൻ യൂദാദേശത്തേയും ഇസ്രായേൽ ദേശത്തു ബാക്കിയായവരേയും അവൻ ദൂതരെ അയച്ചു വിളിപ്പിച്ചു. യൂദാദേശത്തെ മാത്രമല്ല ഇസ്രായേൽ ദേശത്തു ബാക്കിയായി ഉണ്ടായവരെയും കൂടി ദൈവത്തിലേക്കു തിരിച്ചു വരുത്തിക്കാൻ അവനാഗ്രഹിച്ചു.

ജനത്തിന്റെ പ്രതികരണം നോക്കുക:

> 2 ദിനവൃത്താന്തം 30:10-14 അങ്ങനെ സന്ദേശവാഹകർ എഫ്രായീമിന്റെയും
> മനശ്ശെയുടെയും ദേശത്ത് സെബുലൂൻവരെ പട്ടണം തോറും സഞ്ചരിച്ചു; അവരോ
> അവരെ പരിഹസിച്ചു നിന്ദിച്ചുകളഞ്ഞു. 11എങ്കിലും ആശേരിലും മനശ്ശെയിലും
> സെബുലൂനിലും ചിലർ തങ്ങളെത്തന്നെ വിനയപ്പെടുത്തി യെരുശലേമിലേക്കു
> വന്നു. 12യെഹൂദായിലും യഹോവയുടെ വചനപ്രകാരം രാജാവും പ്രഭുക്കന്മാരും
> കൊടുത്ത കല്പന അനുസരിച്ചു നടക്കേണ്ടതിന് അവർക്ക് ഏകഹൃദയം നല്കു
> വാൻ തക്കവണ്ണം ദൈവത്തിന്റെ കൈ വ്യാപരിച്ചു. 13അങ്ങനെ രണ്ടാം മാസത്തിൽ

പുളിപ്പില്ലാത്ത അപ്പത്തിന്റെ ഉത്സവം ആചരിക്കുവാൻ ധാരാളം ജനം, ഒരു മഹാ സഭതന്നെ യെരുശലേമിൽ വന്നുകൂടി. 14അവർ എഴുന്നേറ്റ് യേരുശലേമിൽ ഉണ്ടായിരുന്ന ബലിപീഠങ്ങൾ നീക്കിക്കളഞ്ഞു; സകല ധൂപകലശങ്ങളും എടുത്ത് കിദ്രോൻ തോട്ടിൽ എറിഞ്ഞുകളഞ്ഞു.

ഇസ്രായേൽ ദേശത്തു വസിച്ചിരുന്നവരിൽ ചിലർ ദൂതുമായി വന്നവരെ അവഹേളിച്ചു വിട്ടെങ്കിലും കുറച്ചു പേർ തങ്ങളെത്തന്നെ എളിമപ്പെടുത്തി പെസഹാ ആചരണത്തിനായി യെരുശലേമിലേക്കു പോയി (വാ 12). യൂദാദേശത്തേയും ഇസ്രായേൽ ദേശത്തെയും ദൈവത്തിലേക്കടുപ്പിക്കുവാനായി ഹിസ്കിയാവ് തന്റെ ഹൃദയം നല്കി. അവന്റ പദ്ധതികളിൽ പ്രസാദിതനായ ദൈവം തന്റെ കരം നീട്ടി ജനങ്ങളുടെ ഹൃദയത്തിൽ ഐക്യം നല്കി രാജാവിന്റെ പദ്ധതികൾ പ്രവർത്തിപഥത്തിലാക്കി.

ദൈവകരം ഹൃദയം ചലിപ്പിച്ചവർ പെസഹാ ആചരണത്തിനായി ഒത്തുകൂടി, അവർ യൂദാദേശത്തിലെ വിഗ്രഹങ്ങളെ നശിപ്പിച്ചു തോട്ടിലെറിഞ്ഞു. വിഗ്രഹാരാധനയെ ഉപേക്ഷിച്ച അവർ ദൈവവുമായുള്ള ബന്ധത്തിന്റെ ഊഷ്മളത ആഘോഷിക്കുകയും ചെയ്തു.

വാക്യം 21 അങ്ങനെ യെരുശലേമിൽ വന്നുകൂടിയിരുന്ന യിസ്രായേൽമക്കൾ പുളിപ്പില്ലാത്ത അപ്പത്തിന്റെ ഉത്സവം ഏഴുദിവസം മഹാസന്തോഷത്തോടെ ആചരിച്ചു; ലേവ്യരും പുരോഹിതന്മാരും ഗംഭീരനാദമുള്ള വാദ്യങ്ങളാൽ യഹോവയ്ക്ക് പാടി നിത്യവും യഹോവയെ സ്തുതിച്ചു.

ആഘോഷദിനങ്ങളുടെ ദൈർഘ്യം അവർ കൂട്ടുകയും ചെയ്തു.

വാക്യം 23 വീണ്ടും ഏഴുദിവസം കൂടി ഉത്സവം ആചരിക്കുവാൻ സർവ്വസഭയും തീരുമാനിച്ചു; അങ്ങനെ അവർ വേറെ ഏഴു ദിവസവും സന്തോഷത്തോടെ ആചരിച്ചു.

ദൈവത്തെ ആരാധിക്കാനായി നിങ്ങൾ എത്ര സമയം ചിലവഴിക്കുന്നുണ്ട്? നിങ്ങളുടെ പ്രാർത്ഥനാ സമയവും ബൈബിൾ പഠനസമയവും നിങ്ങൾ ആസ്വദിക്കുന്നുണ്ടോ? സഭായോഗങ്ങളിൽ ഉത്സാഹത്തോടെ പങ്കെടുക്കുന്നുണ്ടോ? അല്ലെങ്കിൽ അലസമായും വിരസമായും പിറുപിറുപ്പോടും കൂടിയാണോ നിങ്ങൾ അവിടെ ഇരിക്കുന്നത്?

ദൈവത്തിങ്കലേക്കു ഹൃദയേ തിരിഞ്ഞ ഈ ജനം അനേക മൈലുകൾ കാൽനടയായി താണ്ടി ജെറുസലേമിൽ വന്ന് ഒരാഴ്ച സഭയോടൊത്തുകൂടി ദൈവത്തെ ആരാധിച്ചതു തീരെ കുറഞ്ഞുപോയി എന്നു കരുതിയിട്ട് വീണ്ടും ഒരാഴ്ചകൂടി ആരാധനയ്ക്കും കൂട്ടായ്മയ്ക്കുമായി അവിടെത്തന്നെ പാർത്തു.
ഏതുതരത്തിലുള്ള ഒരു ആത്മീകനവീകരണമാണ് നിങ്ങളിലും നിങ്ങളുടെ കൂടുംബത്തിലും നിങ്ങളുടെ കുടുംബസഭയിലും സഭയിലൊന്നാകെയും വേണമെന്ന് നിങ്ങൾക്കു തോന്നുന്നത്? അത്യാഗ്രഹം, ലൗകീകമോഹങ്ങൾ, അശുദ്ധി, സ്വാർത്ഥത, അഹങ്കാരം മുതലായ വിഗ്രഹങ്ങളിൽ നിന്നുമുള്ള ഒരു നവീകരണമാണോ? ആത്മാക്കളെ നേടുവാനായുള്ള ഇവാഞ്ചലിസത്തിന്റെ അപര്യാപ്തതയിലെ നവീകരണമാണോ? നിങ്ങൾക്ക് ആ നവീകരണം മുന്നിൽ നിന്നും നയിക്കുവാൻ കഴിയുമോ? നിങ്ങളിലൂടെ ദൈവകരത്തിന്റെ ശക്തമായ പ്രവർത്തനം നടക്കുന്നതു കാണാൻ നിങ്ങൾക്കാഗ്രഹമുണ്ടോ? ഒരു വലിയ നവീകരണം സാദ്ധ്യമാക്കുവാനായി നിങ്ങൾ ഒരു വലിയ ലീഡറോ രാജാവോ ഒന്നും ആകേണ്ടതില്ല. യേശുവിൽ നമുക്കതുകാണാം. ജനങ്ങളാൽ പതിച്ചുകൊടുത്ത വലിയ അധികാരമോ സ്ഥാനമാനമോ യേശുവിൽ ഉണ്ടായിരുന്നില്ല. തന്റെ ചുറ്റുമുണ്ടായിരുന്നവരുടെ ആത്മീക അധഃപതനം കണ്ട് അവന്റെ ഹൃദയം ചലിച്ചതുകൊണ്ടാണ് യേശു വലിയ ഒരു നവീകരണത്തിനു തുടക്കമിട്ടത്.



മത്തായി 9:35-38 യേശു പട്ടണംതോറും ഗ്രാമംതോറും സഞ്ചരിച്ച് അവരുടെ പള്ളികളിൽ ഉപദേശിക്കുകയും രാജ്യത്തിന്റെ സുവിശേഷം പ്രസംഗിക്കുകയും സകലവിധ രോഗങ്ങളും വ്യാധികളും സൗഖ്യമാക്കുകയും ചെയ്തു. 36അവൻ ജനക്കൂട്ടത്തെ ഇടയനില്ലാത്ത ആടുകളെപ്പോലെ തളർന്നവരും ചിതറിയവരുമായി കണ്ട് അവരെക്കുറിച്ചു മനസ്സലിഞ്ഞു. 37അവൻ തന്റെ ശിഷ്യൻമാരോട്: കൊയ്ത്തു വളരെയധികമുണ്ട്; വേലക്കാരോ ചുരുക്കമത്രേ 38ആകയാൽ കൊയ്ത്തിന്റെ യജമാനനനോട് വേലക്കാരെ അയയ്ക്കേണ്ടതിനു യാചിക്കുവിൻ എന്നു പറഞ്ഞു.

അവരുടെ അവസ്ഥകണ്ടപ്പോൾ യേശുവിന്റെ ഉള്ളിൽ അവരുടെ നഷ്ടാവസ്ഥയെക്കുറിച്ചുള്ള അനുകമ്പ ശക്തമായി. നിങ്ങളുടെ ചുറ്റുമുള്ള ആളുകളുടെ നഷ്ടാവസ്ഥ – നിങ്ങളുടെയും നിങ്ങളുടെ കുടുംബത്തിന്റെയും ഉൾപ്പെടെയുള്ളത് – കാണാനായി നിങ്ങളുടെ കണ്ണുകളും കേൾക്കാനായി കാതുകളും തുറന്നു തരാനായി ദൈവത്തോടു പ്രാർത്ഥിക്കുക. അവ എഴുതിവയ്ക്കുക, പ്രാർത്ഥനയും ദൈവാശ്രയവും മറ്റു ശിഷ്യന്മാരുടെ ഉപദേശവും സഹായവും കൂടെയെടുത്ത് ദൈവമഹത്വത്തിനായി ഒരു നവീകരണ യജ്ഞം തുടങ്ങുക.

പാഠം 17

# ദൈവത്തിനു സ്തുതിഗീതങ്ങൾ പാടി വിജയിച്ച യുദ്ധം.

## 2 ദിനവൃത്താന്തം 20:1–30 വായിക്കുക

മൂന്നു രാജാക്കന്മാർ സന്ധിചേർന്ന് യൂദാദേശത്തെ ആക്രമിക്കാൻ ഒരുങ്ങി – മൊവാബ്യരും, അമ്മോന്യരും മൂന്യരിൽ ചിലരും. ശക്തികുറഞ്ഞ ഒരു ചെറിയ രാജ്യത്തിനെതിരായാണ് വലിയ ഈ സൈന്യം കോപ്പുകൂട്ടിയത്. യെഹോശഫാത്ത് അക്കാലത്ത് യൂദാദേശത്തിന്റെ രാജാവായിരുന്നു. ദൈവത്തിൽ ആശ്രയിച്ച നല്ലവനായ ഒരു രാജാവായിരുന്നു അദ്ദേഹം. കീഴടങ്ങലോ, ഏറ്റുമുട്ടി പരാ

ജയപ്പെടലോ, മറ്റുരാജ്യങ്ങളുടെ സൈന്യബലത്തിൽ ആശ്രയിക്കലോ ഒക്കെയായിരുന്നു അദ്ദേഹത്തിനു മുന്നിലുണ്ടായ പോംവഴികൾ. എന്നാൽ അവൻ അതിനൊന്നും തുനിയാതെ തന്റെ ദൈവത്തിന്റെ ശക്തമായ കരങ്ങളിൽ അഭയം പ്രാപിക്കുകയാണുണ്ടായത്. വാക്യം 12ൽ യെഹോശഫാത്തിന്റെ പ്രാർത്ഥന നോക്കുക:

> ഞങ്ങളുടെ ദൈവമേ! നീ ഇവരെ വിധിക്കയില്ലേ? എന്തെന്നാൽ ഞങ്ങളെ ആക്രമിക്കുന്ന ഈ മഹാസൈന്യത്തെ നേരിടുവാനുള്ള ശക്തി ഞങ്ങൾക്കില്ല. യെഹോവേ, ഞങ്ങൾ എന്തു ചെയ്യേണ്ടു എന്നറിയുന്നില്ല. എന്നാൽ ഞങ്ങൾ നിങ്കലേക്ക് കണ്ണുകൾ ഉയർത്തിയിരിക്കുന്നു.

ഒരുപ്രവാചകൻ വഴിയായി ദൈവം അവന്റെ പ്രാർത്ഥനയ്ക്ക് ഉത്തരം നൽകി.

> വാക്യം 15-17 യഹസിയേൽ പറഞ്ഞു: യഹോശഫാത്ത് രാജാവേ, യെഹുദ്യയിലെയും യെരുശലേമിലെയും നിവാസികളെ, ശ്രദ്ധയോടെ കേൾക്കുവിൻ! യഹോവ അരുളിച്ചെയ്യുന്നു - ഈ മഹാസൈന്യം മൂലം നിങ്ങൾ ഭയപ്പെടരുത്; അധീരരാകുകയും അരുത്. എന്തെന്നാൽ യുദ്ധം നിങ്ങൾക്കുള്ളതല്ല, യഹോവയ്ക്കുള്ളതത്രേ. 16നാളെ നിങ്ങൾ അവർക്കെതിരെ ചെല്ലുവിൻ! അവർ സീസ് കയറ്റം കയറിവരുന്നുണ്ടാകും. നിങ്ങൾ അവരെ യെരുവേൽ മരുഭൂമിയിൽ മലയിടുക്കിന്റെ അറുതിയിൽ വച്ചു കണ്ടുമുട്ടും. 17ഈ യുദ്ധത്തിൽ നിങ്ങൾക്കു പൊരുതേണ്ടതായി വരികയില്ല. യഹൂദയേ! യെരൂശലേമേ! നിങ്ങളുടെ സ്ഥാനങ്ങളിൽ നിശ്ചലരായി ഉറച്ചു നിന്നുകൊള്ളുക. എന്നിട്ട് യഹോവ നിങ്ങൾക്കു തരുന്ന വിടുതൽ കണ്ടുകൊള്ളുക, ഭയപ്പെടരുത്! അധീരരാകരുത്! നാളെ അവരെ നേരിടാനായി ചെല്ലുവിൻ. യഹോവ നിങ്ങളോടുകൂടെ ഉണ്ടായിരിക്കും.

ദൈവത്തിന്റെ വിടുതൽ വാഗ്ദാനത്തെ രാജാവും പ്രജകളും പൂർണ്ണമായി വിശ്വസിച്ചു - ദൈവം ഏതുരീതിയിലായിരിക്കും പ്രവർത്തിക്കുക എന്ന കാര്യത്തിൽ ഒരു നിശ്ചയവുമില്ലായിരുന്നെങ്കിലും. വലിയസൈന്യം തങ്ങളെ വലയം ചെയ്തിരുന്നപ്പോഴും അവർ ചെയ്തത് ദൈവത്തെ ആരാധിക്കുകയും അവിടത്തെ സ്തുതിഗീതികൾ പാടുകയുമായിരുന്നു. ശത്രുസൈന്യത്തിനെതിരെ യഹോശഫാത്ത് ഒരുക്കിയ യുദ്ധതന്ത്രം എന്താണെന്നു നോക്കുക:

> വാക്യം 21-23 യെഹോശഫാത്ത് ജനങ്ങളുമായി ആലോചിച്ച് വിശുദ്ധ വസ്ത്രാലങ്കാരം ധരിച്ച് യഹോവയെ സ്തുതിച്ചുപാടുവാൻ ആളുകളെ നിയോഗിച്ചു. അവർ സൈന്യത്തിനുമുമ്പിൽ നടന്നുകൊണ്ട് - യഹോവയ്ക്കു സ്തോത്രം ചെയ്യുവിൻ! അവിടത്തെ കരുണ എന്നേക്കും നിലനില്ക്കുന്നു എന്നു സ്തുതിച്ചു പാടിക്കൊണ്ടിരുന്നു. 22അവർ ഇവ്വിധം സ്തുതിച്ചു പാടാൻ തുടങ്ങിയപ്പോൾ യെഹൂദയെ ആക്രമിക്കാൻ വന്ന മോവാബ്യർക്കും അമ്മോന്യർക്കും സേയിർപർവ്വതനിവാസികൾക്കും എതിരായി യഹോവ പതിയിരിപ്പുകാരെ വരുത്തി. അങ്ങനെ അവർ തോറ്റുപോയി. 23അമ്മോന്യരും മോവാബ്യരും കൂടി സേയിർ പർവ്വത നിവാസികൾക്കെതിരെ തിരിഞ്ഞ് അവരെ നശിപ്പിച്ച് ഉന്മൂലനം ചെയ്തു. അവരെ കൊന്നുമുടിച്ചു കഴിഞ്ഞപ്പോൾ അമ്മോന്യരും മോവാബ്യരും പരസ്പരം കൊല്ലാൻ തുടങ്ങി.

ദൈവസ്തുതികൾ മാത്രം പാടി അവർ നേടിയവിജയം കാണുക! അവർ സ്തുതികൾ കരേറ്റുമ്പോൾ യഹോവ അമ്മോന്യർക്കും മൊവാബ്യർക്കും സേയീർ പർവ്വതനിവാസികൾക്കുമെതിരേ പതിയിരിപ്പുകാരെ വരുത്തി അവരെ നശിപ്പിച്ചു. അകപ്പാടെ ആശയക്കുഴപ്പത്തിലായിപ്പോയ ആ സൈന്യവ്യൂഹം പരസ്പരം ആക്രമിച്ചു വാളിനിരയായി.



വലിയ പ്രതിസന്ധികൾ നമ്മുടെ മുന്നിൽ വരുമ്പോൾ നാം എന്താണു ചെയ്യുക? ആകുലപ്പെടുമോ അതോ സ്തുതി കരേറ്റുമോ? ദൈവത്തിലേക്കു തിരിഞ്ഞാൽ പോലും ഏതുതരത്തിലായിരിക്കും നമ്മുടെ പ്രാർത്ഥന? സംശയത്തോടെ, നിനക്കു കഴിയുമെങ്കിൽ എന്നരീതിയിലായിരിക്കുമോ അതോ നീയിതുചെയ്തു തരും എന്ന പൂർണ്ണവിശ്വാസത്തോടെയായിരിക്കുമോ? അത്തരം സന്ദർഭങ്ങളിൽ ദൈവത്തിന്റെ വാഗ്ദാനങ്ങൾ നിങ്ങൾ ഓർമ്മിക്കുമോ? അവയിൽ ആശ്രയിക്കുമോ?

നിങ്ങളുടെ ജീവിതത്തിൽ നിറവേറിയ ദൈവവാഗ്ദാനങ്ങൾ ഏതൊക്കെയാണ്? ഇനിനിങ്ങളുടെ ജീവിതത്തിൽ പ്രതിസന്ധിഘട്ടങ്ങൾ ഉണ്ടാകുമ്പോൾ ദൈവത്തിന്റെ വാഗ്ദാനങ്ങളിൽ വിശ്വസിച്ച്, അവനു സ്തുതിഗീതങ്ങൾ ആലപിച്ചുകൊണ്ട് ആ അവസ്ഥകളെ നേരിടുക, ദൈവകരത്തിന്റെ ശക്തമായ ഇടപെടൽ കണ്ട് ആസ്വദിക്കുക.

പാഠം 18

# നിങ്ങളുടെ കഥ - നിങ്ങളുടെ ജീവിതത്തിൽ ദൈവകരത്തിന്റെ ഇടപെടൽ

## സങ്കീ 118 വായിക്കുക

സങ്കീർത്തനങ്ങൾ പലതും അതെഴുതിയ ആളുടെ ജീവിതാനുഭവങ്ങളിൽ നിന്നും ഉരുത്തിരിഞ്ഞുവന്നതാണ്. ദൈവകരം എപ്രകാരം നിങ്ങളുടെ ജീവിതത്തിൽ പ്രവർത്തിച്ചു എന്നും എപ്രകാരം നിങ്ങൾ രക്ഷിക്കപ്പെട്ടുവെന്നും എഴുതുക. നിങ്ങളുടെ ജീവിതത്തിൽ ദൈവം ചെയ്ത മറ്റ് അത്ഭുതങ്ങൾ ഏവയാണ്? അദൃശ്യമായ ആ ദൈവകരം നിങ്ങളുടെ ജീവിതത്തിൽ പ്രവർത്തിച്ചതിനെക്കുറിച്ച് എഴുതുക - ദൈവത്തെ സ്തുതിക്കുക. ഇപ്പോൾ നിങ്ങൾ പ്രയാസങ്ങളിലൂടെയാണ് കടന്നുപോകുന്നതെങ്കിൽ മുൻപ് നിങ്ങളെ വിടുവിച്ച ദൈവകരം എപ്രകാരം ഇത്തവണയും പ്രവർത്തിച്ചു വിജയം നൽകുവാൻ പോകുന്നുവെന്നതിനെക്കുറിച്ചു സങ്കൽപ്പിക്കുക.

ഭാവിയിൽ അവൻ നല്കാൻ പോകുന്ന വിജയങ്ങളെക്കുറിച്ചു ചിന്തിച്ച് അവനെ സ്തുതിക്കുക - സമാധാനത്തോടെ ജീവിക്കുക.

> മർക്കോസ് 11:24 അതുകൊണ്ട് ഞാൻ നിങ്ങളോടു പറയുന്നു: നിങ്ങൾ പ്രാർത്ഥനയിൽ യാചിക്കുന്നതെന്തും ലഭിച്ചു എന്നു വിശ്വസിപ്പിൻ, എന്നാൽ അതു നിങ്ങൾക്കു ലഭിക്കും.

പാഠം 19

# തന്നെ ശുശ്രൂഷിക്കുന്നവർക്കുവേണ്ടി കരുതുന്ന ദൈവകരം

ദൈവവേലയെന്നത് ഒത്തിരി ത്യാഗമനുഭവിക്കേണ്ടി വരുന്ന ഒരു കാര്യമായിരിക്കും എന്നും അതിനു തുനിഞ്ഞാൽ സ്വന്തം കാര്യങ്ങൾ നിറവേറപ്പെടുകയില്ല എന്നും കരുതുന്ന അനേകർ ഉണ്ട്. അതുകൊണ്ടാണ് ദൈവവേലയ്ക്കായി പലരും മുതിരാത്തത്.

ഏലിയാവ് മഹാനായ ഒരു ദൈവദാസനായിരുന്നു. തന്നോടു വളരെയധികം ശത്രുതപുലർത്തുന്ന ഒരു ദേശത്തായിരുന്നു അദ്ദേഹത്തിന് ദൈവവേല ചെയ്യേണ്ടി വന്നത് - ഇസ്രായേലിൽ. അക്കാലത്ത് ഇസ്രായേൽ വടക്കൻ ദേശമെന്നും (ഇസ്രായേൽ) തെക്കൻ ദേശമെന്നും (യുദാ) രണ്ടായി വിഭജിക്കപ്പെട്ടിരുന്നു. രൂപംകൊണ്ട കാലം മുതൽ വടക്കൻ ദേശമായ ഇസ്രായേൽ, ദൈവത്തിൽ നിന്നും തിരിഞ്ഞു വിഗ്രഹാരാധനയിൽ മുഴുകിപ്പോന്നിരുന്നു. ബെഥേലിലും ദാനിലും ആദ്യരാജാവായ യെരോബോവാം തന്നെ കാളക്കുട്ടികളെ സ്ഥാപിച്ച് ആരാധിച്ചു.

വടക്കൻദേശമായ ഇസ്രായേൽ ഭരിച്ചിരുന്നവരിൽ ഏറ്റവും മോശപ്പെട്ട രാജാവായിരുന്നു വേദപുസ്തകത്തിൽ പറഞ്ഞിരിക്കുന്നവരിൽവച്ച് ഏറ്റവും ദുഷ്ടയായ സ്ത്രീയായ ഈസബേലിന്റെ ഭർത്താവായ ആഹാബ്. ഈസബേൽ ബാലിന്റെ ആരാധികയും ബാലിന്റെ ആരാധനയിലേക്ക് ഇസ്രായേലിനെ വലിച്ചിഴച്ചവളും യഹോവയുടെ പ്രവാചകരെ നശിപ്പിക്കാൻ തുനിഞ്ഞിറങ്ങിയവളും ആയിരുന്നു. അത്തരത്തിൽ അധഃപതിച്ച ഒരു രാഷ്ട്രത്തിന്റെ ഏറ്റവും മോശമായ ഒരുകാലഘട്ടത്തിൽ ദൈവത്തിലേക്കു തിരിച്ചുകൊണ്ടുവരാനായി ദൈവം അയച്ച പ്രവാചകനാണ് ഏലിയാവ്.

ദൈവത്തിൽ നിന്നും തിരിഞ്ഞു വിഗ്രഹാരാധനയിൽ മുഴുകിയാൽ ഉണ്ടാകാൻ പോകുന്ന അനന്തരഫലങ്ങളെക്കുറിച്ച് ദൈവം ആവർത്തനപുസ്തകത്തിന്റെ 32-ാം അദ്ധ്യായത്തിൽ മുന്നറിയിപ്പുകൊടുത്തിരിന്നു. അതിലൊന്നാണ് ക്ഷാമം.

> 1 രാജാക്കന്മാർ 17:1-6 ഗിലെയാദിലെ തിശ്ബിയിൽനിന്നുള്ള തിശ്ബ്യനായ ഏലിയാവ് ആഹാബിനോട്: ഞാൻ സേവിക്കുന്നവനും ഇസ്രായേലിന്റെ ദൈവവുമായ യഹോവയാണേ, ഞാൻ പറഞ്ഞല്ലാതെ വരുന്ന ഏതാനും വർഷങ്ങളിൽ മഞ്ഞോ മഴയോ ഉണ്ടാകുകയില്ല എന്നു പറഞ്ഞു. 2അനന്തരം യഹോവയുയെ അരുളപ്പാട് ഏലിയാവിനുണ്ടായി. 3ഇവിടം വിട്ടുപോകുക. കിഴക്കോട്ടുപോയി, യോർദ്ധാനു കിഴക്കുള്ള കെരീത്ത് തോട്ടിനരികെ ഒളിച്ചു പാർക്കുക. 4അവിടെ തോട്ടിൽ നിന്നും നിനക്കു കുടിക്കാം. നിനക്കു ഭക്ഷണം തരുന്നതിനു ഞാൻ കാക്കയോടു കല്പിച്ചിട്ടുണ്ട്. 5യഹോവ കല്പിച്ചതുപോലെ അദ്ദേഹം ചെയ്തു: അദ്ദേഹം



> പുറപ്പെട്ട് യോർദ്ദാനു കിഴക്കുള്ള കെരീത്ത് തോട്ടിനരികെ പാർത്തു. 6രാവിലെയും വൈകുന്നേരവും കാക്കകൾ അദ്ദേഹത്തിന് അപ്പവും ഇറച്ചിയും കൊണ്ടുവന്നു കൊടുത്തിരുന്നു. തോട്ടിൽനിന്നും അദ്ദേഹം വെള്ളം കുടിക്കുകയും ചെയ്തിരുന്നു.

ദേശത്തിന്റെ വിഗ്രഹാരാധനയിൽ കോപം പൂണ്ട ദൈവം മൂന്നുവർഷത്തേക്കു മഴപെയ്യിക്കാതെ ക്ഷാമം കൊണ്ടുവന്ന് ദേശത്തെ മുഴുവൻ ശിക്ഷിക്കുമെന്ന് ഏലിയാവിനോട് അറിയിച്ചു. എന്നാൽ ഏലിയാവെ സംരക്ഷിക്കാൻ ദൈവമൊരു പദ്ധതി ഒരുക്കി. അവനു വെള്ളം കുടിക്കാൻ സാദ്ധ്യമാകുന്ന ഒരുനീർച്ചാലിലേക്ക് ദൈവം അവനെ നടത്തുകയും കാക്കകൾ മുഖാന്തരം രാവിലെയും വൈകീട്ടും അപ്പവും ഇറച്ചിയും നൽകുകയും ചെയ്തു. അവ അത് എവിടുന്നാണ് കൊണ്ടുവന്നത്? ആരാണ് അതു പാകം ചെയ്തത്? നമുക്കറിയില്ല, എന്നാൽ ദൈവകരം തന്നോടു മറുതലിക്കുന്നവർക്കു ശിക്ഷനൽകുകയും തന്നെ അനുസരിക്കുന്നവർക്കു സംരക്ഷണം നൽകുകയും ചെയ്യാൻ മതിയായതാണ്. അതു നീതിയുള്ള കരങ്ങളാണ്.

ഏലിയാവിനെ മാത്രമല്ല, തന്റെ മറ്റു പ്രവാചകരെയും ഇസ്രായേലിലെ നീതിമാന്മാരെയും ദൈവം സംരക്ഷിച്ചു.

> 1 രാജാക്കന്മാർ 18:4 ഈസബേൽ യഹോവയുടെ പ്രവാചകരെ കൊന്നുമുടിച്ചുകൊണ്ടിരുന്നപ്പോൾ ഓബദ്യാവ് നൂറു പ്രവാചകന്മാരെ കൂട്ടിക്കൊണ്ടുപോയി. ഓരോ ഗുഹയിൽ അമ്പതുപേരെ വീതം രണ്ടു ഗുഹകളിലായി ഒളിപ്പിക്കുകയും അവർക്കു ഭക്ഷണപാനീയങ്ങൾ കൊടുത്തു പുലർത്തുകയും ചെയ്തിരുന്നു.

ദൈവത്തെ ശുശ്രൂഷിക്കുന്നതിൽ നിന്നും പിന്തിരിയേണ്ട കാര്യമുണ്ടോ?
അവന്റെ ശുശ്രൂഷചെയ്യുന്നവരെ അവൻ നോക്കിക്കൊള്ളുമെന്ന വിശ്വാസം നിങ്ങൾക്കുണ്ടോ?

പാഠം 20

# ദൈവത്തിന് ആദ്യഫലം നൽകുന്നവരെ ശക്തമായി കരുതുന്ന ദൈവകരം

1 രാജാക്കന്മാർ 17:7-24 വായിക്കുക

മുമ്പു നാം കണ്ടതുപോലെ ദൈവം ഏലിയാവിന് തോട്ടിലെ വെള്ളവും കാക്കകളാൽ ഭക്ഷണവും നൽകി. കുറച്ചുകഴിഞ്ഞപ്പോൾ തോടുവറ്റിപ്പോയി, ദൈവം അവനോട് സീദോനിലെ സാരെഫാത്തിൽ പോയി അവിടെ പാർക്കാൻ പറഞ്ഞു, പ്രവാ

ചകനു ഭക്ഷണം നൽകാൻ അവിടെ ഒരു വിധവയെ ദൈവം ഏർപ്പാടാക്കിയിരുന്നു - വാക്യം 9.

ദൈവം കൽപ്പിച്ചതനുസരിച്ച് സാരെഫാത്തിൽ പോയ ഏലിയാവ് വിധവയെ കണ്ടെത്തി. ഇസ്രായേലിലെ ജനങ്ങളുടെ ജീവിതസാഹചര്യമാണ് അവളുടെ ജീവിതത്തിലൂടെ നമുക്കു കാണാൻ കഴിയുന്നത്. ഒരിക്കൽ പാലും തേനും ഒഴുകിക്കൊണ്ടിരുന്ന ദേശം ദൈവത്തെവിട്ട് വിഗ്രഹങ്ങളുടെ പിറകെ പോകയാൽ ഉണങ്ങി വരണ്ടതായിത്തീരുകയും, ആളുകൾ പട്ടിണികിടന്ന് ചാകുകയും ചെയ്യാൻ തുടങ്ങി. അവസാനത്തെ അപ്പം ഭക്ഷിച്ച് മരണത്തിനായി ഈ വിധവയും മകനും തയ്യാറെടുക്കുന്നതു നാം കാണുന്നു. അവർക്കു പ്രതീക്ഷിക്കാനായി മരണമല്ലാതെ മറ്റൊന്നും മുന്നിലില്ലായിരുന്നു. (വാ 12)

ഈ രംഗത്തേക്കു കടന്നുവന്ന ഏലിയാവ് അവളോടു കുടിക്കാൻ വെള്ളം ചോദിച്ചു, അവൾ അതെടുക്കാൻ പോകാനൊരുങ്ങിയപ്പോൾ അവനോടു ദയവുതോന്നി ഒരു ചെറിയ അപ്പം നല്കാനും അപേക്ഷിച്ചു. അപ്പോഴാണ് മുകളിൽ നാം വായിച്ച അവസ്ഥ അവൾ ദൈവപുരുഷനെ അറിയിച്ചത്. അപ്പോൾ ഏലിയാവ് ഇപ്രകാരം പ്രവചിച്ചു:

> വാക്യം 13-14 ഏലിയാവ് അവളോട്: പേടിക്കേണ്ട; വീട്ടിൽ പോയി നീ പറഞ്ഞതുപോലെ ചെയ്യുക. എന്നാൽ ആദ്യം നിനക്കുള്ളതിൽ നിന്ന് ഒരു ചെറിയ അപ്പം എനിക്കുവേണ്ടി ഉണ്ടാക്കിക്കൊണ്ടു വരിക. പിന്നെ നിനക്കുവേണ്ടിയും നിന്റെ മകനുവേണ്ടിയും ഉണ്ടാക്കിക്കൊള്ളുക. 14യഹോവ ഭൂതലത്തിൽ മഴപെയ്യിക്കുന്നതുവരെയും ഭരണിയിലെ മാവു തീരുകയില്ല; തുരുത്തിയിലെ എണ്ണ വറ്റിപ്പോകുകയുമില്ല എന്ന് ഇസ്രായേലിന്റെ ദൈവമായ യഹോവ അരുളിച്ചെയ്യുന്നു എന്നു പറഞ്ഞു.

അവളുടെ സ്ഥാനത്തു നിങ്ങളായിരുന്നുവെങ്കിൽ പ്രതികരണം എന്താകുമായിരുന്നു? ഇയാൾ എന്നെ സൂത്രംപറഞ്ഞു ചതിക്കാൻ വന്നിരിക്കുന്നയാളാണെന്നോ, ഇയാൾ പറയുന്നകാര്യങ്ങൾ നടക്കുമെന്നുള്ളതിന് ഉറപ്പെന്താണെന്നോ, എന്റെ കയ്യിലുള്ള അവസാനത്തെ അപ്പം ഇയാൾക്കുകൊടുക്കുന്നതു ബുദ്ധി മോശമായിരിക്കുമെന്നോ ഒക്കെയായിരിക്കും അവളുടെ സ്ഥാനത്തായിരുന്നുവെങ്കിൽ ഞാൻ ചിന്തിക്കുകയെന്നാണ് എനിക്കു തോന്നുന്നത്. ആദ്യം ഞാനും മകനും കഴിച്ചിട്ട് ബാക്കി എന്തെങ്കിലും വന്നാൽ കൊടുത്തേക്കാം എന്നും ചിന്തിച്ചേക്കാം. അരക്ഷിതത്വവും ഭയവും ദൈവത്തിലുള്ള ആശ്രയമില്ലായ്മയുമാണ് ഇത്തരം ചിന്തകൾ ക്കു കാരണം. എന്നാൽ ഈ വിധവയുടെ പ്രതികരണം നമ്മെ അതിശയിപ്പിക്കും.

> വാക്യം 15-16 അവൾ പോയി ഏലിയാവു പറഞ്ഞതുപോലെ ചെയ്തു. അങ്ങനെ ഏലീയാവിനും ആ വിധവയ്ക്കും അവളുടെ കുടുംബത്തിനും നിത്യവും ഭക്ഷണം ലഭിച്ചു. 16യെഹോവ ഏലീയാവിലൂടെ അരുളിച്ചെയ്ത വചനപ്രകാരം വിധവയുടെ മാവുഭരണി ശൂന്യമായിത്തീർന്നില്ല, എണ്ണത്തുരുത്തി വറ്റിപ്പോയതുമില്ല.



ദൈവത്തിലുള്ള അവളുടെ ആശ്രയവും ദൈവപുരുഷനോടുള്ള അനുസരണവും നിമിത്തം അവൾക്കും അവളുടെ മകനും ക്ഷാമകാലം അവസാനിക്കുന്നതുവരെ ഭക്ഷണം ലഭിക്കാനിടയായി.  നിങ്ങൾക്കു ദൈവത്തിലുള്ള ആശ്രയവും നിങ്ങളുടെ വിശ്വാസവും എന്നെങ്കിലും പരീക്ഷിക്കപ്പെട്ടിട്ടുണ്ടോ? എപ്രകാരം? നിങ്ങളുടെ പ്രതികരണമെന്തായിരുന്നു? നിങ്ങൾക്കു വിശ്വസിക്കാൻ കഴിഞ്ഞോ, അതോ സംശയിച്ചോ? എന്തുകൊണ്ട്?

വരുമാനത്തിൽ നിന്നും ആദ്യം ദശാംശം നല്കുന്ന കാര്യത്തിൽ ദൈവത്തിലുള്ള നിങ്ങളുടെ ആശ്രയം പ്രകടമാകുന്നുണ്ടോ? അതോ ചിലവുകളൊക്കെ കൂട്ടിക്കിഴിച്ച് അവസാനം ബാക്കിവരുന്ന ചില്ലറയിൽ നിന്നാണോ ദശാംശം കണക്കുകൂട്ടുന്നത്? എനിക്കു ഞാൻ മാത്രമേ ഉള്ളൂ, വേറേയാർക്കും എന്നെ സഹായിക്കാൻ കഴിയില്ല, ദൈവവും സഭയും സ്വാർത്ഥരാണ്, അവർ അവരുടെ കാര്യങ്ങൾ മാത്രമേ നോക്കുന്നുള്ളൂ എന്നിങ്ങനെയുള്ള ചിന്തകൾ സാത്താൻ നമ്മിൽ ഉരുത്തിരിയിക്കുന്ന ചിന്തകളാണ്. ദൈവപുരുഷന്റെ വാക്കുകൾ ഈ വിധവയെസംബന്ധിച്ചോളം സ്വാർത്ഥത നിറഞ്ഞതെന്നു തോന്നിക്കുന്ന ഒന്നായിരുന്നു. ആദ്യം അദ്ദേഹത്തിനു കൊടുക്കണമെന്ന ആവശ്യം തന്റെയും മകന്റെയും ജീവന് ഏലിയാവ് ഒരു വിലയും കൽപ്പിക്കുന്നില്ല എന്നതോന്നലല്ലേ ഉളവാക്കൂ.

ആദ്യത്തെതും മികച്ചതുമായ ഫലങ്ങൾ ദൈവത്തിനു നല്കണമെന്നു പറയുന്നത് ദൈവത്തിന്റെ ഭാഗത്തുനിന്നുമുള്ള അനീതിയാണോ? ദൈവം സ്വാർത്ഥനല്ല, നിങ്ങളുടെ ദാനങ്ങളെ ആശ്രയിച്ചു ജീവിക്കേണ്ട അവസ്ഥ അവനില്ല. അവന് ഒന്നിനും മുട്ടുമില്ല. നിങ്ങൾ ജനിക്കുന്നതിനുമുമ്പും അവൻ ഒന്നിനും മുട്ടില്ലാത്തവനായിരുന്നു. എന്നാൽ നിങ്ങളുടെ നന്മയ്ക്കായാണ് അവൻ പ്രഥമസ്ഥാനം ആവശ്യപ്പെടുന്നത്. അവനെ മുഴുവൻ ഹൃദയത്തോടെ സ്നേഹിക്കുന്നതു മാത്രമാണ് നിങ്ങൾക്കു നിത്യജീവിതത്തിൽ ചെയ്യേണ്ട ഏകകാര്യം.

ഏലിയാവ് അവളുടെ കൂടെ വസിച്ചുവന്നപ്പോൾ നടന്ന മറ്റൊരു അത്ഭുതവും പരിശോധിക്കുക. അവളുടെ മകൻ അസുഖബാധിതനായി മരിച്ചു - അവളെ കൊടിയ ദുഃഖത്തിൽ ആഴ്ത്തിക്കൊണ്ട്. അവളുടെ അതേ ദുഃഖം പങ്കുവച്ച ഏലിയാവ് അവനെ തന്റെ മുറിയിൽ എടുത്തുകൊണ്ടുപോയി മൂന്നുപ്രാവശ്യം ദൈവത്തോടു യാചിച്ച് ആ മകനെ ജീവനിലേക്കു തിരകെ കൊണ്ടുവന്നു. ഏലിയാശരിക്കും ദൈവപുരുഷനാണന്നും അവനിലൂടെ സംസാരിച്ചത് ദൈവമാണെന്നുമുള്ള പൂർണ്ണ ഉറപ്പ് അവൾക്കു കൈവന്നു.

**യിരമ്യ 17:5-9** വായിക്കുക. നാം എവിടെ നമ്മുടെ ആശ്രയം വയ്ക്കുന്നു എന്നതിനനുസരിച്ച് ദൈവം നല്കുന്ന അനുഗ്രഹങ്ങളും ശാപങ്ങളും നോക്കി മനസ്സിലാക്കുക.
ദൈവത്തിനു നിങ്ങൾ ഒന്നാം സ്ഥാനം നൽകുന്നുണ്ടോ? അവനു പ്രഥമസ്ഥാനം നൽകാതിരിക്കാൻ നിങ്ങൾ കണ്ടെത്തുന്ന ഒഴികഴിവുകൾ എന്തൊക്കെയാണ്? ജീവിതത്തിലെ വെല്ലുവിളി ഘട്ടങ്ങളിൽപോലും നിങ്ങൾ ദൈവത്തിന് ഏറ്റവും മികച്ചത് നൽകുന്നുണ്ടോ? ഓർക്കുക, ഈ വിധവ കടന്നുപോയ പ്രതിസന്ധിഘ

ട്ടങ്ങൾ നമ്മുടെ ജീവിതത്തിൽ ഒരിക്കലും ഉണ്ടാകാനിടയില്ല, എങ്കിലും അവൾ ദൈവത്തിന്റെ പ്രവാചകനെ കരുതുന്നതിലൂടെ ദൈവേഷ്ടത്തിനു പ്രഥമസ്ഥാനം നൽകി.

നിങ്ങളുടെ ആവശ്യങ്ങൾ അതിശയകരമായി നിറവേറ്റി ദൈവം നിങ്ങളോടു വിശ്വസ്തത കാണിച്ചിട്ടുള്ള അവസരങ്ങൾ ഉണ്ടായിട്ടുണ്ടോ? അവ എഴുതിവച്ച് ദൈവത്തെ സ്തുതിക്കുക. ദൈവത്തിനുള്ളത് ആദ്യം തന്നെ നൽകുന്നതിൽ വിട്ടുവീഴ്ച ചെയ്യില്ലെന്നകാര്യത്തിൽ ഉറച്ച ഒരു തീരുമാനമെടുക്കുക.

പാഠം 21

# ഒരു ദേശത്തെമുഴുവൻ സത്യദൈവത്തിലേക്കു തിരിച്ച ദൈവകരം

**1 രാജാക്കന്മാർ 18:15–46** വായിക്കുക

ആഹാബിന്റെയും ഈസബെലിന്റെയും ഭരണകാലം ഇസ്രായേലിന്റെ അധഃപതനത്തിന്റെ അങ്ങേയറ്റമായിരുന്നു. വഴിതെറ്റിയ ആ ദേശത്തെ തന്നിലേക്കുതിരിക്കുവാനായി ദൈവം ഏലിയാപ്രവാചകനെ അയച്ചു. ഈസബെൽ കാനാന്യരുടെ ദൈവങ്ങളായ ബാലിനെയും അശേരയെയും ആരാധിക്കുന്നതിലേക്കു മുഴുവൻ ദേശത്തേയും തിരിക്കുന്നതിൽ വിജയിച്ചു. ബാലിന്റെ 450 പ്രവാചകരും അശേരയുടെ 400 പ്രവാചകരും അവളുടെ മേശമേൽ നിന്നും ഭക്ഷിച്ചിരുന്നു.

യഹോവയെ വിട്ടുപോയ ആ ദേശത്തെകണ്ട് ഏലിയായുടെ മനസ്സു തപിച്ചു. ഒന്നുകിൽ ബാലിനെ അല്ലെങ്കിൽ യഹോവയെ ആരാധിക്കാനായി അവൻ അവരെ വെല്ലുവിളിച്ചു (വാക്യം 21). അവരും ഏലിയാവും രണ്ടു ബലിപീഠങ്ങളിൽ കാഴ്ചവസ്തുവച്ച് അവരവരുടെ ദൈവത്തെ വിളിക്കുമ്പോൾ തീയിറക്കി ബലി സ്വീകരിക്കുന്ന ദൈവമാരെന്നു നോക്കുകയെന്നതായിരുന്നു ഏലിയാ മുന്നോട്ടുവച്ച വെല്ലുവിളി. അഗ്നി അയച്ചു ബലി സ്വീകരിക്കുന്ന ദൈവം യഥാർത്ഥദൈവം. ബാലിന് അതുചെയ്യുവാൻ കഴിയില്ല എന്നകാര്യത്തിൽ ഏലിയാവിന് ഉറപ്പുണ്ടായിരുന്നു, താൻ ആരാധിക്കുന്ന സ്വർഗ്ഗത്തിലെ ദൈവത്തിനതുകഴിയുമെന്നും.

ബാലിന്റെ പ്രവാചകർ മണിക്കുറുകളോളം മന്ത്രോച്ചാരണവും നൃത്തവും നടത്തി, തങ്ങളെത്തന്നെ മുറിവേൽപ്പിച്ച് രക്തം ചൊരിഞ്ഞു, ഒരുഫലവുമുണ്ടായില്ല. ഏലിയാവ് ധൈര്യത്തോടെ അവരെ പരിഹസിച്ചു.

> വാക്യം 27-28 ഉച്ചയായപ്പോൾ ഏലിയാവു അവരെ പരിഹസിച്ചു: കൂടുതൽ ഉച്ചത്തിൽ ആർക്കുവിൻ, അവനൊരു ദേവനല്ലേ? ഒരുപക്ഷേ അവൻ ഗാഢചിന്തയിലായിരിക്കാം, അല്ലെങ്കിൽ യാത്രയിലായിരിക്കാം, അവൻ ഉറങ്ങുകയാണെന്നും വരാം, അവനെ ഉണർത്തണം. 28അവർ അത്യുച്ചത്തിൽ ആർത്തു. തങ്ങളുടെ ആചാരമനുസരിച്ച് വാൾകൊണ്ടും കുന്തംകൊണ്ടും തങ്ങളെത്തന്നെ മുറിവേല്പിച്ചു.



ഏലിയാവാകട്ടെ തകർന്നു കിടന്ന യഹോവയുടെ ബലിപീഠം പുനർനിർമ്മിച്ചൊരുക്കി ബലിമൃഗത്തെ വച്ചതിനുശേഷം ആശ്ചര്യകരമായ ഒരുകാര്യം ചെയ്യാൻ ആവശ്യപ്പെട്ടു. ബലിപീഠത്തിനു ചുറ്റും ഒരു കിടങ്ങുണ്ടാക്കിയിട്ട് ബലിപീഠത്തിന്മേൽ ആ കിടങ്ങു നിറയുവോളം വെള്ളം നിറയ്ക്കാൻ ആവശ്യപ്പെട്ടു. ബലിപീഠവും ബലിവസ്തുവും വെള്ളത്തിൽ കുതിർന്നു, ചുറ്റുമുള്ള കിടങ്ങിൽ വെള്ളം നിറഞ്ഞു (വാക്യം 32-39).

വെള്ളത്തിൽ കുതിർന്നിരിക്കുന്ന ഒരു വസ്തുവിനും തീ പിടിക്കില്ല. എന്നാൽ ദൈവകരത്തിന്റെ പ്രവർത്തികൾ എപ്പോഴും ഭയങ്കരമായവയാണെന്നും, അതു കണ്ടു ചുറ്റും നിൽക്കുന്ന ജനത്തിന്റെയെല്ലാം ഹൃദയം താൻ ആരാധിക്കുന്ന സത്യദൈവത്തിലേക്കു തിരിയുമെന്നുമുള്ള ഉറപ്പ് ഏലിയാവിനുണ്ടായിരുന്നു. ഈ വേദഭാഗത്തിലെ ഏറ്റവും അത്ഭുതകരമായ ഭാഗം നമുക്കു വായിക്കാം.

> വാക്യം 37-39 യഹോവേ, എനിക്കുത്തരം അരുളണമേ! അവിടന്നു തന്നെ ദൈവമെന്നും അവിടന്ന് അവരുടെ ഹൃദയങ്ങളെ വീണ്ടും തങ്കലേക്കു തിരിക്കുന്നുവെന്നും ഈ ജനം അറിയേണ്ടതിന് എനിക്കുത്തരമരുളേണമേ എന്നു പ്രാർ ത്ഥിച്ചു. 38അപ്പോൾ യഹോവയുടെഅഗ്നി ആകാശത്തുനിന്നിറങ്ങിയാഗവസ്തു വും വിറകും യാഗപീഠത്തിന്റെ കല്ലുകളും ചുറ്റുമുള്ളമണ്ണുംവരെ ദഹിപ്പിച്ചു. ചു റ്റുമുള്ള കിടങ്ങിലെ വെള്ളവും വറ്റിച്ചുകളഞ്ഞു. 39സകല ജനവും ഇതു കണ്ടപ്പോൾ സാഷ്ടാഗം വീണു. യഹോവ തന്നെ ദൈവം എന്നു വിളിച്ചു പറഞ്ഞു.

ദൈവമല്ലാത്തതിനോടു മണിക്കുറുകൾ പ്രാർത്ഥിച്ചിട്ടും ഉത്തരം ലഭിക്കാത്തിടത്ത്, ഏലിയാവിന്റെ ഉറപ്പും ഭക്തിയുമുള്ള പ്രാർത്ഥന കേട്ടദൈവം സ്വർഗ്ഗത്തിൽ നിന്നും അഗ്നിയിറക്കി. യാഗവസ്തുവും, വിറകും, കല്ലും, മണ്ണും മാത്രമല്ല, ചുറ്റിലും തീർത്ത കിടങ്ങിലെ വെള്ളം പോലും അഗ്നിക്കിരയായി.

ബൈബിളിലെ ഏറ്റവും നാടകീയമായ സംഭവങ്ങളിലൊന്നാണിത്. കണ്ണടച്ച് ഇതൊന്നു സങ്കൽപ്പിച്ചുനോക്കുക, അതിനുശേഷമുള്ള ആളുകളുടെ പ്രതികരണവും - യഹോവ തന്നെയാണു ദൈവം, യഹോവ തന്നെയാണു ദൈവം. അവർ ഇപ്രകാരം വിശ്വാസം ഏറ്റു പറയാനായി ഏലിയാവിനു നീണ്ട ഒരു പ്രസംഗമൊന്നും ചെയ്യേണ്ടതായി വന്നില്ല. ഈ കാഴ്ച കണ്ട സകല ജനവും സാഷ്ടാംഗം വീണുനമസ്കരിച്ചു പറഞ്ഞു യഹോവതന്നെയാണു ദൈവമെന്ന്. ബാലിനെ വിട്ടുകളയുകമാത്രമല്ല ആ ജനം ചെയ്തത്, ഏലിയായുടെ നിർദ്ദേശപ്രകാരം അവന്റ പ്രവാചകരെമുഴുവൻ കിശോൻ താഴ്‌വരയിൽ കൊണ്ടുവന്ന് വധിക്കുകയും ചെയ്തു. ഒരു രാഷ്ട്രത്തിലെ ജനങ്ങളെ മുഴുവനായി തന്നിലേക്കു തിരിക്കാൻ കഴിഞ്ഞ ദൈവകരത്തിന്റെ ശക്തി നോക്കുക!

എത്ര മഹത്തായ ഒരു ദൈവത്തെയാണ് നാം ആരാധിക്കുന്നത്!? വ്യാജ ദൈവങ്ങൾക്കും സത്യദൈവത്തിനുമിടയിൽ ചഞ്ചലപ്പെടുന്ന ഒരു ഹൃദയമാണോ നിങ്ങളുടേത്, അല്ലെങ്കിൽ ഏലിയാവിനെപ്പോലെ സത്യദൈവത്തിൽ ഉറച്ചു നിൽക്കുന്നതാണോ?
പരീക്ഷണകാലങ്ങളിൽ നിങ്ങൾ ആരിലാണ് ആശ്രയിക്കുന്നത്? ലോകത്തിലോ സമ്പത്തിലോ മനുഷ്യരിലോ മറ്റോ ആണോ അതോ ജീവനുള്ള ദൈവത്തിലോ?

ദൈവത്തെ നിങ്ങൾ പൂർണ്ണാത്മാവോടും പൂർണ്ണമനസ്സോടും പൂർണ്ണശക്തിയോടും കൂടി സ്നേഹിക്കുന്നുണ്ടോ? ദൈവത്തോടു പൂർണ്ണമായി സമർപ്പിതമല്ലാത്ത ഒരു ഹൃദയമാണ് നമ്മിലുള്ളതെങ്കിൽ ഇന്നു തന്നെ മാനസാന്തരപ്പെടുക. നിങ്ങളെ ദൈവത്തിൽ നിന്നും പിൻതിരിപ്പിക്കാൻ ഒന്നിനെയും അനുവദിക്കരുത്.

പാഠം 22

# നമുക്കു കഠിനമായവ ദൈവത്തിനു നിസ്സാരമായവയാണ്.

2 രാജാക്കന്മാർ 3 വായിക്കുക

ഇസ്രായേലിനു മോവാബ്യരോടു യുദ്ധംചെയ്യേണ്ടിവന്നു. ഇസ്രായേൽ രാജാവായ യോരാം യഹൂദാ രാജാവായ യെഹോശഫാത്തിനോടും ഏദോം രാജാവിനോടും സഹായം തേടി. ഏഴുദിവസത്തെ പടയോട്ടം കഴിഞ്ഞപ്പോൾ സൈന്യം വെള്ളമില്ലാതെ വലഞ്ഞു, മോവാബ്യരുടെ വാളാലല്ല തങ്ങളുടെ ദാഹത്താൽ തന്നെ തങ്ങൾ നശിക്കുമെന്ന് അവർക്കുറപ്പായി. യഹോവയിൽ ആശ്രയിച്ചിരുന്ന യെഹോശഫാത്ത് ദൈവത്തിൽ നിന്നുള്ള മാർഗ്ഗനിർദ്ദേശം തേടാനാഗ്രഹിച്ചു.

> വാക്യം 11-12 എന്നാൽ യെഹോശഫാത്ത്: നാം യഹോവയോടു അരുളപ്പാടു
> ചോദിക്കുവാൻ യഹോവയുടെ ഒരു പ്രവാചകൻ ഇവിടെ ഇല്ലേ? എന്നു ചോദിച്ചു.
> ഇസ്രായേൽ രാജാവിന്റെ ഉദ്യോഗസ്ഥന്മാരിൽ ഒരാൾ: ഏലിയാവിന്റെ
> കൈക്കുവെള്ളം ഒഴിച്ചു കൊടുത്തവനും ശാഫാത്തിന്റെ മകനുമായ ഏലീശാ ഇവി
> ടെയുണ്ട് എന്നു മറുപടി പറഞ്ഞു. 12യഹോവയുടെ അരുളപ്പാട് അദ്ദേഹത്തിന്റെ
> പക്കലുണ്ട് എന്ന് യെഹോശഫാത്ത് പറഞ്ഞു. അതിനാൽ ഇസ്രായേൽ രാജാവും
> യെഹോശഫാത്തും, ഏദോം രാജാവും കൂടി അദ്ദേഹത്തിന്റെ അടുക്കലെത്തി.

അക്കാലത്തെ ഇസ്രായേൽ ദേശം തലമുറകളായി വിഗ്രഹാരാധയിൽ മുഴുകിയിരിക്കുന്നവരായിരുന്നു. ഏലിയായും എലീശായും പോലുള്ള ശക്തരായ പ്രവാചകരെ ദൈവം അയച്ചിട്ടും അവർ ബിംബാരാധനയിൽ നിന്നും പൂർണ്ണമായും വിട്ടു



മാറിയില്ല. യെഹോശഫാത്ത് രാജാവ് യഹോവയെ ഭയപ്പെടുന്നവനായിരുന്നതിനാൽ ദൈവത്തിന്റെ അരുളപ്പാടെന്തെന്നു ചോദിക്കാൻ ഏലീശാ തയ്യാറായി. ഒരു വീണക്കാരനെകൊണ്ടു വന്നു വീണവായിപ്പിക്കാൻ അവനാവശ്യപ്പെട്ടു.

> വാക്യം 16-20 വീണക്കാരൻ വായിച്ചുകൊണ്ടിരുന്നപ്പോൾ യഹോവയുടെ കൈ
> ഏലീശയുടെമേൽ വന്നു. 16അദ്ദേഹം പറഞ്ഞു: ഇതാ യഹോവ അരുളിച്ചെയ്യുന്നു:
> ഈ താഴ്വര നിറയെ കുഴികൾ നിർമ്മിക്കുവിൻ. 17എന്തെന്നാൽ യഹോവ അരുളി
> ച്ചെയ്യുന്നു: നിങ്ങൾ കാറ്റോ മഴയോ കാണുകയില്ല. എങ്കിലും ഈ താഴ്വാരം
> വെള്ളം കൊണ്ടു നിറയും. നിങ്ങളും നിങ്ങളുടെ കന്നുകാലികളും മറ്റു മൃഗങ്ങളും
> അതു കുടിക്കും. 18യഹോവയുടെ ദൃഷ്ടിയിൽ ഇതൊരു നിസ്സാര കാര്യം; അവി
> ടന്നു മൊവാബ്യരെ നിങ്ങളുടെ കൈയിൽ ഏല്പിച്ചു തരും. 19കോട്ട കെട്ടി ബല
> പ്പെടുത്തിയ ഓരോ നഗരവും, പ്രധാനപ്പെട്ട ഓരോ പട്ടണവും നിങ്ങൾ കീഴടക്കും.
> നിങ്ങൾ ഓരോ നല്ല മരവും വെട്ടിക്കളയുകയും, സകല ഉറവുകളും അടയ്ക്കു
> കയും, ഓരോ നല്ല വയലും കല്ലു നിറച്ചു നശിപ്പിക്കുകയും ചെയ്യും. 20പിറ്റേന്നു
> പ്രഭാതത്തിൽ ഭോജനയാഗത്തിന്റെ സമയത്ത് ഏദോം വഴിയായി വെള്ളം ഒഴുകി
> വരുന്നത് കണ്ടു; നാട് വെള്ളം കൊണ്ടു നിറഞ്ഞു.

സാധാരണഗതിയിൽ ദൈവാത്മാവു പ്രവാചകനുമേൽ ആവസിച്ചെന്നോ, ദൈവകല്പന പ്രവാചകനു ലഭിച്ചുവെന്നോ പറയുന്നേടത്ത് ഇവിടെ ദൈവകരം ഏലീശായുടെ മേൽ വന്നു എന്നാണു പറയുന്നത്. കാറ്റോ മഴയോ ഇല്ലാതെ ദൈവം താഴ്വരയിൽ വെള്ളക്കുഴികളാൽ നിറച്ചു പടയാളികളും കന്നുകാലികളും ദാഹം ശമിപ്പിക്കുമെന്നു ഏലീശാ പ്രവചിച്ചു. യഹോവയ്ക്കിതു നിസ്സാരമായ ഒരു കാര്യം (വാ18).

നമുക്കു സങ്കൽപ്പിക്കാൻ പോലുമാകാത്ത ഒരുകാര്യം - മഴയോ, കിണറോ ഇല്ലാതെ മുഴുവൻ താഴ്വരയിലും പെട്ടെന്നു വന്നു നിറയുന്ന വെള്ളം. നമുക്ക് അവിശ്വസനീയമായ കാര്യം ദൈവത്തിനെത്രയോ നിസ്സാരം. മൊവാബ്യരെ അവരുടെ കരങ്ങളിൽ ഏല്പിച്ചുകൊടുക്കുമെന്നും എലീശായിലൂടെ ദൈവം വാഗ്ദാനം ചെയ്തു. ദൈവം പ്രവാചകനിലൂടെ വാഗ്ദാനം ചെയ്തകാര്യങ്ങൾ നിറവേറ്റി അഹന്തനിറഞ്ഞ മോവാബ്യരെ പരാജയപ്പെടുത്തുകയും ചെയ്തു.

ദൈവകരത്താൽ അസാദ്ധ്യമായി ഒന്നുമില്ല.
നിറവേറപ്പെടാത്തതായി നിങ്ങളുടെ ജീവിതത്തിൽ ബാക്കിനിൽക്കുന്ന ദൈവീകമായ ആഗ്രഹങ്ങൾ എന്തൊക്കെയാണ്? ദൈവത്തിനാൽ ഇവയല്ലാം സാദ്ധ്യമാണെന്നു നിങ്ങൾ വിശ്വസിക്കുന്നുവോ? അസാദ്ധ്യമെന്നു നിങ്ങൾക്കു തോന്നുന്ന കാര്യമെന്താണ്? അവ ദൈവത്തിനു നിസ്സാരമാണെന്നു വിശ്വസിക്കാൻ നിങ്ങൾ തയ്യറാണോ?
അസാദ്ധ്യമെന്നോ, ബുദ്ധിമുട്ടേറിയതെന്നോ നിങ്ങൾക്കു തോന്നുന്ന കാര്യങ്ങളുടെ ഒരു പട്ടിക എഴുതിവച്ച് അവയ്ക്കുവേണ്ടി പ്രാർത്ഥിക്കുക. ദൈവത്തിന്റെ മഹത്വത്തിനു വേണ്ടി ദൈവകരത്തിന്റെ ശക്തിയാൽ അതുനിറവേറുമെന്ന പുതിയവിശ്വാസം നേടുക. അത്തരം കാര്യങ്ങൾ നടക്കുന്നതിനു സാക്ഷിയാകുക, ദൈവകരത്തിന്റെ പ്രവർത്തനത്തെക്കുറിച്ചു മറ്റുള്ളവരോടു പങ്കുവയ്ക്കുക.

പാഠം 23

# നമുക്കുള്ള നിസ്സാരത്തെ ദൈവകരം ഉപയോഗിക്കുമ്പോൾ

2 രാജാക്കന്മാർ 4:1-7 പ്രവാചകശിഷ്യന്മാരിൽ ഒരുവന്റെ ഭാര്യ എലീശയുടെ
അടുക്കൽ കരഞ്ഞുകൊണ്ട് പറഞ്ഞു: അങ്ങയുടെ ദാസനായ എന്റെ ഭർത്താവ്
മരിച്ചുപോയി. അങ്ങയുടെ ദാസൻ യഹോവാഭക്തനായിരുന്നുവെന്ന് അങ്ങേയ്ക്ക
റിയാമല്ലോ. എന്നാൽ അദ്ദേഹത്തിനു കടം കൊടുത്ത ആൾ ഇപ്പോൾ വന്നിരി
ക്കുന്നു; എന്റെ രണ്ടു മക്കളെയും പിടിച്ച് അടിമകളാക്കുവാൻ അയാൾ ഭാവിക്കു
ന്നു. 2എലീശ അവളോട്: ഞാൻ നിനക്കു വേണ്ടി എന്തുചെയ്യണം? പറയൂ, നിന്റെ
വീട്ടിൽ എന്തുണ്ട്? എന്നു ചോദിച്ചു. ഒരു ഭരണി എണ്ണയല്ലാതെ അവിടുത്തെ
ദാസിയുടെ ഭവനത്തിൽ മറ്റു യാതൊന്നുമില്ല എന്ന് അവൾ മറുപടി പറഞ്ഞു.
3എലീശാ പറഞ്ഞു: നീ ചുറ്റുപാടും പോയി നിന്റെ അയൽക്കാരോടെല്ലാം ഒഴിഞ്ഞ
പാത്രങ്ങൾ വാങ്ങുക; പാത്രങ്ങൾ കുറവായിപ്പോകരുത്. 4പിന്നെ നീയും മക്കളും
അകത്തുകടന്ന് വാതിലടക്കുക; അനന്തരം പാത്രങ്ങളിലേക്ക് എണ്ണപകരുക;
ഓരോന്നും നിറയുമ്പോൾ അവ ഒരു ഭാഗത്തേക്കു മാറ്റിവയ്ക്കുക. 5അവൾ അവി
ടെനിന്നു പോയി, താനും മക്കളും അകത്തു കടന്നു വാതിലടച്ചു. കുട്ടികൾ പാത്ര
ങ്ങൾ എടുത്തുകൊടുത്തുകൊണ്ടും അവൾ എണ്ണ പകർന്നുകൊണ്ടുമിരുന്നു. 6പാത്ര
ങ്ങളെല്ലാം നിറഞ്ഞപ്പോൾ മറ്റൊന്നുകൊണ്ടുവരിക എന്ന് അവൾ തന്റെ മകനോടു
പറഞ്ഞു. ഇനിയും ഒരു പാത്രം പോലുമില്ല എന്ന് അവൻ മറുപടി പറഞ്ഞു.
അപ്പോൾ എണ്ണയുടെ പ്രവാഹവും നിലച്ചു. 7അവൾ ചെന്ന് ദൈവപുരുഷനോടു
വിവരം പറഞ്ഞു. പോയി എണ്ണവിറ്റു നിന്റെ കടങ്ങൾ വീട്ടുക. ശേഷിക്കുന്നതു
കൊണ്ട് നിനക്കും മക്കൾക്കും ഉപജീവനം കഴിക്കാം എന്ന് അദ്ദേഹം പറഞ്ഞു.

ഈ വിധവ ഒരു വലിയ പ്രതിസന്ധിയിലായിപ്പോയിരുന്നു. അവളുടെ ഭർത്താവു വരുത്തിവച്ച കടക്കെണി അദ്ദേഹത്തിന്റെ മരണശേഷം അവളുടെയും മക്കളുടെയും ജീവനു ഭീഷണിയായി. ദൈവത്തെ ഉപേക്ഷിച്ച കാലഘട്ടത്തിൽ ഇസ്രായേൽ ദേശത്ത് ഇത്തരം അവസ്ഥകൾ പതിവായിരുന്നു. തന്നെ സമീപിച്ച അവളോടു എലീശാ ചോദിച്ചത് അവളുടെ വീട്ടിൽ എന്തുണ്ടെന്നായിരുന്നു. കുറച്ച് എണ്ണമാത്രമാണുള്ളതെന്നായിരുന്നു അവളുടെ മറുപടി.

മാനുഷികചിന്തയിൽ, ആ കുറച്ച് എണ്ണ കൊണ്ട് അവൾക്ക് എന്തു മാന്ത്രികവിദ്യകാണിക്കാൻ സാധിക്കും, കടക്കാരനുമുന്നിൽ? എന്നാൽ നിങ്ങളുടെ കയ്യിലുള്ള നിസ്സാരത്തെ ദൈവത്തിന്റെ അത്ഭുതകരങ്ങളിൽ ഏല്പിക്കുമ്പോൾ അതെത്രവലുതാകുമെന്ന് നമുക്കു സങ്കൽപ്പിക്കാൻ പോലുമാകില്ല. ചുറ്റുമുള്ളവരിൽ നിന്നെല്ലാം പാത്രങ്ങൾ വാങ്ങി അതിലേക്കെല്ലാം എണ്ണപകർത്താനുള്ള എലീ



ശായുടെ കല്പന അവളും മക്കളും പാലിച്ചപ്പോൾ അവർ സംഘടിപ്പിച്ച അവസാന പാത്രം വരെ നിറഞ്ഞു കവിഞ്ഞ എണ്ണ, പാത്രം തീർന്നുപോയപ്പോൾ ഒഴുകുന്നതു നിലച്ചു. കടം വീട്ടാനും പിന്നീട് ജീവസന്ധാരണത്തിനും മതിയായത്ര എണ്ണ അവൾക്കു ലഭിച്ചു. എത്ര ശക്തനും വിശ്വസ്തനുമാണു നമ്മുടെ ദൈവം എന്നു നോക്കുക.

പ്രതിസന്ധിഘട്ടങ്ങളിൽ ദൈവീകമായ ഉപദേശം നമ്മൾ ആരായാൻ തയ്യാറാകുന്നുണ്ടോ? നമ്മുടെ ചിന്തയ്ക്കുനിരക്കാത്ത ഉപദേശമാണു ലഭിക്കുന്നതെങ്കിൽ പോലും അതു നടപ്പാക്കാൻ നമ്മൾ തയ്യാറാകുന്നുണ്ടോ? നമ്മുടെ കയ്യിലുള്ള അല്പമായത് ദൈവത്തെ ഏല്പിക്കാൻ നാം തയ്യാറാണോ?

2013 നവംബറിലെ എന്റെ മകന്റെ ജന്മദിവസം അവനെന്തു സമ്മാനം വേണമെന്നു ഞാൻ ചോദിച്ചു. അവൻ ഒന്നും പറഞ്ഞില്ല. പിന്നീട് അവൻ എന്റെയടുത്തുവന്നു മടിച്ചു മടിച്ചു പറഞ്ഞു അവനു ഗ്രാഫിക്സ് ചിത്രങ്ങൾ വരയ്ക്കാൻ ഉതകുന്ന ഒരു ഗ്രാഫിക്സ് ടാബ്ലെറ്റ് കമ്പ്യുട്ടർ കിട്ടിയാൽ കൊള്ളാമായിരുന്നു എന്ന്. അതിന്റെ വിലകേട്ടു ഞാൻ ഞെട്ടി, 7000 രൂപ. അതിനുള്ള പണം ഇപ്പോഴില്ല, അതുകൊണ്ട് പ്രാർത്ഥിക്കുക, പണമാകുമ്പോൾ ഞാൻ വാങ്ങിക്കാമെന്നു പറഞ്ഞു. പിന്നീട് എന്നെ ഇക്കാര്യം ചിന്താക്കുഴപ്പത്തിലാക്കി. എന്റെ മകൻ സാധാരണഗതിയിൽ ഒന്നും വേണമെന്നു പറയാറില്ല, ഇപ്പോൾ ഒരുകാര്യം ആവശ്യപ്പെട്ടപ്പോഴാകട്ടെ കൊടുക്കാൻ ആവശ്യത്തിനു പണവുമില്ല. ദശാംശം പിന്നീടുകൊടുക്കാനായി തീരുമാനിച്ചാൽ ആവശ്യത്തിനുള്ള പണം കണ്ടെത്തിയേക്കാനായേക്കുമെന്നു ഞാൻ കണക്കുകൂട്ടി. എന്നാൽ ദൈവത്തിനുള്ള വിഹിതത്തിൽ തൊട്ടുള്ള കളിയൊന്നും വേണ്ടെന്നു ഞാൻ തീരുമാനിച്ചു.

ആ ആഴ്ചയിൽത്തന്നെ എന്റെ വീടിന്റെ മുകൾ ഭാഗത്തു താമസിക്കുന്നയാൾ അവരുടെ ജനാലയിലെ കൊതുകുവല ഉറപ്പിക്കാനായി എന്റെ സഹായം ചോദിച്ചു. അദ്ദഹം ഗ്രാഫിക്സ് ഡിസൈനറാണെന്നറിയാമായിരുന്ന ഞാൻ ഏതു തരത്തിലുള്ള ടാബ്ലറ്റാണ് അതിനുതകുന്നത് എന്നു ചോദിച്ചറിഞ്ഞു. ഉടനെ അദ്ദേഹം പറഞ്ഞു എന്റെ കയ്യിൽ അത്തരം ഒരു കമ്പ്യൂട്ടർ ഉപയോഗിക്കാതെയിരിക്കുന്നുണ്ട് നിങ്ങൾ അതെടുത്തോളൂ എന്ന്. അയാൾ ഒരു പെട്ടിയിൽ നിന്ന് ടാബ്ലറ്റെടുത്ത് എനിക്കു നേരേ നീട്ടി. ഇതിന് എത്രരൂപ വേണമെന്നു ഞാൻ ചോദിച്ചു. അയാൾ പറഞ്ഞു – ഒന്നും തരേണ്ട.

ദൈവം ഇതുപോലെ വഴികാണിക്കുമെന്നോ, അല്ലെങ്കിൽ നാം നൽകുന്നതിനു പ്രതിഫലമായി ദൈവം വലുതു നൽകുമെന്നോ അല്ല ഞാൻ ഉദ്ദേശിക്കുന്നത്. നമ്മുടെ കയ്യിൽ എന്തുണ്ട് എന്നു കൃത്യമായി അറിയുന്ന ദൈവത്തിൽ നാം പൂർണ്ണാശ്രയം വയ്ക്കുമ്പോൾ, നമ്മുടെ ആവശ്യങ്ങൾ അറിയുകയും അതുനിറവേറ്റണമെന്നാഗ്രഹിക്കുകയും ചെയ്യുന്ന നമ്മുടെ ദൈവം നമുക്കായി കരുതും എന്നതാണ്. നമുക്കു കുറച്ചേയുള്ളൂ എന്നകാരണത്താൽ ദൈവത്തിനു കൊടുക്കുന്നതിൽ നിന്നും നാം പിന്മാറരുത്.

നിങ്ങളുടെ വിഷമാവസ്ഥയിൽ ദൈവം നിങ്ങളെ കരുതിയ വിധങ്ങൾ ഓർമ്മിച്ചെഴുതുക. അതിനൊക്കെയായി ദൈവത്തെ സ്തുതിക്കുക, ഭാവിയിലും ഇതുപോലുണ്ടാകാനിടയുള്ള സാഹചര്യങ്ങളിൽ ദൈവം കരുതി വഴിനടത്തുമെന്നുറച്ചു വിശ്വസിക്കാനായി തീരുമാനിക്കുക.

എല്ലാ സാഹചര്യങ്ങളിലും ദൈവീകമായ ഉപദേശങ്ങൾ തേടാനും അവ പ്രാവർത്തികമാക്കാനുമുള്ള തീരുമാനമെടുക്കുക.

പാഠം 24

# കണ്ണുകൾ തുറന്ന് ദൈവകരത്തെ കാണുക

2 രാജാക്കന്മാർ 6:8-23 വായിക്കുക

വ്യഭിചാരമായിക്കണ്ടു ദൈവം വെറുക്കുന്ന വിഗ്രഹാരാധനയിൽ ഇസ്രായേൽ മുഴുകിയിരിക്കുകയായിരുന്നെങ്കിലും, അവരുടെ പ്രയാസഘട്ടങ്ങളിൽ തന്റെ പ്രവാചകനായ എലീശായിലൂടെ ദൈവം അവർക്കു തുണയായി വന്നു. ശക്തരായ അരാമ്യർ അവർക്കെതിരെ യുദ്ധത്തിനൊരുങ്ങിവന്നപ്പോൾ, ഹൃദയത്തിലെ ചിന്തകളെ അറിയുന്ന ദൈവം അരാമ്യരാജാവിന്റെ ചിന്തകളെ എലീശാ പ്രവാചകനിലൂടെ വെളിപ്പെടുത്തിക്കൊടുത്തുകൊണ്ട് ഇസ്രായേൽ രാജാവിന് യുദ്ധ തന്ത്രങ്ങൾ മെനയാനും വിജയം നേടാനും അവസരമൊരുക്കി.

ആരാം രാജാവിന്റെ തന്ത്രങ്ങളെ തന്റെ പാളയത്തിൽ തന്നെയുള്ളവർ ചോർത്തിക്കൊടുക്കുന്നുണ്ടെന്നു ധരിച്ച രാജാവിനോടു കൂടെയുണ്ടായിരുന്ന ഉദ്യോഗസ്ഥൻ എലീശായാണ് രാജാവു രഹസ്യമായിപ്പറയുന്ന കാര്യങ്ങൾ ഇസ്രായേൽ രാജാവിന്റെ കാതിലെത്തിക്കുന്നതെന്നു പറഞ്ഞുകൊടുത്തു. വിവരം മനസ്സിലാക്കിയ രാജാവ് എലീശായെ വധിക്കാനായി ശക്തരായ ഒരു സൈന്യവിഭാഗത്തെ ദോഥാനിലക്ക് അയച്ചു. രാവിലെ ഉണർന്നപ്പോൾ ചുറ്റും വളഞ്ഞിരിക്കുന്ന വലിയ സൈന്യത്തെ കണ്ടു ദൈവപുരുഷന്റെ ഭൃത്യൻ ഭയന്നുപോയി. ഭയപ്പെടേണ്ട എന്ന് എലീശാ അവനോടുപറഞ്ഞു, കാരണം അവരുടെ കൂടെയുള്ളവരെക്കാൾ കൂടുതൽ തങ്ങളുടെ കൂടെയുണ്ട്. പിന്നീട് ഭൃത്യന്റെ കണ്ണുകൾ തുറന്ന് അവനു യഹോവയുടെ സൈന്യത്തെക്കാണാനിടയുണ്ടാകായി എലീശാ പ്രാർത്ഥിച്ചു. മലകൾ നിറയെ കുതിരകളും അഗ്നിരഥങ്ങളും നിരന്നിരിക്കുന്നത് അവനുകാണാൻ കഴിഞ്ഞു.



നമ്മുടെ നേത്രങ്ങൾ കൊണ്ടുകാണാൻ കഴിയാത്ത, നമ്മെ സംരക്ഷിക്കുന്ന ആത്മീകശക്തികൾ നമുക്കുചുറ്റുമുള്ള കാര്യം നിങ്ങൾക്കറിയാമോ? ഒരു സൈന്യം മുഴുവൻ വന്നു വളഞ്ഞാലും നമ്മെ ഒന്നും ചെയ്യാൻ കഴിയാൻ പറ്റാത്ത രീതിയിൽ നമ്മെ ചുറ്റിയിരിക്കുന്ന ബലമേറിയ അസംഖ്യം ദൂതവൃന്ദങ്ങളെ? ആ കാഴ്ച കണ്ട ഭൃത്യൻ സധൈര്യനായിത്തീർന്നു.

നമുക്കു അനുഭവഭേദ്യമായിട്ടില്ലെങ്കിലും ശക്തരായ ദൂതഗണങ്ങളാൽ ദൈവം നമ്മെ സംരക്ഷിക്കുന്നുണ്ട് എന്ന കാര്യം നാം വിശ്വസിക്കേണ്ടതുണ്ട്. അവർ നമുക്കു കാവൽ നിൽക്കുന്നു, നമുക്കുവേണ്ടി പൊരുതി നമ്മെ സംരക്ഷിക്കുന്നു. ഏതു സാഹചര്യവും ശാന്തതയോടെയും ധീരതയോടെയും നേരിടുവാനുള്ള ഉറപ്പ് ഈ വിശ്വാസം നമുക്കു നൽകുന്നു. ദൈവകരത്തിൽ നാം ആശ്രയിക്കുമ്പോൾ ആ കരങ്ങൾ നമ്മെ സംരക്ഷിക്കുന്നു.

പിന്നീടു നടന്ന കാര്യങ്ങൾ രസകരമാണ് (വാ 18-23). എലീശാ പ്രാർത്ഥിച്ചപ്പോൾ തന്നെ പിടികൂടാനായി വന്ന സൈന്യം അന്ധതബാധിച്ചവരായി. ആ സമയത്ത് ദൈവം അവരെ കോട്ടകളാൽ സംരക്ഷിക്കപ്പെട്ട ശമരിയാപട്ടണത്തിലേക്കു നയിച്ചു. ശക്തമായ ആ കോട്ടകൾക്കുള്ളിൽ അവരെ കുടുക്കി ശക്തരായ ഇസ്രായേൽ സൈന്യത്തിനുമുമ്പിൽ ഇട്ടുകൊടുത്തു. അതിനുശേഷം യഹോവ അവരുടെ കണ്ണുകൾ തുറന്നു. ഇപ്പോൾ ആരാണ് ശരിക്കും ഭയപ്പെട്ടത്?

ഇസ്രായേൽ രാജാവിനും സൈന്യത്തിനും സാധിക്കാതിരുന്ന വലിയകാര്യംനിരായുധനായ ഒരു പ്രാർത്ഥനാപടയാളിക്ക് ഒറ്റയ്ക്കു ചെയ്യാൻ കഴിഞ്ഞു - ദൈവകരങ്ങളുടെ ശക്തിയാൽ. മുന്നിൽ വന്നുകിട്ടിയ ശത്രുക്കളെ വകവരുത്തുവാൻ അവസരം പാർത്ത ഇസ്രായേൽ രാജാവിനോടു എലീശാ കല്പിച്ചത് അവർക്കു മൃഷ്ടാന്നഭോജനം നൽകി സ്വന്തനാട്ടിലേക്ക് അവരെ പറഞ്ഞുവിടാനാണ്.
കഥാന്ത്യം ശുഭപര്യവസായിയാണ് - അരാമ്യർ പിന്നീട് ഇസ്രായേൽ ദേശത്ത് ആക്രമണത്തിനു മുതിരാറായി.

ദൈവകരം പ്രവർത്തിച്ച ശക്തമായി രീതികൾ കാണുക! ദൈവം ഇടപെട്ടില്ലായിരുന്നെങ്കിൽ എന്തു സംഭവിക്കുമായിരുന്നു?

ശത്രുവിനോടുനമുക്കുണ്ടാകേണ്ട മനോഭാവമെന്താണന്നാണ് ദൈവം കൽപ്പിക്കുന്നത്? മത്തായി 5:38-48, ലൂക്ക 6:27-36, റോമാക്കാർ 12:9-21

പാഠം 25

# ദൈവത്തെ മാനിക്കുന്നവർക്കുവേണ്ടി പ്രവർത്തിക്കുന്ന ദൈവകരം

ദൈവത്തെ നിരസിച്ച ഇസ്രായേലിനെ ബാബിലോൻദേശത്തിന്റെ കയ്യിൽ അവൻ ഏല്പിച്ചതാണ് ഇസ്രായേലിന്റെ ചരിത്രത്തിലെ ഏറ്റവും സങ്കടകരമായ സമയം. നെബുഖദ്നെസർ രാജാവിന്റെ സൈന്യം ദേവാലയം കൊള്ളയടിച്ചു നശിപ്പിക്കുകയും ഇസ്രായേൽ ദേശനിവാസികളെ അടിമകളാക്കി ബാബിലോൻ ദേശത്തേക്കു കടത്തുകയും ചെയ്തു.

ദാനിയേൽ ഒന്നാമദ്ധ്യായം വായിക്കുക.

> വാ 3-4 അനന്തരം രാജാവ് തന്റെ ഉദ്യോഗസ്ഥമേധാവി അശ്പെനാസിനോട് ഇസ്രായേൽ മക്കളിൽ രാജകുടുംബത്തിലും പ്രഭുകുടുംബത്തിലുമുൾപ്പെട്ടവരും 4അംഗവൈകല്യമില്ലാത്തവരും സുന്ദരന്മാരും സർവ്വവിജ്ഞാനശാഖകളിലും സമർത്ഥരും വിവേകശാലികളും സൂക്ഷ്മഗ്രാഹികളും രാജഗൃഹത്തിൽ പരിചരിക്കുവാൻ യോഗ്യരുമായ ചില യുവാക്കളെ കൊണ്ടുവരുവാൻ ആജ്ഞാപിച്ചു. അവരെ കൽദയരുടെ വിദ്യയും ഭാഷയും അഭ്യസിപ്പിക്കുവാൻ നിർദ്ദേശംനല്കി.

ദൈവം തന്റെ ജനതയ്ക്ക് സാധാരണയിൽക്കവിഞ്ഞ ബുദ്ധിസാമർത്ഥ്യം നല്കിയിട്ടുണ്ടെന്നകാര്യം മറ്റുരാഷ്ട്രങ്ങൾക്ക് അറിവുള്ളതായിരുന്നു. (ഇന്നും അതിനു തെളിവുള്ളതാണ്). നെബുഖദ്നേശർ രാജാവിന് അവരിൽചിലരെ തന്റെ രാജ്യഭരണചുമതലകൾ വഹിക്കുന്നതിനായി നിയോഗിക്കാൻ തോന്നി. രാജാവിന്റെ മേശമേൽ നിന്നു ഭക്ഷണവും പാനീയവും കഴിച്ച് മൂന്നുവർഷത്തേക്ക് അവരെ പരിശീലിപ്പിച്ചതിനു ശേഷമായിരുന്നു രാജസേവനപ്രവേശം.

ശത്രു ദേശത്തു അടിമകളായി കഴിയുന്ന യുവാക്കൾക്ക് ഇതിൽപരമൊരു അവസരം വേറേകിട്ടാനുണ്ടോ? എന്നാൽ ദാനിയേലിനും ഹനന്യാവിനും മീശായേലിനും അസരിയാവിനും ഇതൊരു അനുഗ്രഹമായി തോന്നിയില്ല കാരണം ബാബിലോൻകാർ ഉപയോഗിച്ചിരുന്ന ഭക്ഷണം യഹൂദരെ സംബന്ധിച്ച് അശുദ്ധമായിരുന്നു. ഈ ചെറുപ്പക്കാർക്കു ദൈവകൽപ്പനകൾ അറിയാമായിരുന്നു, അതിലുറച്ചുനിൽക്കാൻ അവർ അന്യരാജ്യത്തെ അടിമത്തത്തിൻ കീഴിൽപോലും പ്രതിജ്ഞാബദ്ധരായിരുന്നു. രാജകല്പനയുടെ ലംഘനം കൊണ്ടുവരാൻ പോകുന്നത് മരണമായിരിക്കാം എന്നകാര്യം അവർക്ക് അറിയാമായിരുന്നിട്ടും.

അവരുടെ ജീവനപകടത്തിലായിരുന്നിട്ടു കൂടി ദൈവകൽപ്പനയെ മുറുകെപ്പിടിച്ചുകൊണ്ട് രാജകല്പനയെ ലംഘിക്കാൻ തയ്യാറായി. വാക്യം 8-16 വരെ വായിക്കുക. ഒരുകാര്യത്തിൽ ദൈവത്തെ മാനിക്കുവാൻ തീരുമാനിച്ചുറച്ചവർക്കായി



അക്കാര്യം നിറവേറ്റിക്കൊടുക്കാനായി ദൈവം തന്നെ തയ്യാറാകുന്നു. പരിശീലനചുമതലയുള്ള ഉദ്യോഗസ്ഥന് ദാനിയേലിന്റെ മേൽ കൃപയും കരുണയും തോന്നാൻ ദൈവം ഇടയാക്കുന്നു. ഹെബ്രായനായ ഒരു അടിമയോടു ബാബിലോന്യനായ ഉദ്യോഗസ്ഥൻ അലിവുകാണിക്കുകയെന്നത് വളരെ അസാധാരണമാണ്. എന്നാൽ ദൈവത്താൽ എല്ലാം സാദ്ധ്യമാണല്ലോ!

വാക്യം 12-13ൽ ദാനിയേലിന്റെ അഭ്യർത്ഥന നോക്കുക:

> അടിയങ്ങളെ 10 ദിവസം പരീക്ഷിച്ചു നോക്കിയാലും; ഞങ്ങൾക്കു ഭക്ഷിക്കുവാൻ സസ്യാഹാരവും കുടിക്കുവാൻ പച്ചവെള്ളവും തന്നു നോക്കട്ടെ. 13അതിനുശേഷം ഞങ്ങളുടെ മുഖവും രാജഭോജനം കഴിക്കുന്ന യുവാക്കളുടെ മുഖവും തമ്മിൽ നീ ഒത്തുനോക്കുക; പിന്നെ കാണുന്നതുപോലെ അടിയങ്ങളോടു ചെയ്തുകൊള്ളുക എന്നു പറഞ്ഞു.

സസ്യഭക്ഷണം മാത്രം ഭക്ഷിച്ചവർ കുറഞ്ഞസമയത്തിനുള്ളിൽ രാജകീയഭക്ഷണപാനീയങ്ങൾ കഴിച്ചവരെക്കാൾ ആരോഗ്യവാന്മാരും പോഷണമുള്ളവരുമാകുമെന്ന് ചിന്തിക്കുകപോലും എളുപ്പമല്ല. എന്നാൽ ഇതാണു ദൈവം ചെയ്തത്. ഇതുകണ്ട ഉദ്യോഗസ്ഥൻ രാജകീയ മാംസഭക്ഷണവും പാനീയങ്ങളും കഴിക്കണമെന്ന നിബന്ധന എടുത്തുമാറ്റി, അവർക്കു പിന്നീടുള്ള ദിവസങ്ങളിൽ മനഃശാന്തിയോടെ തങ്ങളുടെ പരിശീലന പരിപാടികൾ തുടരാൻ ഇടയാക്കി.

കഥയുടെ ബാക്കിഭാഗം കൂടി നമുക്കു നോക്കാം:

> **വാക്യം 17-19** ഈ നാലു യുവാക്കൾക്കോ, ദൈവം സകലവിദ്യയിലും ജ്ഞാനത്തിലും നിപുണതയും സാമർത്ഥ്യവും കൊടുത്തു; എല്ലാ ദർശനങ്ങളും സ്വപ്നങ്ങളും സംബന്ധിച്ച് ദാനിയേൽ വിവേകിയായിരുന്നു. 18അവരെ രാജസന്നിധിയിൽ കൊണ്ടുവരുവാൻ രാജാവ് കൽപ്പിച്ചിരുന്ന കാലം തികഞ്ഞപ്പോൾ ഷണ്ഢാധിപൻ അവരെ നെബുഖദ്നേസറിന്റെ സന്നിധിയിൽ കൊണ്ടുചെന്നു. 19രാജാവ് അവരോടു സംസാരിച്ചപ്പോൾ അവരിൽ എല്ലാവരിലും വച്ച് ദാനിയേൽ, ഹനനിയാവ്, മിശായേൽ, അസര്യാവ് എന്നിവർക്കു തുല്യരായി മറ്റ് ആരേയും കണ്ടില്ല; അവർ രാജസന്നിധിയിൽ ശുശ്രൂഷയ്ക്കു പ്രവേശിച്ചു.

തന്നെമാനിക്കുവാനായി നിലകൊണ്ട ഇവരുടെമേൽ കനിവുതോന്നിയ ദൈവം അവർക്ക് എല്ലാത്തരത്തിലുമുള്ള പഠനത്തിലും പരിശീലനവിഷയങ്ങളിലും ഉയർന്ന നിലവാരം നല്കി. ദർശനങ്ങളും സ്വപ്നങ്ങളുമെല്ലാം വ്യാഖ്യാനിക്കാനുള്ള കഴിവു പ്രത്യേകമായി ദാനിയേലിനു നൽകുകയും ചെയ്തു. പരിശീലനകാലത്തിനു ശേഷം ഇവരെ രാജാവു പരീക്ഷയ്ക്കു വിധേയരാക്കിയപ്പോൾ, വാ 20ൽ:

> **വാ 20** രാജാവ് അവരോടു ജ്ഞാനവിവേകസംബന്ധമായി ചോദിച്ചതിൽ നിന്നെല്ലാം അവർ തന്റെ രാജ്യത്തെല്ലായിടത്തുമുള്ള സകല മന്ത്രവാദികളെക്കാളും ആഭിചാരകന്മാരെക്കാളും പതിന്മടങ്ങു ശ്രേഷ്ടരാണെന്നു കണ്ടു.

ഈ യുവാക്കളുടെമേൽ ദൈവകരം പ്രവർത്തിച്ചത് എത്ര ശക്തമായാണെന്നു നോക്കുക! അവരുടെ ജീവിതം നരകതുല്യമായിരിക്കുന്ന അവസ്ഥയിലായിരുന്നു

– വീടുകൾ കത്തിനശിച്ചു, കുടുംബാംഗങ്ങൾ വധിക്കപ്പെട്ടു, കൃഷിയിടങ്ങൾ നശിപ്പിച്ചു, ദേവാലയം പോലും അഗ്നിക്കിരയാക്കി – എങ്കിലും അവരുടെ ദൈവത്തിലുള്ള ആശ്രയം അവർ കൈവിട്ടില്ല. അവന്റെ കല്പനകൾ മുഴുവനായും അവർ കാത്തു, ഈ ദുരിതങ്ങളെല്ലാം ദൈവം തന്നെ അവർക്കു നല്കിയ ശിക്ഷയുടെ ഭാഗമായിരിന്നിട്ടുപോലും.

നിങ്ങൾക്കിന്ന് ഇതുപോലത്തെ ബോധ്യങ്ങളുണ്ടോ?
ഇത്തരം സാഹചര്യത്തിലകപ്പെട്ടാൽ നിങ്ങളുടെ ബോധ്യവും വിശ്വാസവും നിങ്ങളെ വിട്ടുപിരിയുമോ? അതോ അധാർമ്മികരായ ജനത്തിനോടുചേർന്ന് അധർമ്മം പ്രവർത്തിക്കുമോ?
എന്തുകൊണ്ടാണ് നാം ലൗകികരായ ആളുകളുടെ കൂടെച്ചേർന്ന് ലൗകീകത പ്രവർത്തിക്കുന്നത്? ആരെയാണ് നിങ്ങൾ ഭയപ്പെടുന്നത്?
അവസരങ്ങളോ ജോലിയോ സൗഹൃദമോ നഷ്ടപ്പെടുമെന്നു വിചാരിച്ച് വിട്ടുവീഴ്ചകൾക്കു നിങ്ങൾ തയ്യാറാകുമോ? ദാനിയേലിന്റെ ജീവിതത്തിൽ പ്രവർത്തിച്ചതുപോലെ നിങ്ങളുടെ ജീവിതത്തിലും ദൈവം പ്രവർത്തിക്കുന്നുവെന്ന് നിങ്ങൾക്കു വിശ്വാസമുണ്ടോ?

ദാനിയേലിനെപ്പോലെ ബോധ്യത്തോടെ നിൽക്കേണ്ടിയിരുന്ന അവസരങ്ങളിൽ എന്തുകാരണങ്ങളാലാണ് അതിനുകഴിയാതിരുന്നത് എന്നു വിശകലനം ചെയ്യുക. ഇനി അതുപോലെയുള്ള സാഹചര്യങ്ങൾ നിങ്ങൾ നേരിട്ടാൽ അവയെ എപ്രകാരം നേരിടുമെന്നുള്ള തീരുമാനവും കൂട്ടത്തിൽ എഴുതുക.

പാഠം 26

# അതിശക്തനെ മുട്ടിന്മേൽ കൊണ്ടുവരുന്ന ദൈവകരം

നെബുഖദ്നെസ്സർ രാജാവ് ഒരു സ്വപ്നം കണ്ടു, തന്റെ രാജ്യത്തെ മന്ത്രവാദികളും ആഭിചാരകന്മാരും ക്ഷുദ്രക്കാരും കൽദയരും മറ്റും തന്റെ സ്വപ്നവും അതിന്റെ അർത്ഥവും വ്യാഖ്യാനിച്ചു തരണമെന്ന് അവൻ കല്പിച്ചു. ഈവക കാര്യങ്ങൾ ദൈവത്തിനേ സാധിക്കൂ, അവ മനുഷ്യരുടെ ഇടയിൽ ഇല്ല എന്നു രാജാവിനോടുപറഞ്ഞ അവർ അവരുടെ നിവൃത്തികേട് രാജാവിനെ അറിയിച്ചു. ഇതുകേട്ടരാജാവുക്ഷുഭിതനായി അവരെയെല്ലാം വധിക്കാനുത്തരവിട്ടു.
വധിക്കപ്പെടേണ്ടവരുടെ കൂട്ടത്തിൽ ദാനിയേലും കൂട്ടുകാരുമുണ്ടായിരുന്നു. അതിനാൽ ദാനിയേൽ രാജാവിനെകണ്ട് സ്വപ്നം വിശദീകരിക്കാൻ സമയമാവശ്യപ്പെട്ടു. വീട്ടിലെത്തിയ ദാനിയേൽ കൂട്ടുകാരോട് സ്വപ്നവും അതിന്റെ അർത്ഥവും വെളിപ്പെടുത്തിത്തരാൻ ദൈവത്തോടു യാചിക്കാനാവശ്യപ്പെട്ടു. ആരാത്രിയിൽ



ത്തന്നെ സ്വപ്നവും അർത്ഥവും വെളിപ്പെടുത്തിക്കൊടുത്ത ദൈവത്തെ ദാനിയേൽ സ്തുതിച്ചു മഹത്വപ്പെടുത്തി.
രാജാവിന്റെ മുന്നിൽ ചെന്നു സ്വപ്നവും വ്യാഖ്യാനവും നല്കിയ ദാനിയേൽ ഒരു മഹത്വവും തനിക്കായി എടുക്കാതെ സർവ്വ രഹസ്യങ്ങളും അവയുടെ വ്യാഖ്യാനവും അറിയുന്ന സ്വർഗ്ഗീയനായവനെയും രാജാവിനു മനസ്സിലാക്കിക്കൊടുത്തു.
ആദ്യം രാജാവു കണ്ട സ്വപ്നവും (വാ 31–35) പിന്നീട് അതിന്റെ അർത്ഥവും (വാ 36) ദാനിയേൽ വിശദീകരിച്ചു. രാജാവുകണ്ട സ്വപ്നത്തിലെ വലിയ ബിംബം പിന്നീടു വരുവാനുള്ള രാജവംശങ്ങളുടെ സൂചനയായിരുന്നു. സ്വർണ്ണനിർമ്മിതമായ ശിരസ്സ് ബാബിലോൺ രാജവംശം, വെള്ളികൊണ്ടുള്ള മാറിടം മേദ്യർ/പേർഷ്യാക്കാർ, താമ്രംകൊണ്ടുള്ള ഉദരവും തുടകളും ഗ്രീക്കുകാർ, ഇരുമ്പുകൊണ്ടുള്ള കാലുകൾ റോമാക്കാർ.

സ്വപ്നത്തിന്റെ എറ്റവും പ്രധാനഭാഗം ഭാവിലോകത്തെക്കുറിച്ചുള്ള അതിശയകരമായ ഒരു പ്രവചനമായിരുന്നു – അവസാനത്തെ രാജവാഴ്ചക്കാലത്ത് അതായത് റോമാക്കാരുടെ കാലത്ത്, നശിപ്പിക്കപ്പെടുകയോ മറ്റൊരു ജനതയ്ക്ക് ഏല്പിക്കപ്പെടുകയോ ചെയ്യാത്ത തന്റെ രാജ്യം ദൈവം സ്ഥാപിക്കും. മറ്റെല്ലാ രാജവാഴ്ചകളെയും അതു നിശ്ചലമാക്കും, അതിന്റെ വാഴ്ച ഒരിക്കലും നിലയ്ക്കുകയുമില്ല (വാ 44).

ലോകം മുഴുവൻ വ്യാപിക്കാൻ പോകുന്നതും യേശു സ്ഥാപിക്കാൻ പോകുന്നതുമായ ദൈവരാജ്യത്തെക്കുറിച്ചുള്ള പ്രവചനമായിരുന്നു അതു നിലവിൽ വരാൻ പോകുന്നതിനും 500 വർഷങ്ങൾക്കുമുമ്പ് ദാനിയേൽ പ്രവചിച്ചത്. (ദാനിയേൽ ക്രിസ്തുവിനുമുൻപ് 536 വരെയെങ്കിലും ജീവിച്ചിരുന്നിരിക്കണം).

ദാനിയേലിനേയും അവന് ഈ രഹസ്യങ്ങളെ വെളിപ്പെടുത്തിക്കൊടുത്ത അവൻ ആരാധിക്കുന്ന സ്വർഗ്ഗത്തിലുള്ള ദൈവത്തിനേയും മഹത്വപ്പെടുത്തിയാണ് രാജാവ് ഈ വെളിപ്പെടുത്തലിനോടു പ്രതികരിച്ചത്.

> വാ 46-49 അപ്പോൾ നെബുഖദ്നേസർ രാജാവ് സാഷ്ടാംഗം വീണ് ദാനിയേലിനെ നമസ്കരിച്ചു; അവന് ഒരു വഴിപാടും സൗരഭ്യധൂപവും അർപ്പിക്കണമെന്നു കല്പിച്ചു. 47രാജാവ് ദാനിയേലിനോട്; നീ ഈ രഹസ്യം വെളിപ്പെടുത്തുവാൻ പ്രാപ്തനായതു കൊണ്ട് നിങ്ങളുടെ ദൈവം സത്യമായും ദൈവാധിദൈവവും രാജാധിരാജാവും രഹസ്യങ്ങൾ വെളിപ്പെടുത്തുന്നവനുമാകുന്നു എന്നു കല്പിച്ചു. 48രാജാവ് ദാനിയേലിനെ മഹാനാക്കി, അവന് അനേകം വിശിഷ്ടസമ്മാനങ്ങളും കൊടുത്തു; അവനെ ബാബിലോൺ സംസ്ഥാനത്തിനൊക്കെയും അധിപനും ബാബിലോണിലെ സകല വിദ്വാന്മാർക്കും പ്രധാന വിചാരകനുമാക്കി. 49ദാനിയേലിന്റെ അപേക്ഷപ്രകാരം രാജാവ് ശദ്രക്കിനേയും മേശക്കിനേയും അബേദ്നേഗോവിനെയും ബാബിലോൺ സംസ്ഥാനത്തിലെ കാര്യാദികൾക്കു മേൽ വിചാരകന്മാരാക്കി; ദാനിയേലോ രാജാവിന്റെ അരമനയിൽ പാർത്തു.

ഏറ്റവും സുന്ദരമായ കാര്യം എന്തെന്നാൽ, ദാനിയേൽ ദൈവസഹായം തേടിയപ്പോൾ ദൈവത്തെക്കുറിച്ചു നെബുഖദ്നെസർ രാജാവിനെ മനസ്സിലാക്കി കൊടുക്കാൻ ദൈവത്തിനും ഒരു അവസരം ലഭിച്ചു എന്നതാണ് (വാ 47).

ദൈവം ആഗഹിക്കുന്നതെന്താണ്? 1 തിമോത്തി 2:3-4 നോക്കുക

> അതു നമ്മുടെ രക്ഷിതാവായ ദൈവത്തിന്റെ സന്നിധിയിൽ നല്ലതും സ്വീകാര്യവും ആകുന്നു. 4അവൻ സകല മനുഷ്യരും രക്ഷപ്രാപിക്കുവാനും സത്യത്തിന്റെ പരിജ്ഞാനത്തിൽ എത്തിച്ചേരുവാനും ആഗ്രഹിക്കുന്നു.
> യോഹന്നാൻ 4:23 സത്യാരാധകർ പിതാവിനെ ആത്മാവിലും സത്യത്തിലും ആരാധിക്കുന്ന സമയം വരുന്നു; ഇപ്പോൾ വന്നിരിക്കുന്നു. തന്നെ ആരാധിക്കുന്നവർ ഇങ്ങനെയുള്ളവർ ആയിരിക്കണമെന്ന് പിതാവ് ആഗ്രഹിക്കുന്നു.

ഉയർന്നതും താഴ്ന്നതുമായ ഏവനും സത്യത്തിന്റെ പരിജ്ഞാനത്തിൽ വരണമെന്നു ദൈവം ആഗ്രഹിക്കുന്നു, അത്തരം ആരാധകരെയാണ് അവൻ അന്വേഷിക്കുന്നത്. എങ്ങനെയാണ് ദൈവം ഈ ആഗ്രഹം നിറവേറ്റുന്നത്? ദാനിയേലിനെപ്പോലുള്ളവരെ അക്കാലത്തും നമ്മെപ്പോലുള്ളവരെ ഇക്കാലത്തും തന്റെ ശക്തമായ കരങ്ങളാൽ ഉപയോഗിച്ചുകൊണ്ടാണ് ദൈവമിതുനിറവേറ്റുന്നത്.

ദാനിയേലിലൂടെ ദൈവം തന്നെത്തന്നെ രാജാവിനു വെളിപ്പെടുത്തി കൊടുത്തെങ്കിലും, മുന്നോട്ടുവായിക്കുമ്പോൾ നെബുക്കദ്നേസർ രാജാവു പൂർണ്ണഹൃദയത്തോടെ ദൈവത്തെ സേവിക്കാതിരുന്നതിനാൽ രക്ഷയ്ക്കു പാത്രമാവാൻഅവനു കഴിഞ്ഞില്ല. എന്നാൽ ദാനിയേലും ദൈവവും തങ്ങളുടെ ഭാഗം നന്നായിചെയ്തു. ഇക്കാലഘട്ടത്തിലും നിങ്ങളിലൂടെ ശക്തമായി പ്രവർത്തിക്കാൻ ദൈവം ആഗ്രഹിക്കുന്നു. നിങ്ങളുടെ കുടുംബത്തിലും, കൂട്ടുകാരുടെയും സഹപ്രവർത്തകരുടെയും അയല്ക്കാരുടെയും ഇടയിലും ദാനിയേലിലൂടെ ചെയ്തപോലെ ദൈവം ശക്തമായ കാര്യങ്ങൾ നിങ്ങളിലൂടെ ചെയ്യുമെന്നു നിങ്ങൾ ആശിക്കുന്നുണ്ടോ, അതു നടക്കുമെന്ന വിശ്വാസവും നിങ്ങൾണ്ടോ?

കുറച്ചുവർഷങ്ങൾക്കുനുമ്പ് കർണ്ണാടകയിലെ ബീദറിൽ നിന്നും ജോലിതേടി ബാംഗളൂരിൽ വന്നയാളാണ് സാമുവേൽ. കലാകാരനായിരുന്ന സാമുവേലിന്റെ വീട്ടിൽ സാമ്പത്തീക പ്രാരാബ്ധം ധാരാളമായിരുന്നു. ആദ്യകാലങ്ങളിൽ ജോലിയൊന്നും കിട്ടാതെ വലഞ്ഞ സാമുവേൽ സർക്കാർ വകപാർക്കിൽ കിടന്നുറങ്ങി അവിടെ ചെടിനനയ്ക്കുന്ന വെള്ളത്തിൽ കുളിച്ചു ദിവസങ്ങൾ കഴിച്ചുകൂട്ടിയിരുന്നു. മെതേഡിസ്റ്റ് ക്രിസ്ത്യൻ പശ്ചാത്തലത്തിൽ നിന്നും വന്ന അവൻ ദൈവത്തെ അന്വേഷിക്കുന്നവനായിരുന്നു. ഒരു ഞായറാഴ്ച രാവിലെ അവൻ ആരാധിക്കാനായി സഭ തേടിയിറങ്ങി. ഏഴുകിലോമീറ്റർ നടന്നതിനു ശേഷം ഇന്ത്യൻ ചർച്ച് ഓഫ് ക്രൈസ്റ്റ് - ഏവർക്കും സ്വാഗതം എന്നെഴുതിയ ഒരു ബാനർ കണ്ടു. ബാംഗളൂരിലെ സഭ ആരാധിച്ചിരുന്ന ഹാളിലേക്ക് അവൻ കടന്നുവന്നു. ആരാധന കഴിഞ്ഞയുടനെ സഹോദൻമാർ അവനു ബൈബിൾ പഠനം ആരംഭിച്ചു, അധികം താമസിയാതെ അവൻ സ്നാനമെടുത്തു.



ശിഷ്യനായതിനു ശേഷം 700 കിലോമീറ്ററിനപ്പുറമുള്ള അവന്റെ കുടുംബാംഗങ്ങളിലേക്കു വിശ്വാസമെത്തിക്കാൻ അവൻ അതിയായി ആഗ്രഹിച്ചു. ദൈവസഹായത്താൽ അവനൊരു ജോലി ലഭിച്ചു അതിൽ ഉയർച്ച പ്രാപിച്ച അവൻ പരസ്യബോർഡുകളുടെ നിർമ്മാണതൊഴിൽ സ്വന്തമായ നിലയ്ക്ക് ചെയ്യാനാരംഭിച്ചു. തൊഴിലിൽ അഭിവൃദ്ധി പ്രാപിച്ച സാമുവേൽ തന്റെ കുടുംബാംഗങ്ങളെ ഓരോന്നായി പട്ടണത്തിലേക്കു കൂട്ടികൊണ്ടുവന്ന് അവർക്കു ജോലിക്കൊപ്പം രക്ഷയുടെ സുവിശേഷവും നൽകി. അവന്റെ ബന്ധുമിത്രാദികളിൽ പലരും സ്വന്തസഹോദരന്മാർ രണ്ടുപേരും ശിഷ്യരായി. ബീദറിലേക്ക് ഒരു മിഷൻ ടീമിനെ അയക്കേണമെന്ന് സഭാനേതൃത്വത്തോടു അവൻ സംസാരിക്കാൻ തുടങ്ങി. അക്കാര്യത്തിൽ ബാംഗളൂർ സഭയിലെ ആർക്കും അപ്പോൾ വലിയ താത്പര്യമുണ്ടായിരുന്നില്ല. മറ്റുചിലമിഷൻ ടീമുകളുടെ ഒരുക്കവും ബീദർ വളരെ ദൂരെയാണന്നതും കാരണങ്ങളായിരുന്നു.

സാമുവേലിന്റെ പ്രാർത്ഥനയുടെയും പരിശ്രമത്തിന്റെയും ഫലമെന്നോണം സഭയിലെ കുറച്ചു നായകർ അവന്റെ നാട്ടിലേക്കു ഒരു സന്ദർശനത്തിനു പോകാൻ ഇടയായി - 2006ലെ ആ സന്ദർശനത്തിൽ അവിടത്തെ മെതേഡിസ്റ്റ് സഭയിൽ ഒരു യോഗം വിളിച്ചുകൂട്ടാൻ സാമുവൽ ഉത്സാഹിക്കുകയും ഞങ്ങൾക്ക് അവിടെ ശിഷ്യത്വത്തെക്കുറിച്ചു പഠിപ്പിക്കാൻ ഇടയാകുകയും ചെയ്തു. അവരുടെ പ്രതികരണം വളരെ ആശാജനകമായിരുന്നു. പിന്നീട് ഒരു പരസ്യയോഗം അവർ സംഘടിപ്പിച്ചു. നൂറിൽപരം സന്ദർശകർ പങ്കെടുത്ത ആയോഗത്തിലും ആളുകളുടെ പ്രതികരണം ഉത്സാഹജനകമായിരുന്നു. പല ഗ്രാമങ്ങളും ഞങ്ങൾ സന്ദർശിക്കുകയുണ്ടായി. ഞങ്ങളുടെ വരവു മുൻകൂട്ടി അറിയിക്കാതെയായിരുന്നിട്ടുപോലും അവിടെയുള്ളവർ മറ്റുള്ളവർക്കു സന്ദേശം കൈമാറി എത്തിച്ച് അരമണിക്കൂറിനുള്ളിൽ ബൈബിളുകളുമായി 30-60 പേർ വചനം കേൾക്കാനായി താത്പര്യപൂർവ്വം എത്തുന്ന കാഴ്ച ഞങ്ങൾക്കു കാണാൻ കഴിഞ്ഞു. അവരുടെ ഈ താത്പര്യം മത്തായി 9:36-38 വചനങ്ങൾ ഓർക്കാൻ ഇടയാക്കി:

> അവൻ ജനക്കൂട്ടത്തെ ഇടയനില്ലാത്ത ആടുകളെപ്പോലെ തളർന്നവരും ചിതറിയവരുമായി കണ്ട് അവരെക്കുറിച്ചു മനസ്സലിഞ്ഞു. 37അവൻ തന്റെ ശിഷ്യന്മാരോട്: കൊയ്ത്തു വളരെയധികമുണ്ട്; വേലക്കാരോ ചുരുക്കമത്രേ. 38ആകയാൽ കൊയ്ത്തിന്റെ യജമാനനോട് തന്റെ കൊയ്ത്തിലേക്ക് വേലക്കാരെ അയക്കേണ്ടതിനു യാചിക്കുവിൻ എന്നു പറഞ്ഞു.

ഞങ്ങൾ തിരിച്ചു ബാംഗളൂർ സഭയിൽ വന്ന് അവിടത്തെ അനുഭവങ്ങൾ പങ്കുവയ്ക്കുയും സർവ്വോപരിയായി പ്രാർത്ഥിക്കുകയും ചെയ്തു. ബീദറിലേക്ക് ഒരു മിഷൻ ടീമിനെ അയക്കാൻ സഭ ഉത്സാഹഭരിതരായി. ആ വർഷം മിഷൻ ടീമിനെ അയക്കാനുള്ള പണം സ്വരൂപിക്കാനായി നടത്തിയ ക്രിസ്മസ് കാർണിവലിലൂടെ ഏകദേശം മൂന്നര ലക്ഷത്തോളം രൂപ സമാഹരിച്ചു. മിഷൻ ടീമിൽ പോകുവാനുള്ള ദൈവവിളിയോടെ ശിഷ്യന്മാർ മുന്നോട്ടുവരാൻ വേണ്ടി പ്രാർത്ഥിച്ചു, നാലുപേർ ബാംഗളൂരിൽനിന്നും മറ്റു നാലുപേർ ഹൈദരാബാദിൽനിന്നും സന്നദ്ധരായി മുന്നോട്ടുവന്നു. 2007 ഏപ്രിൽമാസം മിഷൻ ടീം യാത്രപുറപ്പെട്ടു. ആ സമയത്ത്

അവിവാഹിതരായിരുന്ന ഫിലിപ്പും പ്രമീളയും അവരെ നയിച്ചു, ഡേവിഡും മോനിക്കയും അവരോടുകൂടിച്ചേർന്നു അവിടെച്ചെന്നു അവരുടെ കൂടെ പാർത്ത് അവരെ പരിശീലിപ്പിച്ചു. ആദ്യത്തെ മുപ്പതു ദിവസത്തിൽ ദൈവസഹായത്താൽ അവർ എട്ടുപേരെ ശിഷ്യരാക്കി, പോയ ടീം ഇരട്ടിച്ചു. സാമുവേലിന്റെ സഹോദരൻ സന്തോഷും അമ്മയും സ്നാനപ്പെട്ടവരുടെ കൂട്ടത്തിൽ ഉണ്ടായിരുന്നു.

കുറച്ചു മാസങ്ങൾക്കു ശേഷം സാമുവേലിന്റെ ഗ്രാമമായ അനന്തൂരിൽ ഒരു കുടുംബസഭ (ഫാമിലി ഗ്രൂപ്പ്) തുടങ്ങി. 2007 ഏപ്രിൽ തൊട്ടു ഡിസംബർ വരെയുള്ള കാലഘട്ടത്തിൽ 20 ആത്മാക്കൾ രക്ഷിക്കപ്പെട്ടു. 2008ലും 20 പേർ സ്നാനപ്പെട്ടു, മിഷൻ ടീം അംഗങ്ങളിൽ ചിലർ മാതൃ സഭയിലേക്കു തിരികെപ്പോയെങ്കിലും 2009ൽ 13 പേർ രക്ഷിക്കപ്പെട്ടു. ഇപ്പോൾ ബീദർ സഭയിൽ 123 അംഗങ്ങളുണ്ട്, അതിൽ 15 പേർ കാംപസ് വിദ്യാർത്ഥികളാണ് (2014 ജൂലൈയിലെ കണക്ക്).

നിങ്ങൾക്ക് ഇറങ്ങിച്ചെല്ലാൻ സാധിക്കില്ലെന്നു തോന്നുന്ന ആളുകളുടെ പേരെഴുതിവച്ച്, നിങ്ങളിലൂടെ അവരിൽ ദൈവം പ്രവർത്തിക്കുവാനും, നിങ്ങൾക്ക് അവരിലേക്കിറങ്ങിച്ചെല്ലാനുള്ള അവസരങ്ങളും ധൈര്യവും ജ്ഞാനവും ദൈവം തരുവാനും അവരുമായി വചനം പങ്കുവയ്ക്കുവാൻ നിങ്ങൾക്ക് ഇടയാകാനും വേണ്ടി പ്രാർത്ഥിക്കുക.

വിശ്വാസത്തോടുകൂടെ വലിയ ശ്രമങ്ങൾ നടത്തുക - ദാനിയേലിന്റെ ദൈവം നിങ്ങൾക്കും വിജയം നൽകും.

പാഠം 27

# അഗ്നിയിൽ നിന്നും രക്ഷിക്കുന്ന ദൈവകരം.

നമ്മുടെ ബോധ്യങ്ങൾ ആഴത്തിലാക്കുവാനായി നമ്മെ സഹായിക്കുന്ന പുസ്തകമാണ് ദാനിയേലിന്റേത്. കഴിഞ്ഞദിവസം രണ്ടാമത്തെ അദ്ധ്യായം പഠിച്ചതിനു ശേഷം ദൈവത്തെ മഹത്വപ്പെടുത്താനുള്ള കൂടുതൽ പരിശ്രമങ്ങൾ നിങ്ങളുടെ ഭാഗത്തുനിന്നും ഉണ്ടാകുന്നുണ്ടെന്നു ഞാൻ പ്രതീക്ഷിക്കുന്നു.

ദാനിയേൽ 3 വായിക്കുക

ഭീമാകാരനായ ഒരു സ്വർണ്ണബിംബത്തെ നെബുഖദ്നേസർ രാജാവു സ്ഥാപിച്ചു. വാദ്യോപകരണങ്ങൾ മുഴക്കുമ്പോൾ തന്റെ രാജ്യത്തിലെ സകലരും അതിനെവീണു നമസ്കരിക്കണമെന്നും അല്ലാത്തവർ തീച്ചൂളയിൽ എറിയപ്പെടുമെന്നുള്ള ഒരു ഉത്തരവും പുറപ്പെടുവിച്ചു. ദാനിയേലിന്റെ സുഹൃത്തുക്കളായ ശദ്രക്കും മേശെക്കും അബദ്നെഗോവും അതിനെ വണങ്ങിയില്ല എന്നകാര്യം രാജസന്നിധിയിലെത്തി. രൗദ്രഭാവം പൂണ്ട രാജാവ് അവരെ ചോദ്യം ചെയ്യാനായി വിളിച്ചു, അവർക്ക് രാജകല്പന അനുസരിക്കാനായി ഒരു അവസരവും കൂടി നൽകി. അവർ കല്പനയെ അനുസരിച്ചില്ലെങ്കിൽ തീച്ചൂളയിൽ എറിയപ്പെടുമെന്നു മുന്നറിയിപ്പും നല്കി. തന്റെ കയ്യിൽ നിന്നും നിങ്ങളെ ആരു രക്ഷിക്കും എന്നു പരിഹസിച്ചായിരുന്നു രാജാവിന്റെ വെല്ലുവിളി.



> വാ 16-18 ശദ്രക്കും മേശക്കും അബെദ്നെഗോവും രാജാവിനോട്: നെബുഖദ്നേസരേ, ഈ കാര്യത്തിൽ ഉത്തരം പറയേണ്ട ആവശ്യമില്ല. 17ഞങ്ങൾ ആരാധിക്കുന്ന ദൈവത്തിന് ഞങ്ങളെ വിടുവിക്കാൻ കഴിയുമെങ്കിൽ, അവൻ ഞങ്ങളെ എരിയുന്ന തീച്ചൂളയിൽ നിന്നും രാജാവിന്റെ കൈയിൽ നിന്നും വിടുവിക്കും. 18അല്ലെങ്കിലും ഞങ്ങൾ രാജാവിന്റെ ദേവന്മാരെ സേവിക്കുകയില്ല; രാജാവ് സ്ഥാപിച്ച സ്വർണ്ണബിംബത്തെ നമസ്കരിക്കുകയുമില്ല എന്ന് അറിഞ്ഞാലും എന്ന് ഉത്തരം പറഞ്ഞു.

യഹോവയെയല്ലാതെ മറ്റൊന്നിനെയും ആരാധിക്കരുതെന്നുള്ള ആദ്യകൽപ്പനയുൾപ്പെടുന്ന പത്തുകല്പനകൾ അറിയാവുന്ന ഇവർ മറ്റൊരു രാജ്യത്ത് അടിമതടവുകാരായി പാർക്കുമ്പോൾ പോലും ആ കല്പനകളിൽ നിന്നും വ്യതിചലിച്ച് ദൈവത്തെ ധിക്കരിക്കാൻ തയ്യാറായില്ല. തങ്ങളുടെ യൂദാദേശത്തെ ആക്രമിച്ചു കീഴടക്കിയ ബാബിലോൻ രാജാവിന്റെ അധികാരത്തെയും ശക്തിപ്രഭാവത്തെയും അവർ കാണുകയും ചെയ്തിരിക്കുന്നു. ഇപ്പോൾ അവർ ആ രാജാവിന്റെ പ്രീതിനേടി രാജാവിനു വ്യക്തിപരമായി അറിയാവുന്നവരും വലിയ പദവിയിൽ രാജസേവനം നടത്തുന്നവരുമായിത്തീർന്നിരിക്കുന്നു. ദൈവത്തെ അനുസരിക്കാനായി രാജകല്പനയെ അവർ ലംഘിക്കുകയാണങ്കിൽ അവർ നേടിയെടുത്തതെല്ലാം തങ്ങളുടെ ജീവനുമടക്കം വെണ്ണീറായിത്തീരും.

അവരുടെ സ്ഥാനത്തു നിങ്ങളായിരുന്നുവെങ്കിൽ, എന്തുതീരുമാനമായിരുന്നു ഉണ്ടാവുക?
ഇപ്പോൾ നിങ്ങൾ വിട്ടുവീഴ്ച ചെയ്യുന്ന സാഹചര്യങ്ങൾ ഏതൊക്കെയാണ്?
മനുഷ്യരോടുള്ള ഭയം നിമിത്തം ദൈവത്തെ നിരാകരിക്കുന്ന രീതികൾ നിങ്ങളിലുണ്ടോ? മനുഷ്യരിൽ നിന്നും പ്രീതി പറ്റാനായി ദൈവത്തോടു നിങ്ങൾ അനുസരണക്കേടു കാണിക്കുന്നുണ്ടോ?
നഷ്ടപ്പെടുമെന്നു നിങ്ങൾ ഭയപ്പെടുന്ന കാര്യങ്ങൾ എന്തൊക്കെയാണ്? ജോലിയോ, ജോലിക്കയറ്റമോ, സഹപ്രവർത്തകരുടെ പ്രീതിയോ, കുടുംബസ്വത്തിലുള്ള അവകാശമോ, സുഹൃദ്ബന്ധങ്ങളോ... എന്താണവ?
നിങ്ങളുടെ സഹപ്രവർത്തകരോടു വിശ്വാസം പങ്കുവയ്ക്കുവാൻ നിങ്ങൾക്കു കഴിയുന്നുണ്ടോ?

അഗ്നിച്ചൂളയിൽ എറിയപ്പെടുമെന്നുള്ള ഭീഷണിയൊന്നും നിങ്ങളുടെ തലയ്ക്കുമീതെ ഉയർന്നു നിൽക്കുന്നില്ല, എങ്കിലും നമ്മുടെ വിശ്വാസവും ബോധ്യവും എത്ര ചെറുതാണ്?

അവർക്കുണ്ടായിരുന്ന ബോധ്യങ്ങൾ നോക്കുക:
1. ദൈവം തങ്ങളെ അഗ്നിയിൽ നിന്നും വിടുവിക്കുമെന്ന വിശ്വാസം
2. അഥവാ അതു നടന്നില്ലെങ്കിൽ പോലും തങ്ങൾ ദൈവത്തോട് അനുസരക്കേടുകാണിക്കുകയില്ല എന്ന ബോധ്യം.
ഈ ഉറപ്പുകൾ അവർക്കുണ്ടാകുവാനുള്ള കാരണമെന്താണ്?
3. ദൈവത്തിന്റെ ശക്തിയിലുള്ള അവരുടെ വിശ്വാസം.
4. തങ്ങളുടെ ജീവനേക്കാളുപരിയായി ദൈവത്തോടുകാണിച്ച സ്നേഹം.
5. തങ്ങളുടെ വിശ്വാസവും ഉറപ്പും ദൈവത്തെ അറിയാത്ത വിജാതീയരുടെ മുമ്പിൽ പ്രദർശിപ്പിച്ചുകൊണ്ട് അവർക്കും രക്ഷ തങ്ങളുടെ ദൈവത്തിലാണന്നു പറയാനുള്ള തീക്ഷ്ണത.
ദൈവം കരം നീട്ടിനിങ്ങളെ രക്ഷിച്ചില്ലെങ്കിൽപോലും നിങ്ങൾ ദൈവത്തെവിട്ടു മാറാതെ അവനിൽ ആശ്രയിച്ച് അവനെ അനുസരിക്കുമോ?

19-30 വാകൃങ്ങളിൽ അവരുടെ വിശ്വാസത്തിന്റെ പ്രതിഫലം നാം കാണുന്നു. തീച്ചൂള പതിവിലും ഏഴിരട്ടിയായി ചൂടാക്കി, അതിലേക്ക് ഈ ഹെബ്രായരെ തള്ളിയിടാൻ വന്ന പടയാളികളെപ്പോലും ചുട്ടുകൊല്ലാൻ പോന്ന ആ അഗ്നിക്ക് ഈ ദൈവപരുഷന്മാരുടെ രോമത്തെ പോലും ഉപദ്രവിക്കാൻ സാധിച്ചില്ല. മൂന്നിനു പകരം നാലുപേർ ബന്ധനമുക്തരായി ചൂളയ്ക്കു ചുറ്റും നടക്കുന്നതും നാലാമൻ ദൈവദൂതനെപ്പോലെയിരിക്കുന്നു (ദൈവത്തിന്റെ ദൂതന്മാരോ, യേശു തന്നെയോ ആയിരിക്കാം അവരെ രക്ഷിക്കാനായി വന്നത്) എന്നതും കണ്ട രാജാവ് അവരെ ചൂളയ്ക്കു വെളിയിലിറക്കി. പരിശോധനയിൽ അവരുടെ ദേഹത്ത് പൊള്ളലോ, രോമത്തിനുപോലും കരിച്ചിലോ, വസ്ത്രങ്ങൾക്കു ദഹനമോ, അവരിൽ തീയുടെ മണമോ പോലും കണ്ടെത്താൻ കഴിഞ്ഞില്ല.

രാജാവിനു തന്റെ തെറ്റുമനസ്സിലാക്കി മനസ്സു മാറ്റാനും, യഹോവഭക്തരായ ഈ പുരുഷന്മാർ ആരാധിച്ചിരുന്ന സ്വർഗ്ഗത്തിലുള്ള അതിശക്തനായ ദൈവത്തെ ആരാധിക്കാനും ഈ സംഭവം ഇടയാക്കി.

> വാക്യം 28-30 അപ്പോൾ നെബുഖദ്നേസർ രാജാവു കല്പിച്ചത്: ശദ്രക്കിന്റെയും മേശക്കിന്റെയും അബേദ്നേഗോവിന്റെയും ദൈവം വാഴ്ത്തപ്പെട്ടവൻ! തന്നിൽ ആശ്രയിക്കുകയും സ്വന്തം ദൈവത്തെയല്ലാതെ മറ്റൊരു ദൈവത്തെയും സേവിക്കുകയോ ആരാധിക്കുകയോ ചെയ്യാതിരിക്കത്തക്കവണ്ണം രാജകല്പനപോലും ലംഘിച്ചു തങ്ങളുടെ ശരീരത്തെ ഏല്പിച്ചുകൊടുക്കുകയും ചെയ്ത തന്റെ ദാസന്മാരെ അവൻ സ്വന്തം ദൂതനെ അയച്ചു വിടുവിച്ചിരിക്കുന്നുവല്ലോ. 29ഈ വിധത്തിൽ വിടുവിക്കുവാൻ കഴിയുന്ന മറ്റൊരു ദൈവവും ഇല്ലാത്തതുകൊണ്ട് സകല ജനത്തിലും ഭാഷക്കാരിലും ആരെങ്കിലും ശദ്രക്കി ന്റെയും മേശെക്കിന്റെയും അബെദ്നേഗോവിന്റെയും ദൈവത്തിനെതിരായി എന്തെങ്കിലും പറഞ്ഞാൽ അവനെ കഷണം കഷണമായി നുറുക്കുകയും അവന്റെ വീട് കുപ്പക്കുന്നാക്കുകയും ചെയ്യുമെന്ന് ഞാൻ ഒരു വിധി കല്പിക്കുന്നു. 30പിന്നെ രാജാവ് ശദ്രക്കിനും മേശെക്കിനും അബെദ്നെഗോവിനും ബാബിലോൻ സംസ്ഥാനത്ത് സ്ഥാനമാനങ്ങൾ കല്പിച്ചുകൊടുത്തു.



ക്രോധത്തിൽ നിന്നും അത്ഭുതത്തിലേക്കു മാറിയ രാജാവിന്റെ മനോഭാവം നോക്കുക! തങ്ങളുടെ ദൈവത്തെവിട്ട് വേറെ ഒന്നിനെയും ആരാധിക്കാൻ മുതിരാതിരുന്ന അവരുടെ വിശ്വാസത്തെ അവൻ അഭിനന്ദിക്കുന്നു. അവർക്ക് ഉന്നത സ്ഥാനങ്ങൾ നല്കുകയും, ശദ്രക്കിന്റെയും മേശെക്കിന്റെയും അബെദ്നെഗോയുടെയും ദൈവത്തിനെതിരെ എന്തെങ്കിലും ഉച്ചരിക്കുന്നവർക്കു കഠിനശിക്ഷകൾ പ്രഖ്യാപിക്കുകയും ചെയ്തു ആ രാജപ്രമുഖൻ.

നിങ്ങൾക്കു ദൈവത്തോടുള്ള സ്നേഹവും വിശ്വസ്തതും പ്രകടമാക്കാൻ അപകടസാദ്ധ്യതകളെപ്പോലും നേരിടാൻ നിങ്ങൾ ഒരുക്കമാണോ?
നിങ്ങളുടെ ജോലിയോ സാഹചര്യങ്ങളോ, യേശുവിനോടു വിശ്വസ്തതയോടു കൂടെയിരിക്കുന്നതിൽ നിങ്ങൾക്കു ഭംഗമുണ്ടാക്കുന്നുവെങ്കിൽ അവ ഉപേക്ഷിക്കാൻ നിങ്ങൾ തയ്യാറാണോ?

അവിവാഹിതരോട് - യേശുവിന്റെ ശിഷ്യനെ/ശിഷ്യയെ മാത്രമേ വിവാഹം കഴിക്കൂ എന്ന കാര്യത്തിൽ നിങ്ങൾ പ്രതിജ്ഞാബദ്ധരാണോ? നിങ്ങൾക്ക് അനുയോജ്യരായവരൊന്നും ഇപ്പോൾ സഭയിലില്ല എന്നു വന്നാൽ നിങ്ങൾ എന്തു ചെയ്യും? വിട്ടുവീഴ്ച ചെയ്ത് ശിഷ്യനല്ലാത്ത ഒരാളെ സ്വീകരിക്കുമോ? അതോ എന്റെ ആവശ്യങ്ങൾ നിറവേറ്റാൻ കെല്പുള്ളവനാണു ദൈവം എന്നു വിശ്വസിച്ചുറച്ച് ദൈവത്തോടു വിശ്വസ്തത പുലർത്തുമോ? വിവാഹം നടന്നില്ലെങ്കിൽ പോലും ഞാൻ വിട്ടുവീഴ്ച ചെയ്യില്ല എന്ന ബോധ്യത്തിൽ നിലനില്ക്കുമോ?
നമുക്കു ദൈവത്തെ പൂർണ്ണഹൃദയത്തോടെ സ്നേഹിക്കാം, അവനുവേണ്ടി നമുക്കു പ്രിയപ്പെട്ടതെന്നു കരുതുന്ന എന്തും ഉപേക്ഷിക്കാൻ തയ്യാറാകാം, തന്റെ പുത്രന്റെ വിലപിടിച്ച ജീവൻ പോലും നമുക്കുവേണ്ടി ഉപേക്ഷിക്കാൻ തയ്യാറായവനാണ് നമ്മുടെ ദൈവം എന്നറിഞ്ഞുകൊണ്ട്.

പാഠം 28

# തെറ്റുചെയ്യാത്തവനെ കുറ്റവിമുക്തനാക്കുന്ന ദൈവകരം

ദാനിയേൽ 6 വായിക്കുക

ദാനിയേലും കൂട്ടുകാരും ബാബിലോണിലായിരുന്ന കാലത്തുതന്നെ മേദ്യരും പേർഷ്യക്കാരും വന്ന് ആ ദേശം കീഴടക്കി. മേദ്യരാജാവായ ദാര്യാവേശും ദാനിയേലിനെയും സുഹൃത്തുക്കളെയും കുറിച്ച് അഭിമാനിച്ചിരുന്നതിനാൽ തന്റെ ദേശത്തെ അധികാരസ്ഥാനങ്ങൾ അവർക്കു നൽകി. തന്റെ സമകാലീനരായ

സകല ഭരണാധികാരികളിലും വച്ചു മികച്ചവനായിരുന്നു ദാനിയേൽ. വാക്യം 3:

എന്നാൽ ദാനിയേൽ ഉൽകൃഷ്ടമാനസനായിരുന്നതുകൊണ്ട് അവൻ അദ്ധ്യക്ഷന്മാരിലും പ്രധാന ദേശാധിപതികളിലും വിശിഷ്ടനായി വിളങ്ങി; രാജാവ് അവനെ സർവ്വരാജ്യത്തിന്റെയും അധികാരിയാക്കുവാൻ തീരുമാനിച്ചു.

നിങ്ങളുടെ സഹപ്രവർത്തകൻ നിങ്ങൾ കണക്കുബോധിപ്പിക്കേണ്ട മേലധികാരിയായി നിയമിതനായാൽ നിങ്ങൾക്കെന്തു തോന്നും? ദൈവീകനല്ലെങ്കിൽ അസൂയയും സ്പർദ്ധയുമായിരിക്കാം ഉണ്ടാകുക. മറ്റു ദേശാധിപതികൾ ദാനിയേലിന്റെ മേൽ അസൂയപൂണ്ടവരായി, ദാനിയേലിനെ ഇല്ലാതാക്കാൻ ആഗ്രഹിച്ചു. എന്നാൽ അതിനു തക്കതായ തെളിവുകൾ ഇല്ലാതെ അവർക്ക് അവനെ ഒതുക്കുവാൻ കഴിയില്ലായിരുന്നു. അതിനാൽ അവർ ദാനിയേലിന്റെ ഓരോ ചുവടും നിരീക്ഷിച്ചു പരിശോധിച്ചുപോന്നു.

എന്നാൽ അവർക്ക് അവനിൽ യാതൊരു കളങ്കവും കണ്ടെത്താൻ കഴിഞ്ഞില്ല. കാരണം ദാനിയേൽ വിശ്വസ്തനും കറപുരളാത്തവനും ഉപേക്ഷ വരുത്താത്തവനുമായിരുന്നു. നമ്മുടെ ചുറ്റുമുള്ളവർ നമ്മെപ്പറ്റി ഇപ്രകാരം പറയുമോ? നമ്മുടെ സഹപ്രവർത്തകർക്കു നമ്മുടെ സത്യസന്ധതയെക്കുറിച്ചുപ്രകടിപ്പിക്കുന്ന മതിപ്പ് നമ്മുടെ വിശ്വാസ ജീവിതത്തിന്റെ ശരിയായ അളവുകോലാണ്.

യേശു തന്റെ ചുറ്റുമുണ്ടായിരുന്നവരെ വെല്ലുവിളിച്ചത് ഓർമ്മയുണ്ടോ?

യോഹ 8:46 നിങ്ങളിൽ ആർക്ക് എന്നിൽ പാപം ആരോപിക്കാൻ കഴിയും? ഞാൻ സത്യം പറയുന്നുവെങ്കിൽ നിങ്ങൾ എന്നെ വിശ്വസിക്കാത്തതെന്ത്?

ദാനിയേലിന്റെ വ്യക്തിത്വത്തിലും ജോലിയിലും കുറ്റമാരോപിക്കാൻ കഴിയാതെ വന്നപ്പോൾ അവർ ചുവടുമാറ്റിപ്പിടിച്ചു, അവന്റെ വിശ്വാസത്തിലെ വിട്ടുവീഴ്ചയില്ലായ്മയെ അവർ കരുവാക്കി. അവർ രാജാവിനെ ചട്ടംകെട്ടി, അടുത്ത മുപ്പതു ദിവസത്തേക്കു ദാര്യാവേശ് രാജാവിനോടല്ലാതെ മറ്റാരോടെങ്കിലും പ്രാർത്ഥിക്കുന്നവരെ സിംഹക്കുഴിയിൽ എറിയുമെന്ന ഒരു ഉത്തരവ് അവർ മുദ്രവച്ചെടുത്തു (വാ 7). ദാനിയേൽ തന്റെ പതിവുപോലെ ദിവസവും മൂന്നുനേരം യഹോവയോടു പ്രാർത്ഥിക്കുന്നു എന്നൊരു കുറ്റം അവർ ചമച്ചെടുത്തു. ജീവൻ അപകടത്തിലായിരുന്നിട്ടുകൂടി, ദാനിയേൽ തന്റെ ദൈവാരാധനയിലും ഭക്തിയിലും വിട്ടുവീഴ്ച ചെയ്യാൻ തുനിഞ്ഞില്ല. അത്തരമൊരാൾ പ്രയാസത്തിലായാൽ ദൈവം ഇടപെടാതിരിക്കുമോ? തീർച്ചയായും തന്റെ കരം കടത്താൻ ദൈവം എപ്പോഴും പ്രസാദിതനാണ്.

ദാനിയേൽ സിംഹക്കുഴിയിൽ എറിയപ്പെട്ടു. രാജാവാകട്ടെ അതിദുഃഖിതനായി ജലപാനമില്ലാതെ നിദ്രാവിഹീനനായി രാത്രി കഴിച്ചുകൂട്ടി. അതിരാവിലെ ആകാംക്ഷയോടെ സിംഹക്കുഴിയിലെത്തിയ രാജാവിന് ദാനിയേൽ സുരക്ഷിതനായിരിക്കുന്ന കാഴ്ചയാണു കാണാൻ കഴിഞ്ഞത്. ദാനിയേൽ രാജാവിനോടു പറഞ്ഞതു നോക്കൂ:



(വാ 22) സിംഹങ്ങൾ എനിക്കു ദോഷം വരുത്താതിരിക്കേണ്ടതിന് എന്റെ ദൈവം തന്റെ ദൂതനെ അയച്ച് അവയുടെ വായ് അടച്ചുകളഞ്ഞു. അവന്റെ സന്നിധിയിൽ ഞാൻ കുറ്റമില്ലാത്തവനാകുന്നു; രാജാവേ, തിരുമുമ്പിലും ഞാൻ ഒരു കുറ്റവും ചെയ്തിട്ടില്ല എന്ന് ഉണർത്തിച്ചു.

ദൈവകരത്തിന്റെ പ്രഭാവം നോക്കുക: ദൈവത്തിനുമുമ്പിൽ കുറ്റമറ്റവനായി നിലനില്ക്കുന്നവന്റെ എതിരാളികൾ എത്ര കൊലകൊമ്പന്മാരായാലും അവനെ രക്ഷിക്കാനായി ദൈവം തന്റെ ശക്തമായ കരം ഉയർത്തും.

ദൈവത്തിൽ വിശ്വാസം പോരാഞ്ഞ് നിങ്ങൾ വിട്ടുവീഴ്ചകൾ ചെയ്തിട്ടുണ്ടോ? ഇനിയുള്ള ജീവിതം എങ്ങനെയാകുമെന്നാണു നിങ്ങൾ കരുതുന്നത്?

ദാനിയേലിനുസമമായ സാഹചര്യങ്ങൾ (അതേ ഭീകരതയോടുകൂടിയതല്ലെങ്കിലും) നിങ്ങളുടെ ജീവിതത്തിലുമുണ്ടായിട്ടുണ്ടെങ്കിൽ അവ എഴുതിവച്ചു പങ്കുവയ്ക്കുക. ഭാവിയിൽ അതു വരുമെന്നു പ്രതീക്ഷിക്കുന്നുവെങ്കിൽ അവയെ എങ്ങനെ നേരിടണമെന്നതാണു നിങ്ങളുടെ വിശ്വാസമെന്നും പങ്കുവയ്ക്കുക.

ദാനിയേലിനും യേശുവിനും ഉണ്ടായതുപോലത്തെ സാഹചര്യങ്ങളെ നേരിടുവാനുള്ള വിശ്വാസം കൈവരിക്കുന്നതെങ്ങനെയെന്ന് മറ്റുള്ളവരെ പഠിപ്പിക്കുകയും പരിശീലിപ്പിക്കുകയും ചെയ്യുക.

പാഠം 29

# ശിക്ഷണം നല്കുകയും വീണ്ടെടുക്കുകയും ചെയ്യുന്ന ദൈവകരം

## യിരമ്യ 25 വായിക്കുക

പലതവണമുന്നറിയിപ്പു ലഭിച്ചതിനുശേഷവും യൂദാ ദേശം ദൈവത്തിനെതിരെ പാപം തുടർന്നു. ഫറവോന്റെ അടിമത്തത്തിൽ നിന്നും തങ്ങളെവിടുവിച്ചു പാലും തേനും ഒഴുകുന്ന ദേശത്തേക്കു കൂട്ടിക്കൊണ്ടുവന്ന ദൈവത്തെ ഉപേക്ഷിച്ചിട്ട് അവർ വിജാതീയ ദൈവങ്ങളുടെ പിറകേകൂടി. ഏശയ്യാവും യിരെമിയാവും ഉൾപ്പെടെയുള്ള പലപ്രവാചകരെയും അയച്ച് പലവർഷങ്ങളോളം പഠിപ്പിച്ചിട്ടും അവർ അവരുടെ ദുഷ്ടത വിട്ടു പിന്മാറുകയോ മാനസാന്തരപ്പെടുകയോ ചെയ്തില്ല. ആകയാൽ ദൈവം അവർക്കെതിരെ തന്റെ വിധി പ്രഖ്യാപിച്ചു. ബാബിലോൺകാർ വന്ന് അവരെ കീഴടക്കി, നാടു നശിപ്പിച്ച്, തടവുകാരാക്കി കൊണ്ടു പോകുമെന്ന്

ദൈവം മുന്നറിയിപ്പു നല്കി. ഏശയ്യാവും യിരെമിയാവും പ്രഖ്യാപിച്ച പ്രവചനങ്ങൾ ബിസി 586ൽ നിറവേറി, ജെറുസലേം ദേവാലയം തകർക്കപ്പെട്ടു, അനേകർ വധിക്കപ്പെട്ടു, രാജ്യത്തെ തടവിലാക്കി ശത്രുദേശത്തേക്കു കൊണ്ടുപോയി. ദൈവം ദയാലുവാണ്, ക്ഷമകാണിക്കുന്നവനാണ് അതേസമയം തന്നെ വിധിയാളനുമാണ്. അവരുടെ പ്രവർത്തികൾക്ക് അർഹമായ ശിക്ഷ ദൈവം അവർക്കു നൽകി. അവരെ സ്ഫുടം ചെയ്ത് അവരുടെ ഹൃദയങ്ങളെ തന്നിലേക്കു തിരിക്കുവാനായിരുന്നു ഈ ശിക്ഷകൾ. എഴുപതുവർഷത്തെ പ്രവാസത്തിനു ശേഷം യുദയാദേശത്തെ വീണ്ടെടുക്കുന്നതിനെക്കുറിച്ചും ദൈവം മുൻകൂട്ടി പറഞ്ഞിരുന്നു.

വാക്യം 11 ഈ ദേശമൊക്കെയും ശൂന്യവും സ്തംഭനഹേതുവുമാകും; ഈ ജനതകൾ ബാബിലോൺ രാജാവിനെ 70 വർഷം സേവിക്കും എന്ന് യഹോവ അരുളിച്ചെയ്യുന്നു.

നാല്പതു വർഷം നീണ്ടതായിരുന്നു യിരെമിയാവിന്റെ ശുശ്രൂഷക്കാലം (ബിസി 626–ബിസി 586). ദൈവം വീണ്ടെടുപ്പിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് അവരോടതു മുൻകൂട്ടി പറയുകയും ചെയ്തു. ഏശയ്യാവാകട്ടെ ഇക്കാര്യങ്ങളെക്കുറിച്ചു ബിസി 700ൽ പ്രവചിച്ചു. (ഏശയ്യാവ് ബിസി 740ൽ തന്റെ പ്രവാചക ദൗത്യം ആരംഭിച്ചു, അടുത്ത 64 വർഷത്തേക്ക് അദ്ദേഹമതു തുടരുകയും ചെയ്തു). ബിസി 536ൽ അവയെല്ലാം നിറവേറി.

ഏശയ്യാ 44:28 കോരെശ് എന്റെ ഇടയനാകുന്നു; അവൻ എന്റെ ഹിതമൊക്കെയും നിവർത്തിക്കുമെന്നും യെരുശലേം പണിയപ്പെടുകയും മന്ദിരത്തിന് അടിസ്ഥാനമിടുകയും ചെയ്യുമെന്നും ഞാൻ കല്പിക്കുന്നു.

ഏശയ്യാ 45:13 ഞാൻ നീതിയിൽ അവനെ ഉണർത്തിയിരിക്കുന്നു; അവന്റെ വഴികളൊക്കെയും ഞാൻ നിരപ്പാക്കും; അവൻ എന്റെ നഗരം പണിയും; വിലയും പ്രതിഫലവും വാങ്ങാതെ അവൻ എന്റെ പ്രവാസികളെ വിട്ടയക്കും എന്ന് സൈന്യങ്ങളുടെ യഹോവ അരുളിച്ചെയ്യുന്നു.

യിരമ്യാ പ്രവാചകനും അവരുടെ പ്രവാസജീവിതത്തിന്റെ അന്ത്യം 70 വർഷങ്ങൾക്കു ശേഷമാണെന്നു പ്രവചിച്ചു.

യിരമ്യ 29:10-14 യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു: ബാബിലോണിലെ 70 വർഷം പൂർത്തിയാക്കിയ ശേഷം ഞാൻ നിങ്ങളെ സന്ദർശിച്ച് ഈ സ്ഥലത്തേക്കു മടക്കിവരുത്തുമെന്ന നിങ്ങളോടുള്ള എന്റെ നല്ല വാഗ്ദത്തം ഞാൻ നിവർത്തിക്കും. 11നിങ്ങൾ പ്രത്യാശിക്കുന്ന സമാപ്തി നിങ്ങൾക്കു നല്കുവാൻ തക്കവണ്ണം ഞാൻ നിങ്ങളെക്കുറിച്ചു നിരൂപിക്കുന്ന പദ്ധതികൾ എന്തെന്ന് ഞാൻ അറിയുന്നു; അവ തിന്മയ്ക്കല്ല നന്മയ്ക്കുള്ള പദ്ധതികളത്രേ എന്ന് യഹോവ അരുളിച്ചെയ്യു



ന്നു. 12അപ്പോൾ നിങ്ങൾ എന്നോടു വിളിച്ചപേക്ഷിക്കും; എന്റെ സന്നിധിയിൽ വന്നു പ്രാർത്ഥിക്കുകയും ഞാൻ നിങ്ങളുടെ പ്രാർത്ഥന കേൾക്കുകയും ചെയ്യും. 13നിങ്ങൾ എന്നെ അന്വേഷിക്കും; പൂർണ്ണഹൃദയത്തോടെ അന്വേഷിക്കുമ്പോൾ നിങ്ങൾ എന്നെ കണ്ടെത്തും. 14നിങ്ങൾ എന്നെ കണ്ടെത്തുവാൻ ഞാൻ ഇടയാക്കും എന്ന് യഹോവ അരുളിച്ചെയ്യുന്നു. ഞാൻ നിങ്ങളുടെ പ്രവാസം മാറ്റും; സകല ജനതകളിൽനിന്നും ഞാൻ നിങ്ങളെ ഓടിച്ചു കളഞ്ഞ സ്ഥലങ്ങളിൽ നിന്നും നിങ്ങളെ ശേഖരിക്കും. നിങ്ങളെ എവിടെനിന്നു തടവുകാരായികൊണ്ടുപോകുവാൻ ഞാൻ ഇടയാക്കിയോ അവിടേക്കു ഞാൻ നിങ്ങളെ മടക്കിവരുത്തും എന്ന് യഹോവ അരുളിച്ചെയ്യുന്നു.

എസ്രാ പുസ്തകത്തിന്റെ ഒന്നാം അദ്ധ്യായത്തിൽ യെരുശലേമിലേക്ക് ദേവാലയപുനർനിർമ്മിതിക്കായി പ്രവാസികളെ കോരെശ് (സൈറസ്) രാജാവ് അയച്ചത് 70 വർഷത്തെ പ്രവാസജീവിതത്തിനുശേഷമാണെന്നു കാണാം. (ആദ്യ തടവുകാരെ ബാബിലോണിലേക്കു കൊണ്ടു പോയ സമയം തൊട്ടാണ് ഈ 70 വർഷം കണക്കു കൂട്ടുന്നത്. ആദ്യ തടവുകാരുടെ കൂട്ടത്തിൽപ്പെട്ടതായിരുന്നു ദാനിയേലും കൂട്ടരും. ഇതു സംഭവിച്ചത് ബിസി 605ലാണ്, എസ്രായുടെ നേതൃത്വത്തിൽ പുനർ നിർമ്മാണത്തിനായി വന്നത് ബിസി 536ലും)

അനുസരണക്കേടിനെ തക്കതായ രീതിയിൽ ശിക്ഷിക്കുന്നയാൾ മാത്രമല്ല ദൈവം, തക്കസമയത്ത് തന്റെ സ്നേഹത്താലും കൃപയാലും വീണ്ടെടുക്കുന്നവനുമാണ്. നമ്മുടെ ദൈവത്തിന്റെ പരമാധികാരവും നമുക്കിവിടെ കാണാം – ദൈവം ലോകത്തിലെ സകലവാഴ്ചകളെയും രാജാക്കന്മാരെയും അവന്റെ പദ്ധതിക്കനുസരിച്ച് തന്റെ ജനതയെ ശാസിക്കാനും ശിക്ഷിക്കാനും പുനരുദ്ധരിക്കാനുമായി ഉപയോഗിക്കുന്നു. ദൈവം തന്റെ വാഗ്ദാനങ്ങളിൽ എത്രമാത്രം വിശ്വസ്തനാണെന്നതും നമുക്കിവിടെ കാണാം – ആരു തടസ്സം നിന്നാലും ദൈവം വാഗ്ദാനങ്ങളിൽ വിശ്വസ്തനും അവയെ നിറവേറ്റുന്നവനുമാണ്.

ശിക്ഷണം നിങ്ങൾക്ക് ഇഷ്ടമാണോ? ദൈവം നല്കിയിട്ടുള്ള ശിക്ഷണങ്ങളോടു നിങ്ങൾ എപ്രകാരമാണു പ്രതികരിച്ചിട്ടുള്ളത്?
പോയ കാലങ്ങളിൽ നിങ്ങൾക്കു ലഭിച്ച ശിക്ഷണങ്ങളെ ഓർക്കുക – അവയിൽ കൂടി കടത്തിവിട്ട് നിങ്ങളെ വീണ്ടെടുത്ത ദൈവ പദ്ധതികളും ഓർക്കുക.

പാഠം 30

# 52 ദിവസം കൊണ്ട് മതിലിന്റെ പണി തീർത്ത ദൈവകരം

## നെഹമ്യാവ് ഒന്നും രണ്ടും അദ്ധ്യായങ്ങൾ വായിക്കുക.

സെരുബാബേലിന്റെയും യോശുവായുടെയും കൂടെ എസ്രാ ജെറുസലേം ദേവാലയം പണിയുവാനായി എത്തിക്കഴിഞ്ഞിരുന്നു. വർഷങ്ങൾക്കു ശേഷം, ഇപ്പോൾ (ബിസി 445ൽ) നെഹമിയാ പേർഷ്യാ രാജാവായ അർത്താസെറെക്സ് രാജാവിന്റെ പാനപാത്രവാഹകനായി വേലചെയ്യുകയായിരുന്നു. ശത്രുക്കൾ രാജാവിന്റെ പാനീയത്തിൽ രഹസ്യമായി വിഷം കലക്കി വധിക്കുന്ന കാലങ്ങളായിരുന്നു അത്. ആകയാൽ പാനപാത്രവാഹകനാകുന്ന വ്യക്തി രാജാവു വിശ്വസ്തനായികണ്ട് പ്രത്യേകമായി തിരഞ്ഞെടുക്കുന്നയാളായിരുന്നു.

> വാക്യം 2:1-3 ...ഞാൻ ഒരിക്കൽ രാജാവിന്റെ മുമ്പാകെ ഇരുന്ന് വീഞ്ഞു രാജാവിനു പകർന്നു കൊടുത്തു; ഞാൻ ഇതിനുമുമ്പ് ഒരിക്കലും അവന്റെ സന്നിധിയിൽ ദുഃഖിതനായിരുന്നിട്ടില്ല. 2രാജാവ് എന്നോട്: നിന്റെ മുഖം വാടിയിരിക്കുന്നത് എന്ത്? നിനക്കു രോഗം ഒന്നും ഇല്ലല്ലോ; ഇതു മനോദുഃഖമല്ലാതെ മറ്റൊന്നുമല്ല എന്നു പറഞ്ഞു. അപ്പോൾ ഞാൻ വളരെയധികം ഭയപ്പെട്ടു. 3ഞാൻ രാജാവിനോട്: രാജാവ് ദീർഘായുസ്സോടിരിക്കട്ടെ; എന്റെ പിതാക്കന്മാരുടെ കല്ലറകളുള്ള പട്ടണം ശൂന്യമായി കിടക്കുന്നു; അതിന്റെ വാതിലുകൾ തീ വച്ചു നശിപ്പിക്കപ്പെട്ടു കിടക്കുമ്പോൾ എന്റെ മുഖം വാടാതിരിക്കുന്നതെങ്ങിനെ? എന്നു പറഞ്ഞു.

ആ പട്ടണത്തിനുവേണ്ടി എന്തുചെയ്യാനാണ് നെഹെമിയ ആഗ്രഹിക്കുന്നതെന്നു രാജാവു ചോദിച്ചു. ഓരോപ്രാവശ്യവും പ്രാർത്ഥനയോടെ രാജാവിനോടു മറുപടിപറയുന്നതായി ഈ വേദഭാഗത്തു കാണുന്നതുപോലെ ഇപ്രാവശ്യവും പ്രാർത്ഥിച്ചുകൊണ്ട് നെഹെമിയ യെരുശലേമിന്റെ ചുറ്റുമതിൽ പണിയണമെന്ന തന്റെ ആഗ്രഹം ഉണർത്തിച്ചു. ഇത്തരമൊരു ആവശ്യം രാജ്യദ്രോഹക്കുറ്റമായിട്ടു കണക്കാക്കാൻ തക്കതാണ്, തലപോകാൻ ഒട്ടും സമയം വേണ്ട. പോയി ചുറ്റുമതിലുകൾ നിർമ്മിക്കാൻ അനുവാദം വേണമെന്ന ആവശ്യം വളരെ അപകടകരമായ ഒരു പടിയായിരുന്നു നെഹെമിയാവിന് – ഏറെ ഭയപ്പെട്ടിട്ടാണെങ്കിലും. രാജാവിന്റെ ഹൃദയം മാറ്റാൻ ദൈവത്തോട് അവൻ യാചിച്ചുകൊണ്ടിരുന്നു.

കൂടുതലായി നെഹെമിയ യൂഫ്രട്ടീസിനക്കരെയുള്ള ഭരണാധികാരികൾക്കു നല്കാനുള്ള എഴുത്തുകളും രാജാവിനോടു ചോദിച്ചു വാങ്ങിച്ചു – യൂദാദേശത്തേക്കുള്ള തന്റെ യാത്ര സുഗമമാകുവാൻ വേണ്ടി. രാജാവിന്റെ വനപാലകനായ ആസാഫിനു നൽകാനും കത്തുവാങ്ങിച്ചു – കോട്ടവാതിലുകൾക്കും, പട്ടണത്തിന്റെ മതിലിനും തനിക്കുപാർക്കാനുള്ള വീടിനും വേണ്ടത്ര മരം ലഭിക്കുവാൻ വേണ്ടി. ദൈവത്തിന്റെ കാരുണ്യമുറ്റ കരം അവന്റെ കൂടെയുണ്ടായതിനാൽ രാജാവ് അവന്റെ അപേക്ഷകൾ മുഴുവൻ സാധിച്ചുകൊടുത്തു. അതുമാത്രമല്ല, തന്റെ വിനീതനായ പാനപാത്രവാഹകന്റെ സുരക്ഷയെ കരുതി രാജാവ് പടനായകരെയും കുതിരച്ചേകവരെയും അവന്റെ കൂടെ പറഞ്ഞുവിട്ടു (വാക്യം 8).



പേർഷ്യൻ മഹാരാജ്യത്തെ രാജാവ് തന്റെ ഭൃത്യന്റെ ആഗ്രഹനിവർത്തിപ്പിനു വേണ്ടി ഇത്രയും ദൂരം പോകാൻ തയ്യാറായി എന്നുള്ളത് ചിന്തിക്കുവാൻപോലും സാദ്ധ്യമായ കാര്യമല്ല. എന്നാൽ ദൈവകരം നമ്മോടൊപ്പമുള്ളപ്പോൾ അസാദ്ധ്യമായത് ഒന്നുമില്ല. ആലോചിച്ചുനോക്കൂ: ദൈവകരം നെഹെമിയാവിന്റെ കൂടെയുണ്ടായിരുന്നത് എന്തുകൊണ്ടാണ്? ദൈവത്തെസംബന്ധിച്ചു പ്രധാനപ്പെട്ട കാര്യമായിരുന്നു നെഹെമിയാവിനെസംബന്ധിച്ചും പ്രധാനപ്പെട്ടത് – ദൈവത്തിന്റെ മഹത്വവും ആദരവും. ദൈവമഹത്വത്തിനായി നാം നമ്മുടെ ഹൃദയത്തെ ഉഴിഞ്ഞുവയ്ക്കുമ്പോൾ ദൈവം തന്റെ അത്ഭുതകരമുപയോഗിച്ച് നാം ഇച്ഛിക്കുന്നതെല്ലാം നമുക്കായി നിറവേറ്റി തരുന്നു. അത്തരം കഥകളാൽ സമ്പുഷ്ടമാണ് ബൈബിൾ.

മൂന്നാം അദ്ധ്യായം മുതൽ നെഹെമിയാവിന്റെ പദ്ധതികളും, അതു നിറവേറ്റാനുള്ള ഒരുക്കവും, വളരെ ഗുരുതരമായ എതിർപ്പുകളും ഭീഷണികളും നേരിട്ടുകൊണ്ടുള്ള പദ്ധതിനിറവേറ്റലും നമുക്കു സാക്ഷീകരിക്കാൻ കഴിയും. ജോലിഭാരം വളരെ വലുതായിരുന്നു, വിദഗ്ദരായ ജോലിക്കാരും കൂടെയില്ലായിരുന്നു, എങ്കിലും അവൻ പലതരം ജോലിക്കാരെയും പലകുടുംബങ്ങളെയും പലഭാഗത്തായി അണിനിരത്തി, അവരെ ഭരമേൽപിച്ച് താൻ വിഭാവനം ചെയ്ത ജോലി പൂർത്തിയാക്കി.

നെഹെമിയാവിന്റെ നിഗമനം നമുക്കു നോക്കാം **6:15–16**ൽ:

> ഇങ്ങനെ 52 ദിവസം കൊണ്ട് എലൂൽ മാസം ഇരുപത്തിയഞ്ചാം തീയതി മതിൽ പണിതുപൂർത്തിയാക്കി. 16ഞങ്ങളുടെ സകല ശത്രുക്കളും ജനതകളും അതുകേട്ടു ഭയപ്പെട്ടു; ഈ പ്രവൃത്തി ഞങ്ങളുടെ ദൈവത്തിന്റെ സഹായത്താൽ സാദ്ധ്യമായി എന്ന് അവർ മനസ്സിലാക്കിയതുകൊണ്ട് അവർ തങ്ങൾക്കുതന്നെ നിസ്സാരന്മാരായി തോന്നി.

ഇത്ര ബൃഹത്തായ ഒരു ചുറ്റുമതിൽ ഇത്രയും ചുരുങ്ങിയ സമയത്തിനുള്ളിൽ (52ദിവസം) ഇതേരീതിയിൽ ചെയ്യുകയെന്നത് മനുഷ്യസമാനമായ കാര്യമല്ല. നെഹെമിയാവിന്റെ ശത്രുക്കൾക്കു പോലും അതു ബോദ്ധ്യമായി. സാധാരണരീതിയിൽ വലിയകാര്യമല്ലെന്നു തോന്നിച്ചേക്കാവുന്ന ഈ പ്രവൃത്തിപോലും അതു നിറവേറ്റപ്പെട്ട രിതിയാൽ ദൈവത്തിനു മഹത്വം കൊണ്ടുവരുന്നതു നമുക്കു കാണാം. ചുറ്റുമുള്ളവർക്കുപോലും ദൈവം തന്റെ ജനത്തിന്റെ കൂടെയുണ്ടെന്നു ബോധ്യമായി, അവർ ഭയന്നുപോയി. ഈജിപ്തിന്റെ അടിമത്തത്തിൽ നിന്നും അവർ കാനാൻ ദേശം കീഴടക്കാൻ വന്ന കാലത്തും ഇതായിരുന്നു സ്ഥിതി –

കടലിനെ വിഭജിച്ചതും, യെരിഹോമതിൽ തകർത്തതുമെല്ലാമായി ഒരു രാക്ഷസ സമാനനും അവരുടെ മുന്നിൽ നില്ക്കാനാവില്ലെന്നു കണ്ടു ചുറ്റുമുള്ളവർ ദൈവ കരത്തെ ഭയപ്പെട്ട അവസ്ഥ. അതേ ദൈവഭയം തന്നെയാണ് ജെറുസലേമിന്റെ മതിലുകൾ പുനഃരുദ്ധരിച്ചതിലൂടെ പുനഃസ്ഥാപിക്കപ്പെട്ടത്.

ദൈവനാമം പുച്ഛിക്കപ്പെടുകയും ദുഷിക്കപ്പെടുകയും ചെയ്യുന്നതു കേൾക്കുമ്പോൾ നിങ്ങൾക്കെന്താണു തോന്നുക? ദുഃഖവും കോപവും ഉണ്ടാകാറുണ്ടോ? ഇല്ലെങ്കിൽ നിങ്ങൾക്കു ദൈവസ്നേഹമില്ല എന്നുതന്നെയാണർത്ഥം.

ദൈവനാമത്തെ മഹത്വപ്പെടുത്താൻ നിങ്ങളാഗ്രഹിക്കുന്നോ? എന്താണ് നിങ്ങളുടെ പദ്ധതി?
ദൈവത്തിന്റെ മഹത്വമേറിയ കരത്തിന്റെ സഹായത്തിനായി നിങ്ങൾ പ്രാർത്ഥിക്കുന്നുണ്ടോ?
2011ൽ ന്യൂയോർക്ക് സഭ ദൈവമഹത്വത്തിനായി ഒരു പദ്ധതി തയ്യാറാക്കി. 100 പേരെ 100 ദിവസത്തിനുള്ളിൽ വീണ്ടുചേർക്കാനോ അല്ലെങ്കിൽ സ്നാനപ്പെടുത്താനോ അവർ ലക്ഷ്യമിട്ടു. ദൈവാനുഗ്രഹത്താൽ 87 പേരെ സ്നാനം കഴിക്കാനും, 16 വിട്ടുപോയവരെ വീണ്ടുചേർക്കാനും അവർക്കു കഴിഞ്ഞു, ആകെ 103 പേർ – അതും 103 ദിവസത്തിൽ.

തൃശ്ശിനാപ്പിള്ളിയിലെ സഭയിൽ വർഷങ്ങളായി മുഴുവൻ സമയ പ്രവർത്തകരില്ല. ആൻഡ്രൂവും റേച്ചലും അവരുടെ ജോലി സംബന്ധിയായി അവിടേക്കു താമസം മാറ്റി. സഭയെ നയിക്കുകയെന്ന ദൗത്യം വിശ്വാസത്തോടും കാര്യഗൗരവത്തോടും കൂടി അവർ ഏറ്റെടുത്തു. ആ സമയത്ത് സഭയിലെ അംഗങ്ങളുടെ എണ്ണം 50 പേരോടടുത്തായിരുന്നു. സഭ 100 പേരായി വളർന്നു ദൈവത്തിനു മഹത്വമുണ്ടാകണമെന്ന് അവർ പ്രാർത്ഥിച്ചു. ഇപ്പോൾ സഭയിൽ 120 പേരോളമുണ്ട്, വളർന്നു കൊണ്ടിരിക്കുന്ന അവിടെ മുഴുവൻ സമയ പ്രവർത്തകർ ആരുമില്ലതാനും. എൻ ഐ ടി പോലുള്ള വിഖ്യാതമായ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾ ഉൾപ്പെടുന്ന ശക്തമായ ഒരു കാംപസ് മിനിസ്ട്രിയും അവർക്കുണ്ട്.
ദൈവകരങ്ങളുടെ ശക്തമായ പ്രവർത്തനം നിങ്ങളുടെ ജീവിതത്തിലും മിനിസ്ട്രിയിലും നടന്നുകാണാൻ നിങ്ങൾക്കും ആഗ്രഹമില്ലേ? അതിനായി നിയുക്തമായി നിശ്ചയിച്ച ലക്ഷ്യങ്ങൾ ആവിഷ്കരിക്കുക, അവ എഴുതിവച്ച് ദൈവത്തിനു മുമ്പിൽ സമർപ്പിച്ചു ദൈവകരത്തിന്റെ പ്രവർത്തനത്താൽ നിറവേറാനായി പ്രാർത്ഥിക്കുക. നെഹെമിയ ചെയ്തതുപോലെ ദൈവം ചെയ്തപ്രവർത്തികളെക്കുറിച്ചു മറ്റുള്ളവരുമായി പങ്കുവയ്ക്കുക – അവരുടെ വിശ്വാസവും കൂടി വളരുവാനായി.



പാഠം 31

# ദൈവകരം – നമ്മുടെ രക്ഷകനായ യേശു

ആവർത്തനം 5:15 നീ മിസ്രയീം ദേശത്ത് അടിമയായിരുന്നുവെന്നും അവിടെ നിന്നു നിന്റെ ദൈവമായ യഹോവ നിന്നെ ബലമുള്ള കൈകൊണ്ടും നീട്ടിയ ഭുജംകൊണ്ടും പുറപ്പെടുവിച്ചുവെന്നും ഓർക്കുക; അതുകൊണ്ട് ശബ്ബത്തുനാൾ ആചരിക്കുവാൻ നിന്റെ ദൈവമായ യഹോവ നിന്നോടു കല്പിച്ചു.

ഇസ്രായേൽ മക്കളോടു തനിക്കുണ്ടായിരുന്ന സ്നേഹത്തിന്റെ ആധിക്യത്താൽ ദൈവം അവരെ ഈജിപ്തിന്റെ അടിമത്തത്തിൽ നിന്നും തന്റെ ശക്തമായ കരത്താലും നീട്ടിയ ഭുജത്താലും വിടുവിച്ചു. ആയിരക്കണക്കിനു വർഷം മുൻപാണ് നമ്മുടെ ദൈവം ഇതുചെയ്തത്, എന്നിരുന്നാലും അവന്റെ ഹൃദയം അന്നും ഇന്നും ഒരുപോലാണ്. തന്റെ കുഞ്ഞിനെ ആപൽഘട്ടങ്ങളിൽ വലതുകരം നീട്ടി രക്ഷിക്കുന്ന ഒരു പിതാവിനെപ്പോലെ നമ്മുടെ സ്വർഗ്ഗീയ പിതാവായ ദൈവം ആവശ്യനേരങ്ങളിൽ നമ്മെ രക്ഷിക്കാനായും തന്റെ കരം നീട്ടുന്നു. അന്നു ദൈവം ചെയ്തത് പിന്നീടുള്ള കാലങ്ങളിൽ താൻ ചെയ്യാനുദ്ദേശിക്കുന്ന കാര്യങ്ങളുടെ മുൻസൂചനയായിരുന്നു.

മനുഷ്യവർഗ്ഗം പാപത്തിന്റെ അടിമത്തത്തിൽ അകപ്പെട്ടു പോയിരുന്നു. ഫറവോന്റെ കീഴിലുള്ള അടിമത്തത്തേക്കാൾ കഷ്ടതരമായ അവസ്ഥയായിരുന്നു ഇത്. നരകത്തിലെ നിത്യയാതനയിലേക്കു നമ്മെ തള്ളിവിടുന്ന ക്രൂരമായ അടിമത്തമായിരുന്നു ഇത്. ഇതിനുത്തരവാദികൾ പൂർണ്ണമായും നമ്മൾ തന്നെയായിരുന്നെങ്കിലും, കൃപാപൂർണ്ണനായ നമ്മുടെ പിതാവിന് നമ്മെ നാശത്തിനായി വിട്ടുകൊടുക്കാൻ മനസ്സില്ലായിരുന്നു. പാപത്തിന്റെ അടിമത്തിൽ നിന്നും മനുഷ്യവർഗ്ഗത്തെ രക്ഷിക്കാനുള്ള തന്റെ പദ്ധതി ദൈവം പലപ്രവാചകരിലൂടെയും ദൈവപുരുഷൻമാരിലൂടെയും വെളിപ്പെടുത്തിക്കൊണ്ടിരുന്നു. ദൈവത്തിന്റെ ആ രക്ഷാകരപദ്ധതിയെക്കുറിച്ചു ദീർഘദർനം നടത്തിയ പ്രവാചകരിലൊളായിരുന്നു യെശയ്യാവ്.

യെശയ്യാവ് 52, 53 അദ്ധ്യായങ്ങൾ വായിക്കുക.

ദൈവകരത്തെക്കുറിച്ചു പ്രവാചകൻ പലതവണസംസാരിക്കുന്നതു നമുക്കുകാണാം – ദൈവത്തിനുവേണ്ടി ഭരണം നടത്തുന്ന കരം (40:10), വിജാതീയർക്കു നീതികൊണ്ടുവരുന്ന ദൈവകരം (51:4–5), വീണ്ടെടുപ്പുനടത്തുന്ന ദൈവകരം (51:9–10), രക്ഷ നൽകുന്ന ദൈവകരം (52:10).

യെശയ്യാവ് 52:10 സകല ജനതകളും കാൺകെ യഹോവ തന്റെ വിശുദ്ധ ഭുജം നഗ്നമാക്കിയിരിക്കുന്നു; ഭൂമിയുടെ അറ്റങ്ങളൊക്കെയും നമ്മുടെ ദൈവ ത്തിന്റെ രക്ഷ കാണും.

മുകളിൽ വായിച്ച രണ്ട് അദ്ധ്യായങ്ങളിലൂടെ, ദൈവത്തിന്റെ കരമാണു രക്ഷക നായ മിശിഹായെന്നു നമുക്കു കാണാൻ കഴിയും. (യോഹന്നാൻ 12:37-38)

കുറേവർഷങ്ങൾക്കുമുൻപ് ഒരുതോണിയാത്രയ്ക്കിടയിൽ ഞാൻ നദിയിലേക്കു വീണുപോയ ഒരു സംഭവം എനിക്കോർമ്മയുണ്ട്. നീന്താൻ അറിയാത്തവനായിരുന്ന ഞാൻ നദിയുടെ ആഴത്തിലേക്കു കൂപ്പുകുത്തിക്കൊണ്ടിരുക്കുകയായിരുന്നു. നീട്ടിപ്പിടിച്ച ഒരു കരം എന്നിലേക്കുവരുന്നതു കണ്ട ഞാൻ ഇതാണ് എന്റെ അവസാനത്തെ അവസരമെന്നുള്ള തോന്നലിൽ അതിൽ മുറുകെപ്പിടിച്ചു - ആരുടെ കയ്യാണ് അതെന്നുള്ളതിനെക്കുറിച്ച് ഒരു ധാരണയും എനിക്കില്ലായിരുന്നു. ഞാൻ മുങ്ങിത്താഴുന്നതുകണ്ടു വെള്ളത്തിലേക്കെടുത്തു ചാടിയ എന്റെ ഒരു കസിൻ നീട്ടിയ കരമായിരുന്നു അതെന്ന് തോണിയിൽ തിരിച്ചുപിടിച്ചിട്ടപ്പോഴാണ് എനിക്കുമനസ്സിലായത്. അവനിലൂടെ എന്റെ ജീവൻ രക്ഷിക്കാനായി എന്നിലേക്കു നീട്ടിയ ദൈവകരത്തോടു ഞാൻ ജീവിതകാലം മുഴുവൻ നന്ദിയുള്ളവനാണ്.

പാപക്കടലിൽ നാം മുങ്ങിത്താഴുമ്പോൾ നമ്മെരക്ഷിക്കുവാനായി സ്വർഗ്ഗീയനായ നമ്മുടെ പിതാവു തന്റെ വലംകൈ നമുക്കുനേരേനീട്ടുന്ന സുന്ദരമായ വാങ്മയചിത്രം ഏശയാവു വരച്ചുകാട്ടുന്നു. സ്നേഹമസൃണമായ ആ ഉരുക്കു കരം നമ്മുടെ രക്ഷകനായ ക്രിസ്തുയേശുതന്നെയാണ്. യേശു ഭൂജാതനാകുന്നതിന് 700 വർഷങ്ങൾക്കുമുമ്പുതന്നെ ഏശയ്യ ഇക്കാര്യങ്ങളെക്കുറിച്ചു പ്രവചിച്ചിരിക്കുന്നു. നമ്മുടെ രക്ഷയ്ക്കായി, ദൈവകരമായ ക്രിസ്തു സഹിക്കേണ്ടിയിരുന്ന പീഠനപർവ്വത്തെക്കുറിച്ച് ഏശയ്യാവിന്റെ അൻപത്തിമൂന്നാം അദ്ധ്യായം വിവരിക്കുന്നു.

വാ 4-6 നിശ്ചയമായും നമ്മുടെ രോഗങ്ങൾ അവൻ വഹിച്ചു; നമ്മുടെ വേദനകൾ അവൻ ചുമന്നു; നാമോ, ദൈവം അവനെ ശിക്ഷിക്കുകയും അടിക്കുകയും പീഡിപ്പിക്കുകയും ചെയ്തിരിത്തുന്നുവെന്നു വിചാരിച്ചു. 5എന്നാൽ അവൻ നമ്മുടെ അതിക്രമങ്ങൾ നിമിത്തം മുറിവേറ്റും നമ്മുടെ അകൃത്യങ്ങൾ നിമിത്തം തകർന്നുമിരിക്കുന്നു; നമ്മുടെ സമാധാനത്തിനായുള്ള ശിക്ഷ അവന്റെ മേൽ ആയി; അവന്റെ അടിപ്പിണരുകളാൽ നാം സൗഖ്യം പ്രാപിച്ചിരിക്കുന്നു. 6നാം എല്ലാവരും ആടുകളെപ്പോലെ വഴിതെറ്റിപ്പോയിരുന്നു; നാം ഓരോരുത്തനും അവനവന്റെ വഴിയിലേക്കു തിരിഞ്ഞിരുന്നു; എന്നാൽ യഹോവ നമ്മുടെ എല്ലാവരുടെയും അകൃത്യം അവന്റെമേൽ ചുമത്തി.

നമ്മെ സഹനത്തിൽ നിന്നു രക്ഷിക്കുന്നതിനായി ദൈവം നീട്ടിയ കരമാണ് യേശുവെന്ന് അവന്റെ സഹനങ്ങളെക്കുറിച്ചു ഗ്രഹിക്കാൻ നമുക്കു കഴിയുന്നുണ്ടോ?



നമുക്കുവേണ്ടി അവൻ സഹിച്ച ഭീകരതകൾക്കു നിങ്ങൾ കൃതജ്ഞതയുള്ളവരാണോ?

ഈ അദ്ധ്യായങ്ങളിലെ വചനങ്ങളിലൂടെ ധ്യാനിച്ചുകൊണ്ട് അവയിലൂടെ പ്രാർത്ഥിക്കുക, ദൈവസ്നേഹത്തെ അനുഭവിക്കുക, അതിൽ ആനന്ദിക്കുക.

നിങ്ങളിലേക്കു നീട്ടിയ ദൈവകരത്തെക്കുറിച്ചു ശിഷ്യനല്ലാത്ത ഒരാളുമായി പങ്കുവയ്ക്കുക.

പാഠം 32

# നീതിയുടെ കിരീടം അണിയിക്കുന്ന ദൈവകരം.

അപ്പ 9:1-31 വായിക്കുക

തർസോസുകാരനായ ശൗൽ സഭയെ തുടച്ചുനീക്കാനായി ഒരുമ്പെട്ടിറങ്ങിയ ഒരുവനായിരുന്നു. അവനുമുമ്പിൽ പ്രത്യക്ഷനായ യേശു അവന്റെ ഹൃദയം തന്നിലേക്കു തിരിച്ചു. പ്രവാചകർ സംസാരിച്ച മിശിഹായാണ് യേശു എന്നു മനസ്സിലാക്കിയ പൗലോസ് താൻ ഒരിക്കൽ വെറുത്തിരുന്ന യേശുവിനുവേണ്ടി ഉടനെ തന്നെ പൂർണ്ണശക്തിയോടെ പ്രസംഗിക്കാനാരംഭിച്ചു. ആയിരക്കണക്കിനു യഹൂദരുടെയും വിജാതീയരുടെയും ഹൃദയങ്ങളെ യേശുവിലേക്കു തിരിക്കാൻ തക്ക കെൽപ്പുള്ള വലിയ അപ്പസ്തോലനും ദൗത്യവാഹകനുമായി ദൈവം അവനെ ഉപയോഗിച്ചു.

തന്റെ ജീവിതം ഇത്രമാത്രം മാറുവാനുള്ള കാരണത്തെക്കുറിച്ച് പൗലോസ് പിന്നീടു സംസാരിച്ചു:

2 കൊരിന്ത്യർ 5:14-15 ക്രിസ്തുവിന്റെ സ്നേഹം ഞങ്ങളെ നിർബ്ബന്ധിക്കുന്നു; എല്ലാവർക്കും വേണ്ടി ഒരുവൻ മരിച്ചുവെന്നും അതുകൊണ്ട് എല്ലാവരും മരിച്ചുവെന്നും ഞങ്ങൾക്കുബോധ്യമുണ്ട്. 15ജീവിക്കുന്നവർ ഇനി തങ്ങൾക്കായിട്ടല്ല, തങ്ങൾക്കുവേണ്ടി മരിച്ച് ഉയിർത്തെഴുന്നേറ്റവനായിട്ടുതന്നെ ജീവിക്കേണ്ടതിന് അവൻ എല്ലാവർക്കുംവേണ്ടി മരിച്ചു.

യേശുവിന്റെ സ്നേഹത്തെക്കുറിച്ചു പൂർണ്ണബോധ്യവും ഉറപ്പുമുള്ളവനും ആ സ്നേഹത്താൽ നിർബന്ധിക്കപ്പെടുന്നവനുമായിത്തീർന്ന പൗലോസ്, തനിക്കുവേണ്ടി ജീവിച്ചുമരിച്ച കർത്താവായ യേശുവിനുവേണ്ടി തന്റെ ശിഷ്ടജീവിതകാലം മുഴുവൻ ജീവിച്ചു - തനിക്കുവേണ്ടി ജീവിക്കാതെ.

നിങ്ങളുടെ ജീവിതത്തിലേക്ക് ഒന്നു നോക്കുക; നിങ്ങളുടെ ജീവിതം യേശുവിന്റെ സ്നേഹത്താൽ നിയന്ത്രിക്കപ്പെടുന്ന ഒന്നാണോ?

അതുമനസ്സിലാക്കിയെടുക്കാനുള്ള ഒരു പരീക്ഷയെന്തെന്നാൽ, ഏതൊക്കെകാര്യത്തിലാണു നിങ്ങൾ നിങ്ങൾക്കായി ജീവിക്കുന്നതെന്നു പരിശോധിക്കുകയെന്നതാണ്. ക്രിസ്തുവിന്റെ സ്നേഹത്താൽ പ്രചോദിതമായ ഒരു ആത്മാവ് ഒരേ ഒരു മുദ്രാവാക്യത്തിലായിരിക്കും ജീവിതം ചിട്ടപ്പെടുത്തുന്നത് – ദൈവത്തിൽ നിന്നുള്ള പ്രീതി.

> 2 കൊരിന്ത്യർ 5:9 അതുകൊണ്ട് ശരീരത്തിൽ വസിച്ചാലും ശരീരം വിട്ടാലും അവനെ പ്രസാദിപ്പിക്കുകയാണ് ഞങ്ങളുടെ ലക്ഷ്യം

തന്റെ ജീവിതാവസാനമായപ്പോഴേക്കും വിശ്വാസത്തിൽ തന്റെ പുത്രനായ തിമോത്തിയോസിന് അദ്ദേഹം എഴുതിയതു നോക്കുക:

> 2 തിമോത്തി 4:6-8 ഞാനോ ഇപ്പോൾത്തന്നെ പാനീയയാഗമായി ഒഴിക്കപ്പെടാൻ പോകുന്നു; എന്റെ നിര്യാണകാലം അടുത്തിരിക്കുന്നു. 7ഞാൻ നല്ല പോർ പൊരുതി; ഓട്ടം തികച്ചു; വിശ്വാസം കാത്തു; 8ഇനി നീതിയുടെ കിരീടം എനിക്കായി വച്ചിരിക്കുന്നു; അതു നീതിയുള്ള ന്യായാധിപതിയായ കർത്താവ് ആ ദിവസത്തിൽ എനിക്കു നൽകും; എനിക്കുമാത്രമല്ല, അവന്റെ പ്രത്യക്ഷതയ്ക്കായി കാംക്ഷിച്ച ഏവർക്കുംതന്നെ.

താൻ എന്തു പ്രേരണയാൽ ജീവിച്ചു എന്നും, എന്തു ലക്ഷ്യം മുൻ നിറുത്തി ജീവിച്ചുവെന്നും പൗലോസിവിടെ വ്യക്തമാക്കുന്നു.

നമ്മുടെ രക്ഷകൻ നമുക്കായി തന്റെ ജീവൻ വച്ചതിനെക്കുറിച്ചു കഴിഞ്ഞ ദിവസത്തിലെ പാഠത്തിൽ നാം പഠിച്ചു. യേശുവിനെ പിന്തുടരുന്ന നാമോരോരുത്തനും ക്രിസ്തുവിന്റെ അതേമനോഭാവം ഉൾക്കൊള്ളുന്നവനും അവനെ അനുകരിച്ച് മറ്റുള്ളവരുടെ ആത്മാക്കളെ ശുശ്രൂഷിക്കുന്നതിനുവേണ്ടി ജീവിതം ഉഴിഞ്ഞുവച്ചു ജീവിക്കുന്നവനുമാകണം.

ഒരു പാനീയയാഗമായി തന്റെ ജീവിതത്തെ ഒഴുക്കി സമർപ്പിച്ചുവെന്നു പൗലോസ് പറയുന്നു. പഴയനിയമകാലത്തു പുരോഹിതർ പാനീയയാഗമർപ്പിക്കുമ്പോൾ പാനീയമടങ്ങിയ പാത്രത്തിൽ ഒന്നും ശേഷിക്കാതെ അവസാനത്തെത്തുള്ളിവരെ ബലിപീഠത്തിൽ ഒഴുക്കും. തന്റെ ജീവിതസമർപ്പണത്തെക്കുറിച്ചു പൗലോസ് സംസാരിച്ചപ്പോൾ തന്റെ മനസ്സിലുണ്ടായിരുന്നതും ഇതേ ദൃശ്യമാണ്.

നാം അവന്റെ ശത്രുവായിട്ടു ജീവിച്ചിട്ടുകൂടി യേശു തന്റെ ജീവിതം നമുക്കായി ഹോമിച്ചു. യേശുവിന്റെ ആ സ്നേഹത്തിനു പകരമായി പൗലോസ് തന്റെ ജീവിതം മറ്റുള്ളവർക്കായി ഉഴിഞ്ഞു വച്ചു.



അനേകം ആളുകളുടെ പ്രിയപ്പെട്ടവചനമായി അവർ ഹൃദിസ്ഥമാക്കുന്ന വേദവാക്യമാണ്–

> യോഹന്നാൻ 3:16 തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് അവനെ നൽകുവാൻ തക്കവണ്ണം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു.

നമുക്കു മനപാഠമാക്കുവാനും ആശ്രയംവയ്ക്കുവാനും പറ്റുന്ന മഹത്തായ ഒരു വചനമാണിത്. യേശു നമുക്കായി എന്തുചെയ്തുവെന്നും, അവനിലൂടെ നമുക്കു രക്ഷകൈവരുന്നുവെന്നുള്ള പ്രത്യാശയും നമുക്കീവചനം ഉറപ്പുനൽകുന്നു. ഈ സ്നേഹത്തിനും, നിത്യജീവന്റെ ഈ സമ്മാനത്തിനും പകരമായി യേശുവിനു നൽകാൻ നമ്മുടെ പക്കൽ എന്താണുള്ളത്? നമ്മുടെ പ്രതികരണമെന്താണ്?

ഈ സുവിശേഷമെഴുതിയ അപ്പസ്തോലനായ യോഹന്നാൻ തന്റെ ലേഖനത്തിൽ ഇതിനുള്ള പ്രതികരണം നൽകുന്നു:

> 1 യോഹന്നാൻ 3:16 അവൻ നമുക്കുവേണ്ടി സ്വജീവൻ അർപ്പിച്ചിരിക്കുന്നതിനാൽ സ്നേഹം എന്തെന്ന് നാം മനസ്സിലാക്കുന്നു; നാമും സഹോദരന്മാർക്കുവേണ്ടി ജീവൻ അർപ്പിക്കേണ്ടതാണ്.

നിങ്ങൾക്ക് ഏറ്റവും പ്രിയപ്പെട്ട വേദഭാഗം ഇതാണ് എന്നു പറയാൻ നിങ്ങൾക്കാകുമോ? നിങ്ങളുടെ ജീവിതം നൽകുന്ന സൂചന ഇതാണോ? സത്യമായ സ്നേഹം നിങ്ങൾ മനസ്സിലാക്കിയതും അനുഭവിച്ചതും ഓർമ്മയിലുണ്ടോ? അത് യേശുവിൽ നിന്നുമാത്രമായിരുന്നില്ലേ? ക്രൂശിന്റെ സന്ദേശം എന്തായിരുന്നു? നമുക്കു രക്ഷനല്കാനായി യേശു തന്റെ ജീവൻ ത്യജിച്ചതുപോലെ നാമും മറ്റുള്ളവർക്കായി ജീവനെ ഉഴിഞ്ഞുവയ്ക്കണം. മുഴുവൻ അപ്പസ്തോലരുടെയും ജീവിതമിതായിരുന്നു. യേശുവിനോടുള്ള സ്നേഹത്തെപ്രതി എവിടെയും പോകാനും, എന്തും ചെയ്യാനും, എല്ലാം ഉപേക്ഷിക്കാനും അവർ തയ്യാറായി.

നിങ്ങളുടെ ജീവിതം യഥാർത്ഥത്തിൽ ഇപ്പോൾ എപ്രകാരമാണ്? ഒരു പാനീയയാഗമായി നിങ്ങൾ അതിനെ ഒഴുക്കുന്നുണ്ടോ? പോയ മാസത്തിൽ നിങ്ങളുടെ വിശ്വാസം പങ്കുവയ്ക്കൽ ഏതുരീതിയിലായിരുന്നു? മുഴുവൻ ഹൃദയവും നല്കാൻ നിങ്ങൾക്കു കഴിഞ്ഞുവോ? ഇനിയുള്ള മാസങ്ങളും വർഷങ്ങളും എപ്രകാരം ജീവിക്കാനാണ് നിങ്ങൾ പദ്ധതിയിടുന്നത്?
അതോ സഭയ്ക്കായി എന്തെങ്കിലും ഉത്തരവാദത്തമെടുക്കാനോ, ആരോടെങ്കിലും വിശ്വാസം പങ്കുവയ്ക്കുവാനോ, ആർക്കെങ്കിലും ശിഷ്യത്വം നൽകുവാനോ, ആരെയെങ്കിലും കരുതുവാനോ ഒക്കെയുള്ള കാര്യം വരുമ്പോൾ നമ്മുടെ സമയമില്ലായ്മയെക്കുറിച്ചു വാചാലരാകുമോ?

ഇതുപോലെ സമർപ്പിതമായ ഒരു ജീവിതത്തിനു പ്രതിഫലമായി ദൈവത്തിന്റെ പക്കൽ നിന്നും എന്തു ലഭിക്കുമെന്നാണ് പൗലോസ് വിശ്വസിക്കുന്നത്?

2 തിമോത്തി 4:8 ഇനി നീതിയുടെ കിരീടം എനിക്കായി വച്ചിരിക്കുന്നു; അതു നീതിയുള്ള ന്യായാധിപതിയായ കർത്താവ് ആ ദിവസത്തിൽ എനിക്കു നൽകും; എനിക്കുമാത്രമല്ല, അവന്റെ പ്രത്യക്ഷതയ്ക്കായി കാംക്ഷിച്ച ഏവർക്കും തന്നെ.

നീതിയുടെ കിരീടം ഒരുക്കി സ്വർഗ്ഗത്തിൽ യേശു തനിക്കായി കാത്തിരിക്കുന്നുവെന്ന് പൗലോസിനുറപ്പായിരുന്നു. അവന്റെ ആഗമനത്തിനായി കാത്തിരിക്കുന്ന ഏവനും ആ കിരീടം നൽകുവാനായി യേശു കാത്തിരിക്കുന്നുവെന്നും പൗലോസിനുറപ്പായിരുന്നു.
ആ കിരീടം നിങ്ങൾക്കും ലഭിക്കണമോ? ദൈവകരം നൽകുന്ന ആ കിരീടത്തിനായി നാം എന്തു ചെയ്യേണ്ടതുണ്ട്?

ഈ ലോകത്തിൽ അനേകർ യേശുവിൽ വിശ്വസിക്കുന്നവരായുണ്ട് - എന്നാൽ അവനുവേണ്ടി കാത്തിരിക്കുന്നവർ അനേകരില്ല. നിങ്ങൾ ഏതു ഗണത്തിൽ ഉൾപ്പെടും? ഇഷ്ടപുരുഷനുമായി കല്യാണനിശ്ചയം കഴിഞ്ഞ് അവനുമായി ചേർന്നു ജീവിക്കാനായി ദിനങ്ങൾ എണ്ണിനോക്കിയിരിക്കുന്ന ഒരു പെൺകുട്ടിയെപ്പോലെ യേശുവിനെ സ്നേഹിച്ച് അവനായി ഒരുങ്ങി കാത്തിരിക്കുക എന്നതാണ് ഇതിനർത്ഥം. യേശുവുമായി നമുക്കുള്ള ബന്ധത്തെ മണവാളനും മണവാട്ടിയും തമ്മിലുള്ള ബന്ധത്തോടു ബൈബിൾ സാദൃശം പറയുന്നത് ഇതിനാലാണ്. സ്നാനത്തിലൂടെ നാം യേശുവുമായി വിവാഹനിശ്ചയം കഴിഞ്ഞവരായി. വിവാഹമോ ഇനിയും നടക്കാനിരിക്കുന്നതേയുള്ളൂ.

വെളിപാട് 19:6-8 അപ്പോൾ വലിയ പുരുഷാരത്തിന്റെ ഘോഷം പോലെയും പെരുവെള്ളത്തിന്റെ ഇരച്ചിൽപോലെയും തകർത്ത ഇടിമുഴക്കംപോലെയും ഞാൻ കേട്ടത്; ഹല്ലേലൂയാ! സർവ്വശക്തിയുള്ള നമ്മുടെ ദൈവമായ കർത്താവ് രാജത്വം ഏറ്റിരിക്കുന്നു. 7നാം സന്തോഷിച്ച് ഉല്ലസിച്ച് അവനു മഹത്വം കൊടുക്കുക; കുഞ്ഞാടിന്റെ കല്യാണം വന്നുവല്ലോ; അവന്റെ കാന്തയും തന്നെത്താൻ ഒരുക്കിയിരിക്കുന്നു. 8അവൾക്കു ശുദ്ധവും ശുഭ്രവുമായ വിശേഷവസ്ത്രം ധരിക്കുവാൻ കൃപ ലഭിച്ചിരിക്കുന്നു; ആ വിശേഷവസ്ത്രം വിശുദ്ധന്മാരുടെ നീതിപ്രവൃത്തികൾ തന്നെ.

ന്യായവിധി ദിവസത്തിൽ യേശു തിരികെവരുമ്പോൾ കുഞ്ഞാടിന്റെ കല്യാണം നടക്കും. രാജാധിരാജനുവേണ്ടി ഒരുക്കപ്പെട്ട ഒരുമണവാട്ടിയായി നമ്മെത്തന്നെ കാത്തുസൂക്ഷിച്ചു യോഗ്യതയോടെ കഴിയുകയെന്നതാണ് അതുവരെ നമ്മുടെ ഉത്തരവാദത്തം.

നിങ്ങൾ അങ്ങനെ നിങ്ങളെത്തന്നെ ഒരുക്കുന്നുണ്ടോ? അവന്റെ വരവിനായി തങ്ങളെത്തന്നെ ഒരുക്കി കാത്തിരിക്കുന്നവർക്കുമാത്രമാണ് രക്ഷ/സ്വർഗ്ഗം ലഭിക്കുന്നത്. എബ്രായർ 9:27-28 വചനങ്ങളിലും നമുക്ക് ഈ സന്ദേശം കാണാം.



സ്വർഗ്ഗത്തിൽ നമുക്കായി ഒരു സ്ഥലവും നീതിയുടെ കിരീടവുമൊരുക്കി യേശു നമുക്കായി കാത്തിരിക്കുന്നുവെന്ന കാര്യം നമുക്കോർക്കാം. അതു കിട്ടാനുള്ള അവസം നമുക്കു നഷ്ടപ്പെടുത്താതിരിക്കാം. പകരം ഏറ്റവും അതിശയകരമായ ആ അനുഗ്രഹം പ്രാപിക്കുന്നതിനായി നമുക്കു യഥാർത്ഥവും ആത്മാർത്ഥവും മുഴുഹൃദയത്തോടുമുള്ള സ്നേഹത്തോടും, ആസ്നേഹം പ്രകടിപ്പിക്കുന്ന പാനീയയാഗമായി നമ്മുടെ ജീവിതം സമർപ്പിച്ചും കൊണ്ട്, ജീവിതകാലം മുഴുവൻ പൂർണ്ണമായും നമ്മുടെ രക്ഷകനായ യേശുവിനുവേണ്ടി ജീവിച്ചു തീക്ഷ്ണതയോടെ അവനെ നോക്കിപ്പാർത്തിരിക്കാം. യേശുവിന്റെ വരവ് എപ്പോൾ വേണമെങ്കിലും ആകാമെന്നും ആ വരവിൽ അവനെ പ്രസാദിപ്പിക്കുന്നവനായി കാണപ്പെടണമെന്നുമുള്ള ചിന്ത നമ്മിൽ എപ്പോഴുമുണ്ടാകട്ടെ.

നമുക്കുചുറ്റുമുള്ളവരെയും ആ ദിനത്തിനായും ആ കിരീടധാരണത്തിനായും ഒരുക്കാം.

നീതിയുടെ കിരീടം ലഭിക്കത്തക്കവിധം യേശുവിനെ പ്രീതിപ്പെടുത്തി ജീവിക്കുവാനായി ഏതൊക്കെ രീതിയിൽ നിങ്ങൾക്ക് ഒരുങ്ങേണ്ടിയിരിക്കുവെന്നും അതിനായി ഏന്തൊക്കെ ചെയ്യേണ്ടിയിരിക്കുന്നുവെന്നും ചിന്തിച്ചു, അവ പ്രവർത്തിക്കുന്നതിനായി ഒരു പട്ടിക താഴെ എഴുതി ജീവിതത്തിൽ പാലിക്കുക

1.

2.

3.